
Kanchipuram Pallava Murals
Vishnu
Shiva


Kalinga
Chalukya
Vengi
വെങ്കി
വനവാസി
Pallava Empire of Dravida
Bay
of
Bengal
പാലക്കാട്
കാഞ്ചി
Kongu Nadu
Thanjavur
Madurai
Naka Nadu
Indian Ocean

Lectures on Indian History

Dr Suvarna Nalapat Trust

Cover page: Kancheepuram Murals and Pallava empire

Below Sculpture of Mahendravaman in Mamandoor temple.



Contents

കരവേലന്റെ ഹാത്തിഗുംഫാലിഖിതം.

ഖരവേലനാണോ കരവേലനാണോ രാജനാമം. ആ ചോദ്യം നിലനിൽക്കേ നമുക്ക് നോക്കേണ്ടത് ഉദയഗിരി കുമാരിമലയിലെ ലിഖിതത്തിലെ 16ആം വരിയിലെ മുരിയകുലേ എന്ന വാക്കിനെ പറ്റിയാണ്. ജയ്സ്വാളിന്റെ അഭിപ്രായം അത് മതപരമാണെന്നാണ്. ഖരവേലൻ ജൈനനായിരുന്നുവോ. 8ആം വർഷം ഗോവർദ്ധനഗിരി ആക്രമിച്ച അദ്ദേഹത്തിന് ബാറാബർ ഗുഹയിലെ അശോകന്റെ ലിഖിതങ്ങൾ അറിയുമായിരുന്നില്ലേ. ചന്ദ്രഗുപ്തൻ ജൈനനും പൌത്രൻ ബൌദ്ധനുമായിരുന്നു എന്നത് അറിയുമായിരുന്നില്ലേ. നന്ദന്റെ മഗധയിലെ കലിംഗജൈനനെന്ന സന്നിവേശം (പ്രതിമ) ഖരവേലൻ പാടലീപുത്രത്തിലേക്ക് എന്തിന് എടുത്തുകൊണ്ടുപോയി. ജൈസ്വാളിന്റെ അഭിപ്രായം നന്ദൻ ജൈനനായിരുന്നു എന്നും അതിനാൽ വിഗ്രഹം എടുത്തത് വ്ജയചിഹ്നം മാത്രമാണെന്നും അത് പതിവാണെന്നുമാണ്. എന്നാലിപ്രകാരം ചരിത്രത്തിൽ ഒരിക്കലും സംഭവിച്ചതായി കാണുന്നില്ല. ഒരു ദേവാലയത്തിലേയും വിഗ്രഹം മാറ്റുന്നത് അതിനോടുള്ള ആദരവല്ല, അതിന്റെ പവിത്രതയെ ചോദ്യം ചെയ്യലാണ്. സ്കന്ധഗുപ്തന്റെ ഭിട്ടാരി ശിലാസ്തംഭലിഖിതം പറയുന്നു:- പ്രതിമാ കാചിത്പ്രതിമാം തസ്യ സാരിംഗിനാഃ സു-പ്രതീതശ്ചകാരേമാം യാവദാചന്ദ്രതാരകം. ആചന്ദ്രതാരം നില നിൽക്കേണ്ടവയാണ് അവ. മിഹിരകുലന്റെ

ഗ്വാളിയോർ ശിലാലിഖിതം വരി 8-9 യാവച്ചർവ്വ ജടാകലാപഗഹനേ വിദ്യോദതേ ചന്ദ്രമാ ..താവദ് ഗിരിമൂർദ്ധ്നി തിഷ്ഠതി സിതാപ്രസാദമുഖ്യോ രമേ.

ത്രിവിക്രമസൂരിയുടെ പ്രതിഷ്ഠാപദ്ധതി, രഘുനന്ദനന്റെ പ്രതിഷ്ഠാതത്വം , നീലകണ്ഠന്റെ പ്രതിഷ്ഠാമയൂഖം, ഗാഗാഭട്ടന്റെ പൂർത്തദിനകരോദ്യോതം ഇവയിലും ക്ഷേത്രപര്തിഷ്ഠയുടെ ഈ പ്രത്യേകത പറയുന്നുണ്ട്. ചിലപ്പോൾ അവിചാരിതമായ കാരണങ്ങളാലോ പ്രതിമയുടെ രക്ഷക്കോ വേണ്ടി അവയെ മാറ്റി പ്രതിഷ്ഠിക്കേണ്ടിവരാം. എന്നാലും അവയെ വിജയചിഹ്നമായി മറ്റൊരിടത്തേക്ക് കൊണ്ടുപോവുക എന്നത് ഒരു വിശ്വാസി ഒരിക്കലും ചെയ്യുകയില്ല. ഖരവേലൻ ജൈനവിശ്വാസിയായിരുന്നു എന്ന് സമർത്ഥിക്കുന്നവർ തന്നെ ഇപ്രകാരം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട് എന്നും സമർത്ഥിക്കുന്നത് അതിലെന്തോ പന്തികേടുണ്ടെന്ന് സൂചിപ്പിക്കുന്നു. ശശാങ്കരാജാ ഗയയിലെ ബോധിവൃക്ഷം മുറിച്ചപ്പോൾ നശിപ്പിക്കാൻ മോഹിച്ചു. പ്രതിമ ഇഷ്ടികച്ചുമരിനു പിന്നിലാണ് ഒളിപ്പിച്ചത്. രാജാവിന്റെ ശരീരം നിറയെ വ്രണം വന്ന് പുഴുത്ത് മരണം പ്രാപിച്ചത് ആ മോഹം വന്നതിനാലാണെന്ന് വിശ്വസിക്കുന്നു. വിഗ്രഹം നശിപ്പിക്കാനുള്ള മോഹം കൊണ്ട് ഇതാണ് ഗതിയെങ്കിൽ നശിപ്പിച്ചാലത്തെ ഗതി എന്താവുമെന്ന് അക്കാലത്തുള്ളവർ ചിന്തിച്ചിരിക്കണം.ജൈനവിഗ്രഹങ്ങളും ഇതേ നിയമമാണ് അനുസരിച്ചിരുന്നത്. ഏതു മതമായാലും വിഗ്രഹം നശിപ്പിക്കുന്നത് അനുവദനീയമായിരുന്നില്ല. (ജൈന ലിഖിതങ്ങൾ: പി സി നഹർ 1927). സംവത് 1652 ലെ സാഹവാലാബാഗിലെ ഉണാ-കാത്തിയവാഡ് ലിഖിതം

(സ്തൂപസഹിതം പാദുകാ) ചിരം നന്ദന്തു എന്നാണ് പ്രതിഷ്ഠിക്കുമ്പോൾ ആശിക്കുന്നത്. അതിനാൽ ഖര വേലന്റെ മൌര്യകാലം എന്നത് മതപരമായ ഒന്നല്ല. ചരിത്രപരമാണ്. സ്പൂനർ മൌര്യകാലം ഇന്ത്യാചരി ത്രത്തിലെ പുതിയ ഒരദ്ധ്യായമായതുകൊണ്ടാണ് ഖര വേലൻ അതിനെ കാലഗണനക്ക് ഉപയോഗിച്ചതെന്നു കരുതുന്നു. എന്നാൽ അദ്ദേഹത്തിന്റെ മറ്റു പല ചരിത്രവ്യഖ്യാനങ്ങളും ഇപ്പോഴത്തെ തെളിവുകൾ വെച്ച് (സൈന്ധവസംസ്കൃതി ശേഷിപ്പുകൾ വെച്ച്) തെറ്റാണെന്ന് പലരും ചൂണ്ടിക്കാട്ടുന്നുണ്ട്. സൈന്ധവ സീലുകൾ ബി സി 2700നു മുമ്പേ ഉള്ളതിനാൽ, ഖരോ ഷ്ടി ലിപി അക്കിമേനിയൻ അരമേയൻ ക്ലർക്കുമാരുടെ സംഭാവന എന്ന ബുഹ്ലറുടെ അഭിപ്രായവും തെറ്റെന്ന് തെളിയിക്കപ്പെട്ടു. ഹരിവംശം, ഗാർഗ്യസംഹിതയിലെ യുഗപുരാണം ഇവ കാലഗണനയെ അവതരിപ്പിച്ചി ട്ടുണ്ട്.

മൌര്യന്മാരിലും മൌര്യകാലം എന്ന വിചാരം ഉണ്ടാ യിരുന്നില്ല. അശോകൻ തന്റെ ഭരണവർഷത്തിലാണ് കാലം ഗണിക്കുന്നത്. കിരീടധാരണത്തിന് 8 വർഷം കഴിഞ്ഞ് കലിംഗയുദ്ധം, 10 വർഷം കഴിഞ്ഞ് ബോധ ഗയാസന്ദർശനം, 12ആം വർഷം ബാറബാർ ഗുഹക ളുടെ സമർപ്പണം, 14ആം വർഷം കൊണാകമനസ്തൂ പം പുനർനിർമ്മാണം, 20 വർഷം കഴിഞ്ഞ് കൊണാ കമനസ്തൂപവും ലുംബിനിയും സന്ദർശനം. . മകൻ ദശലതനും ഇതേ ശൈലി ഉപയോഗിക്കുന്നു. വിക്രമ, കാലചൂരി, ഗുപ്ത, ഗാംഗേയരാജാക്കന്മാരെപ്പോലെ മൌര്യന്മാർ സ്വന്തം രാജവംശത്തിന്റെ പേരിലല്ല കാല ഗണന ചെയ്തിരുന്നത്, ഭരണവർഷത്തിലാണ്. .

അശോകനു ശേഷമുള്ള എപ്പിഗ്രാഫിക്ക് തലമുറയിലാണ് ഖരവേലൻ വരുന്നത്. ഖരവേലകാലത്താണ് മൌര്യകാലം (മുരിയകാലം) എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്. ബിസി 2ആം നൂറ്റാണ്ടുമുതൽ വടക്കും തെക്കും ഇന്ത്യയിലെ ചരിത്രം അളക്കുന്നതിന് മഗധയിലെ പുഷ്യമിത്രനും കലിംഗത്തിലെ ഖരവേലനും പടിഞ്ഞാറൻ തീരത്തെ ശതകർണ്ണിമാരും തമ്മിലുള്ള സിംക്രോണിസം സഹായകമായി.
ഖരവേലശാസനത്തിലെ വേണാഭിവിജയനെന്ന വാക്ക് ചർച്ചാവിഷയമായിട്ടുണ്ട്. നേരത്തെ എഴുനേറ്റവർക്ക് വിജയം സുനിശ്ചിതമെന്നാണ് അർത്ഥമെന്ന് പലരും അഭിപ്രായപ്പെട്ടു. നേരത്തേ തന്നെ അദ്ദേഹത്തിന്റെ വിജയയാത്രകൾ ആരംഭിച്ചു എന്ന് മറ്റൊരു കൂട്ടരും. വേണാ ഒരു നദീനാമവുമാണ്. വേണാനദീതീരത്തെ ജയിച്ചവനെന്നും അർത്ഥം വരും.

ഭരണവർഷം ഒരു വ്യക്തിയുടെ കാലമാണ്. യുഗം ഒരു ജനതയുടെ, ഒരു ഭൂപ്രദേശത്തിന്റെ മുഴുവനും കാലവും. അത് ആവർത്തനചക്രമാണ്, സനാതനമാണ്. ഭരണവർഷം ക്ഷണികമാണ്. സനാതനമല്ല. ഭാരതചരിത്രം കൽപ്പയുഗഗണിതത്തിലൂടെ ആവർത്തിക്കുന്ന പ്രപഞ്ചചരിത്രവും കൂടിയാണ്. അത് ആസ്ട്രോണമിക്കൽ കാലമാണ് സനാതനമാണ്. അതിൽനിന്ന് ഭരണവർഷത്തിലേക്കു വന്ന മൌര്യചക്രവർത്തിമാരുടെ സമ്പ്രദായത്തെ ഓരോ രാജവംശത്തിന്റെ കാലമാക്കി രേഖീയമാക്കിയ ചരിത്രം ഖരവേലകാലത്ത് ഉണ്ടായി. സംഭവാമി യുഗേ യുഗേ എന്നതിൽ നിന്ന് ഈ പരിണാമം സംഭവിച്ചതോടെ ചരിത്രം പൂർണ്ണമായും രേഖീയമാണെന്ന തെറ്റിദ്ധാരണയും ജനിച്ചു. കൃത(സത്യ,

ധർമ്മ)യുഗം, ത്രേതായുഗം , ദ്വാപരയുഗം, കലിയുഗം എന്ന് 4 യുഗത്തിലായി എല്ലാ ചരിത്രവും ഭാരതീയ സമ്പ്രദായം വിവരിക്കുന്നു. രാമന്റെ ചരിത്രം കേൾക്കണമെന്ന് ആഗ്രഹിച്ച ഗരുഢനോട് കാകഭൂസു ണ്ഡൻ ഏതു രാമന്റെ ചരിത്രമാണ് വേണ്ടത് എന്നാണ് ചോദിക്കുന്നത്, നിരവധി കൽപ്പങ്ങളിൽ, യുഗങ്ങളിൽ രാമകഥ ആവർത്തിച്ചതായി അദ്ദേഹം പറയുന്നത് ഭാരതത്തിലെ ആസ്ട്രോണമിക്കൽ കാലത്തെ സൂചിപ്പി ക്കുന്നു. ഇതിൽ മൌര്യകാലം ഗുപ്തകാലം എന്നെല്ലാം പറയുന്നത് സമുദ്രത്തിലെ ജലകണം പോലെയാണ്. കരുണാനിധിയുടെ കാലം , ജയലളിതയുടെ കാലം, ഉമ്മൻചാണ്ടികാലം, നായനാർകാലം, കരുണാകര കാലം എന്നെല്ലാം പറയുന്നതും തഥൈവ. ചന്ദ്രഗുപ്ത മൌര്യൻ ഭരണവർഷം മാത്രം പറഞ്ഞത് ഈ ഓർമ്മ ഉള്ളതുകൊണ്ടാവാം. ഖരവേലന് അതത്ര കാര്യമായി തോന്നിയില്ലായിരിക്കാം. കാലോസ്മി ലോകക്ഷയകൃ ത് എന്ന അറിവ് ഉദിക്കാത്ത ഭരണാധികാരികളാണ് അഹങ്കരിക്കുന്നത്. 71 ചതുർയുഗമുള്ള ഒരു മന്വന്തരം , രാമജാമദഗ്ന്യ, രാമദശരഥി, യാദവകൃഷ്ണ ഇവരുടെ വംശവൃക്ഷങ്ങളിലെ രേഖീയത ഇവയെല്ലാം ഭാരതീയ ചരിത്രത്തിലെ ശാസ്ത്രീയതക്ക് നിദാനമാണ്. കാലം ഒരേ സമയം ചാംക്രികവും രേഖീയവുമാണ് എന്ന ആധുനികമായ അറിവ് അന്നേ അവർക്ക് ഉണ്ട്. മരം കണ്ടു, കാട് കണ്ടില്ല എന്ന രീതിയിലുള്ള ചരിത്രമാണ് ഇന്ന് പലരും കൊണ്ടുനടക്കുന്നത്. ബിസി 3ആം നൂറ്റാ ണ്ടിലെ അശോകശാസനങ്ങളും ബിസി 2ആം നൂറ്റാണ്ടി ലെ ഖരവേലലിഖിതങ്ങളും ക്ഷണികമായ രേഖീയച രിത്രം മാത്രം ബാക്കിയാക്കുന്ന സമ്പ്രദായത്തിലേക്ക്

നയിച്ചു. 2- 1 നൂറ്റാണ്ട് ബിസി സുംഗലിഖിതങ്ങളും (ദ്വിരശ്വമേധയാജിനഃ എന്ന് അയോദ്ധ്യലിഖിതം)എഡി 3ആം നൂറ്റാണ്ടുമുതലുള്ള ഗുപ്തലിഖിതങ്ങളും ചരിത്രത്തെ രേഖപ്പെടുത്തുന്നു. ഭുവനേശ്വരത്തെ ക്ഷേത്രലിഖിതങ്ങൾ 5 നൂറ്റാണ്ടുകളിലേതാണ്. (9-13)അപ്പോഴേക്കും ഭാരതത്തിലെ രേഖീയ ചരിത്ര ബോധം പക്വമായിട്ടുണ്ട്. ഭുവനേശ്വർ, പുരി, കൊണാരക്ക് എന്നീ ക്ഷേത്രങ്ങളിലും ലിംഗരാജക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിലെ 25 സ്ലാബിലുമായി ഈ വികാസചരിത്രം കാണുന്നു. ബീഹാറിലും ഒറീസ്സയിലുമുള്ള ഈ ലിഖിതങ്ങൾ അതിനാൽ ചരിത്രകുതുകികൾക്ക് രസകരമാണ്. അശോകന്റെയും ഖരവേലന്റെയും കാലം ബാല്യവും സുംഗ, ഗുപ്തകാലം യൌവനവും ബാക്കിയുള്ളവ വാർദ്ധക്യവുമായി കണക്കാക്കാം.

നാലു യുഗം നാലു സംസ്കാരത്തിന്റെ പ്രതിനിധികളാണ്. ഓരോന്നിലും അതിന്റെ അങ്കുരങ്ങളും പല്ലവങ്ങളും പൂക്കളും കായ്ക്കളും ഉണ്ട്. വളർച്ചയുടെ ഘട്ടങ്ങളും തളർച്ചയുടെ ഘട്ടങ്ങളും അവസാനവും തുടക്കവും ഉണ്ട്. എങ്കിലും ഇതെല്ലാം ചരടിൽ മണികോർത്തപോലെ തുടർച്ചയും യുഗേ യുഗേ ആവർത്തിക്കുന്നവയുമാണ്, കാരണം കാലചക്രം വർത്തുളവും ആവര്ത്തനാത്മകവുമാണ്. സംഭവാമി യുഗേ യുഗേ എന്നു പറയുമ്പോൾ അത് എല്ലാ യുഗത്തിലും എല്ലാ സംസ്കാരങ്ങളിലും എല്ലാ ചരിത്രത്തിലും ബാധകമാണ്, ഒരു ചെറിയ ഭാഗത്ത് ചെറിയ കാലത്ത് മാത്രം ഉള്ളതല്ല. കാലാവസ്ഥ അനുസരിച്ച് ഇലയും തളിരും പൂവും കായും കൊഴിഞ്ഞുപോയാലും , വൃക്ഷം വീണ്ടും ഇതെല്ലാം ആവർത്തിക്കുന്ന പോലെയാണ്

സനാതനധർമ്മത്തിലെ കാലം. സംസ്കാരത്തിന്റെ തുടർച്ച ഇതിനെ ആശ്രയിച്ചാണ്. പടിഞ്ഞാറൻതീര ത്തെ ശതവാഹനരും, കലിംഗത്തിലെ ഖരവേലനും ഭട്ടിപ്രോലുവിലെ കുബേരനും അശോകമൌര്യനും എല്ലാം ആ വൃക്ഷത്തിന്റെ ശാഖോപശാഖകളും തളി രുകളുമാണ്. ഏതു കാലാവസ്ഥയിലും അതിജീവനം കൊണ്ട് തുടർന്ന സിന്തസിസ് നിയമമാണ് ഭാരതത്തി ന്റേത്. ചരിത്രത്തിലെ യുദ്ധവും പരാജയവും മാത്രം നോക്കി അവ മാത്രം രേഖപ്പെടുത്തി മഹത്വവത്ക്കരി ക്കുമ്പോൾ , ഈ തുടർസംസ്കാരത്തിന്റെ പൂർണ്ണത കാണാതെ പോകുന്നതാണ് ചരിത്രകാരന്മാരുടെ പരാ ജയം.

ബാർബേറിയന്മാരിൽനിന്ന് പടിപടിയായി കയറിവന്ന താണ് മനുഷ്യ ചരിത്രം എന്ന യൂറോപ്യൻ കൺസെ പ്റ്റിൽനിന്ന് സംഭവാമി യുഗേ യുഗേ എന്ന ഫിലോസ ഫി വളരെ വ്യത്യസ്തമാണ്. നന്മയും തിന്മയും, ബാ ർബേറിയനിസവും സംസ്കൃതിയും എല്ലാം എന്നും ഒപ്പം നിലനിന്നിട്ടുണ്ട്. തിന്മയുടെ അനുപാതം കൂടു മ്പോൾ ഭൂമിയെ സംരക്ഷിക്കാനായി ഒരു അവതാരം (ലോകഗുരു. നേതാവ്) വരാറുമുണ്ട് എന്ന ശുഭാപ്തി വിശ്വാസമാണ് അത്.

അശോകൻ ബുദ്ധിസവും ഖരവേലൻ ജൈനിസവും സുംഗ, ഗുപ്തരാജാക്കന്മാർ ബ്രാഹ്മണിസവും ആണ് പ്രചരിപ്പിച്ചത് എന്ന് പറയുന്നുവെങ്കിലും അത് അത്ര ശരിയല്ല. 5, 7 പാറലിഖിതങ്ങളിൽ അശോകൻ സർവ്വ മതസമന്വയമാണ് പറയുന്നത്. ബ്രാഹ്മണരേയും ഇഭ്യന്മാരേയും (വൈശ്യ), സന്യാസിമാരേയും ഗൃഹ

സ്ഥരേയും, ആജീവകരേയും ബുദ്ധസന്യാസിമാരേയും നിർഗ്രന്ഥരേയും (ജൈന) മറ്റുള്ളവരേയും സഹായിക്കാനും, തന്റെ രാജ്യത്ത് അവർക്കെല്ലാം അവരിഷ്ടപ്പെടുന്ന സ്ഥലത്ത് സ്ഥലം കൊടുക്കാനുമാണ് മഹാമാത്രരോട് പറയുന്നത്. ഭുവനേശ്വർ ലിഖിതം യേ ധർമ്മ ഹേതുപ്രഭവാഹേതു തേഷാം എന്ന് ബുദ്ധമതത്തിലാരംഭിച്ച്, അഹിംസ എന്ന തത്വത്തിലടിയുറച്ച് , എല്ലാ ഹൈന്ദവദേവതകളേയും ആരാധിക്കുന്നു. ഇത്തരം സിന്തസിസ് മനസ്സിലാക്കാതെ ബൌദ്ധ,ജൈന, ഹൈന്ദവയുദ്ധം എന്നു പറഞ്ഞ് വിഭാഗീയത വളർത്തുന്ന ചരിത്രകാരന്മാരെ സൂക്ഷിക്കണം. ബ്രാഹ്മണരും ജൈനരും ബൌദ്ധരും ഒരുപോലെ അഹിംസാനിഷ്ഠരാണ്. അശോകൻ കലിംഗയുദ്ധശേഷമാണ് അഹിംസ സ്വീകരിച്ചത്. ഒരു പക്ഷേ തന്റെ ശാസനത്തിൽ ബ്രാഹ്മണ, വൈശ്യ, ബൌദ്ധ, ജൈനരെ പേരെടുത്തുപറഞ്ഞ അശോകൻ ക്ഷത്രിയരെ പറയാതിരുന്നത് അവർ അധികാരമോഹം കൊണ്ട് യുദ്ധം സൃഷ്ടിക്കുന്നവരും ഹിംസ ചെയ്യുന്നവരുമാണെന്ന അനുഭവജ്ഞാനം കൊണ്ടാകാം. 12ആം പാറലിഖിതത്തിൽ അശോകൻ പറയുന്നു:- സ്വന്തം സമുദായത്തെ പുകഴ്ത്തി പറയുകയും മറ്റുള്ളവരെ ഇകഴ്ത്തുകയും ചെയ്യുന്നത് സ്വന്തത്തോടുള്ള ഭക്തി കൊണ്ടാകാം, എന്നാലും അത് സ്വസമുദായത്തെ നശിപ്പിക്കാനാണ് ഉതകുന്നത്.

ബീഹാർ ഒറീസ്സ മഗധ .

മനോരഥനെന്ന ചെറുപ്പക്കാരൻ ആര്യ പുരുഷോത്തമനെ സന്ദർശിച്ചു, കടൽത്തീരത്തുവെച്ച് തന്റെ സർവ്വസ്വവും , ചന്ദ്രഗ്രഹണവേളയിൽ

ഉദകപൂർവ്വം തന്റെ പൂർവ്വികരെ ആനന്ദിപ്പി ച്ചുകൊണ്ട് ദാനം ചെയ്തു. (ഗയ ഗോവിന്ദപുരം ലിഖിതം എഡി 1137)

ജ്യോഗ്രഫി- വൈദിക, ഐതിഹാസിക, ക്ലാസിക്ക ൽ കാലഘട്ടങ്ങളിലെ ചരിത്രത്തിന് വ്യക്തമായ ജ്യോഗ്രഫിക്കൽ അവധികളുണ്ട്. വൈദികഭാര തം സുവാസ്തു (സ്വാത്) മുതൽ വ്യാപിച്ച് , ഹി മാലയം വടക്കും മൂന്നു സമുദ്രം തെക്കും കിഴ ക്കും പടിഞ്ഞാറുമായി വലിയ ഒരു ഉപഭൂഖ ണ്ഡം തന്നെയാണ്. ഉത്തരാപഥം, മദ്ധ്യദേശം, ദക്ഷിണാപഥം എന്ന് മൂന്നായി ഇതിന് ഭാഗങ്ങ ളുണ്ട്. അവിടെയെല്ലാം സ്വതന്ത്രവും പരസ്പരം ബന്ധമുള്ളതുമായ ജനപദങ്ങളും ഭരണാധിപ രും ഉണ്ട്. അവരുടെ വൈവാഹികബന്ധങ്ങളും യുദ്ധങ്ങളും വൈദികസാഹിത്യത്തിലും ഇതി ഹാസത്തിലും കാണാം.

മഹാഭാരതകാലമായപ്പോഴേക്കും കുരുക്കളും വടക്കുകിഴക്കേ ഇന്ത്യയിലും തെക്കുപടിഞ്ഞാ റെ ഇന്ത്യയിലുമുള്ള ജനതയും പരസ്പരം ബ ന്ധുക്കളും സഹകാരികളുമാണ്. പാണ്ഡവരും യാദവരും മദ്ധ്യേന്ത്യ, ദക്ഷിണപാഞ്ചാലം എന്നി വിടങ്ങളിലുള്ളവരും മണിപ്പൂരിലെ നാഗവംശ വും പരസ്പരം സഹകരിക്കുന്നു. അവരും രാക്ഷസ, നാഗ, വംശങ്ങളും തമ്മിൽ വൈവാ

ഹികബന്ധമുണ്ട്. അനിരുദ്ധൻ മഹാബലിബാ ണവംശത്തിലെ ഉഷയെ വിവാഹം കഴിക്കുന്നു ണ്ട്. പ്രാഗ്ജ്യോതിഷം, ചീനം, കിരാതം, കാം ബോജം, യവനം, ശാകം, തമിഴകം, കൈകയം, സിന്ധുദേശം, സൌവീരം, കേരളം , ഭോജന്മാർ, ദക്ഷിണാപഥരാജാക്കന്മാർ ആന്ധ്രകർ, മാഹി ഷ്മതി, അവന്തി മുതലായ മദ്ധ്യദേശരാജാ ക്കന്മാർ ഇവരെല്ലാം ഇതിഹാസകാലത്ത് പര സ്പരം ബന്ധം പുലർത്തിയവരാണ്. മൌര്യകാ ലത്തും അതിന്നു ശേഷവും ഇപ്രകാരമല്ല. മൌ ര്യകാലത്ത് വടക്കുപടിഞ്ഞാറ് ഗ്രീക്ക് അധീനത യിലുള്ള പ്രദേശങ്ങളുണ്ട്. അശോകലിഖിതങ്ങൾ അദ്ദേഹത്തിന്റെ സാമ്രാജ്യാതിർത്തിക്കകത്താണ്. പടിഞ്ഞാറ് കത്തിയവാർ പെനിൻസുലയിലെ ഗിർനാറിലും സോപാരയിലും തെക്ക് റൈച്ചൂ രിലും മൈസൂരിലെ ച്ത്തൽദുർഗ്ഗിലും കിഴക്ക് ധൌളിയിലും ജൌഗഡയിലും അവ ഉണ്ട്. വട ക്കുപടിഞ്ഞാറെ അതിർത്തി പെഷവാറിലെ ഷാബാസ്ഗാർഹിലും ഹസാരാജില്ലയിലും മാൻഷേരയിലും ആണ് കാണുന്നത്. ഡെറാഡൂ ണിലെ കാൽസി, നിഗാളിസാഗർ, നേപ്പാളി തെറായിലെ റുമ്മിൻദൈ സ്തംഭങ്ങൾ ചമ്പാ രനിലെ രാംപൂർവ്വസ്തംഭം വരെ അശോകലി ഖിതങ്ങൾ വ്യാപിച്ചുകിടക്കുന്നു. 3ആം നൂറ്റാ ണ്ടുമുതൽ മൌര്യസാമ്രാജ്യതലസ്ഥാനം പാടലീ

പുത്രമാണ്. ദക്ഷിണേന്ത്യയിൽ ചോഡ, പാണ്ഡ്യ രാജ്യം വരെ താമ്രപർണ്ണിനദിവരെ അശോക സാമ്രാജ്യം വ്യാപിച്ചിരുന്നു. സത്യപുത്ര, കേരള പുത്രരെന്ന മലബാർ കൊങ്ങുദേശരാജാക്കന്മാരെയും അശോകലിഖിതങ്ങൾക്ക് അറിയാം. മഹാശിവഗുപ്ത യയാതികേസരിയുടെ മരാഞ്ചമുര ശാസനം രാജാവിനെ കർണ്ണാടലാടഗുർജ്ജരേശ്വരദാങ്ജ്വരിഭൂവിടകണാത്കാഞ്ചീകലാപാഭരണലമ്പട കലിംഗകൊംഗദോത്കലക കേരളാന്വയംവരപ്രസിദ്ധ ഗൌഡരാഢാംബര .....കലിംഗാധിപതി. ശിവഗുപ്തശ്രീജാതിദേവ എന്ന് വിളിക്കുന്നത് ഇപ്രകാരമുള്ള സാമ്രാജ്യം അന്നുമുണ്ടെന്ന് കാണിക്കുന്നു. നമ്മുടെ പഞ്ചാബുസിന്ധുഗുജരാത്തമറാത്താദ്രാവിഡ ഉത്കല വംഗാ വിന്ധ്യഹിമാചല യമുനാഗംഗാ ഉഛ്വല ജലധിതരംഗാ പോലെ ഒരു ഏകത്വവാക്യം. ശരഭപുരിലിഖിതങ്ങളിൽ ഇവരുടെ ഇത്തരം ബിരുദങ്ങളും വംശാവലിയും പ്രതിപാദിച്ചിരുന്നു. യയാതിദേവൻ കൊങ്ങാത, ഉത്കലം, കലിംഗം (ഗഞ്ചം ജില്ലയും കോസലവും) എന്ന് ത്രികലിംഗങ്ങളും ഭരിച്ചിരുന്നു.

ആരായിരുന്നു ചന്ദ്രഗുപ്തമൌര്യൻ. എന്തുകൊണ്ടാണ് ചാണക്യൻ തന്റെ പ്രഗത്ഭനായ ആ ശിഷ്യനെ എപ്പോഴും വൃഷല എന്ന് അഭിസംബോധന

ചെയ്യുന്നത്.ചന്ദ്രഗുപ്തൻ വൃഷല(ദാസ)വംശജ നായിരുന്നുവോ. മന്ത്രി രാജാവിനെ അപ്രകാരം വിളിക്കണമെങ്കിൽ ഒരു കാരണം ഇല്ലാതിരിക്കു മോ. ഋഗ്വേദം ഖിലഭാഗം 9 വൃഷലീഗമനമൈ ഥുനസംഗമാത് എന്ന ഒരു വാക്ക് ഉപയോഗി ക്കുന്നുണ്ട്. താണ കുലത്തിലെ സ്ത്രീക്ക് ഉണ്ടായ സന്തതിയാണെ ങ്കിൽ മൂര (മയൂര) എന്ന കദംബ വംശത്തിലെ സ്ത്രീ താണ കുലമാവണം. അവരാ ണല്ലോ ചന്ദ്രഗുപ്തന്റെ അമ്മ. ചന്ദ്രഗുപ്തൻ ശ്രു തകേവലി ഭദ്രബാഹുവിന്റെ ശിഷ്യനാണെന്ന് പറയപ്പെടുന്നു. അതിനാൽ ജൈനനാണെന്നും. അപ്പോൾ ചാണക്യശിഷ്യനുമാണല്ലോ അദ്ദേഹം. അദ്ദേഹത്തിന് 2 ഗുരുവുണ്ടെങ്കിൽ രണ്ട് മതവു മുണ്ടോ. വൃഷലപദത്തിന് ബ്രാഹ്മണമതമല്ലാത്ത ഏതോ മതം പിന്തുടരുന്നവനെന്ന് അർത്ഥമില്ല താനും. കാശിക ചോരസ്യകുലം (കള്ളന്മാരുടെ കുലം) എന്ന് ചേർക്കുന്നു. ദേവാനാം പിയ എന്ന അശോകനാമം ഇവിടെ സാർത്ഥകമാണ്. വൃഷ ലിയുടെ മകനായി ചോരകുലത്തിൽ ജനിച്ചവ നും കൂടി ദേവാനാം പ്രിയനായി ചക്രവർത്തി യാകാമെന്നാണല്ലോ ധ്വനി.സിലോണിലെ അശോകന്റെ സമകാലികൻ തിസ്സക്കും ദേവാനാം പ്രിയനാമമുണ്ട്. ഇദ്ദേഹവും ദശരഥനെപ്പോലെ അശോകന്റെ മകനാണ്. ദശരഥനും ദേവാനാം പിയനാണ്. ബാണന്റെ ഹർഷചരിതവും

ദേവാനാം പ്രിയനെന്ന് 2 പ്രാവശ്യം ഉപയോഗിക്കുന്നു.

കാത്യായനനോ പാണിനിയോ ദേവാനാംപ്രിയനെ പറയുന്നില്ല. പതഞ്ജലി പാണിനിയെ പറയുമ്പോൾ ദേവാനാം പ്രിയോ ന തപിഷ്ഠിജ്ഞ ഇഷ്യതേ ഏതദ്രൂപമിതി. യജ്ഞം അറിയാത്തവനെന്നാണ് പറയുന്നത്. പതഞ്ജലിയുടെ ഭാഷ്യകാരൻ കൈയ്യടൻ രണ്ടാമതൊരർത്ഥവും കാത്യായനൻ തന്റെ വാർത്തികത്തിൽ മൂന്നാമതൊന്നും സൂചിപ്പിക്കുന്നു. സിദ്ധാന്തകൌമുദിയിൽ ഭട്ടോജി മൂർഖനെന്നാണ് അർത്ഥം പറയുന്നത്. ബാണകാലം വരെ ഇതിന്ന് ഒരു ശരിയായ അർത്ഥം ഉണ്ടായിരുന്നില്ല. മുദ്രാരാക്ഷസം ചന്ദ്രഗുപ്തനെ (ചന്ദശിരി) വൃഷല എന്നും പിയദശന എന്നും വിളിക്കുന്നു. താണകുലത്തിൽ ജനിച്ചവനും യാഗം അറിയാത്തവനും ദേവന്മാരുടെ പ്രിയനും(കാണാൻ പ്രിയം തോന്നിക്കുന്ന സുന്ദരൻ) പഴയ നിയമത്തിനു പകരം (ചരിത്രത്തിനു പകരം) പുതിയതൊന്ന് നടപ്പാക്കിയവനും എന്ന് വിചാരിക്കാം. മതം എന്ന് അർത്ഥം ഇല്ല. രാജതരംഗിണി ജൈനനും ബുദ്ധനും ഒന്നായി പറയുന്നു.

പിന്നീട് വന്ന ഖരവേലനും വിഗ്രഹം മോഷ്ടിച്ച് പരപാഷണ്ഡപൂജ ചെയ്യുന്നവനായി തരം

താഴ്ത്തപ്പെട്ടവനാണ്. ഐനി അക്ബാരിയും രാജതരംഗിണിയും അശോകനെ ജൈനനായാണ് വിചാരിക്കുന്നത്. ഖരവേലനും ജൈനനായി കരുതപ്പെടുന്നു. ജൈനവിഗ്രഹം മോഷ്ടിച്ചാലും. സുംഗകാലത്താണ് ദ്വിരശ്വമേധയാജിന എന്ന് യജ്ഞസംസ്കാരം പിന്നീട് പുനസ്ഥാപിക്കുന്നത്. സമുദ്രഗുപ്തനും യജ്ഞവർമ്മപുത്രൻ ശാർദ്ദൂലവർമ്മന്റെ പുത്രൻ മൌഖാരി അനന്തവർമ്മനും യജ്ഞം അനുഷ്ഠിച്ചവരാണ്. ഭുവനേശ്വർ ലിഖിതകാലമായപ്പോഴെക്കും ജുദ്ധ,ജൈന, ബ്രാഹ്മണസമ്പ്രദായം ഒന്നായി ലയിച്ചിരിക്കുന്നു. അഹിംസയാണ് മൂവരും പരമധർമ്മമായി കരുതുന്നത്. ഭാരതത്തിന്റെ പരമധർമ്മവും അതാണ്. ഭുവനേശ്വർ, പുരി, കൊണാരക്ക്, ഗയ ഉൾപ്പെടെ പല ഭാരതീയക്ഷേത്രങ്ങളും ഒരേ സമയം ബ്രാഹ്മണരും ജൈനരും ബൌദ്ധരും തങ്ങളുടേതായി അവകാശപ്പെടാനുള്ള കാരണം ഇതുതന്നെയാണ്. കേരളത്തിലും ഇത്തരം അവകാശവാദം നിരവധിയാണ്. 2- 8 നൂറ്റാണ്ടുവരെ കലിംഗത്തെ ആന്ധ്ര(2ആം നൂ), ബാദാമിചാലൂക്യപുലികേശി 2 (എഡി 597-98) രാഷ്ട്രകൂട ദന്തിദുർഗ്ഗ(8ആം നൂ) എന്നിവർ ആക്രമിച്ചു. സോമവംശി ഗുപ്തന്മാർ കോസലം കലിംഗം എന്നിവിടങ്ങളിൽ അധിപതികളായിരുന്നു. യയാതികേസരിയുടെ പിൻഗാമികൾ ഭുവനേ

ശ്വരത്തിലെ ലിംഗരാജക്ഷേത്രം പണിതു. സാംസ്കാരികബോധം കാരണം അദ്ധ്യാത്മിക മായ ഒരു ഒരുമ ബീഹാർ, ഒറീസ, കോസലം ഇവയെ ശക്തമാക്കി. 6ആം നൂറ്റാണ്ടിലെ പ്രഖ്യാതകീർത്തിയുടെ ബോധഗയലിഖിതം അദ്ദേഹം ലങ്കയിൽനിന്ന് വന്ന് (പശ്ചിമലങ്കാധിപ തി) ബോധഗയയിലെ ത്രിരത്നത്തെ പ്രണമിച്ചു. സോനേപൂർ ലിഖിതപ്രകാരം ലങ്കാവർത്തകസ ന്നിധാനം എന്ന് ഗയ പ്രസിദ്ധി ആർജ്ജിച്ചിരുന്നു. ഗോദാവരി, മഹാനദിതാഴ്വരകളിലെ തീർത്ഥാട കരും ഇവിടെ വന്ന് പിതൃപിണ്ഡം വെച്ചിരുന്നു. ലിംഗരാജക്ഷേത്രത്തിലും ബൌദ്ധരും ജൈനരും ബ്രാഹ്മണരുമായ തീർത്ഥാടകർ സന്ദർശിക്കയും ദാനം ചെയ്കയും ചെയ്തിരുന്നു. മതങ്ങൾ തമ്മിൽ യാതൊരു സ്പർദ്ധയും ഇല്ലാതെയാണ് 8-11 നൂറ്റാണ്ടുവരെ ഇവിടെ ജനം വന്നിരുന്നത്.

ഇതോടൊപ്പം ഭാഷാപരമായ സമന്വയം സിന്ത സിസ് കൂടി നടന്നിരുന്നു. മാഗധി, പാലി, മുത ലായി ഭരതമുനി പറയുന്ന എല്ലാ പ്രാകൃതഭാ ഷകളും സംസ്കൃതഭാഷയും കൂടി സമ്മേളിച്ച് നിരവധി പ്രാദേശികഭാഷകൾ സൃഷ്ടിക്കപ്പെട്ടത് ഈ സമന്വയഫലമാണ്. മലയാളം, കർണ്ണാടകം , തെലുഗു മുതലായ പ്രാദേശികഭാഷകളുടെ ഉദ യം ഇപ്രകാരം നടന്നു.

ആജീവകർഃ- ഇവരെ ബ്രാഹ്മണർ കാര്യമാക്കി എടുത്തതേ ഇല്ല. ബൌദ്ധർ ഇവരേയും ജൈന രേയും ഒരുപോലെ കരുതി. അശോകനും ദശ രഥനും ഇവർക്കുകൂടി ഗുഹാഗൃഹങ്ങൾ അനു വദിച്ചു. വദ്ധമാനനും ഗോസലനും തമ്മിലുള്ള ബന്ധം അത്ര സരളമായില്ല. മങ്കളി എന്ന ഭിക്ഷു വിന്റെയും ഭാര്യ ബദ്ധയുടേയും മകനായ ഗോ സലൻ ശ്രാവസ്തിയിലെ ബ്രാഹ്മണ ഗോബഹു ലന്റെ പശുത്തൊഴുത്തിലാണ് ജനിച്ചത്.നളന്ദയി ൽ വെച്ച് ചെറുപ്പത്തിൽത്തന്നെ മഹാവീരനെ കണ്ടുമുട്ടി. ധനികരായ വിജയ. അനന്ത, സുദ ർശന എന്നിവർ മഹാവീരനെ ബഹുമാനി ക്കുന്നതു കണ്ട് ഇതാണ് തന്റെ വഴി എന്ന് നിശ്ചയിച്ചു. മഹാവീരൻ അവനെ ശിഷ്യനാക്കി യില്ല. ഗോസലൻ വസ്ത്രവും ചെരിപ്പും പാത്ര ങ്ങളും മുടിയും താടിയും എല്ലാം ഉപേക്ഷിച്ച് മഹാവീരന്റെ സംഘത്തിൽ ചെന്നുകൂടി 6 വ ർഷം അവിടെ സന്യാസം ആചരിച്ചു. എന്നാൽ ഒരിക്കലും സന്യാസിയായില്ല. കുമ്മഗ്രാമത്തിനു പുറത്ത് വെസിയായനനെന്ന സന്യാസി കൈ ഉയർത്തി മുഖം ഉയർത്തി സൂര്യനെനോക്കി ഇരിക്കുന്നതും ചെള്ളു വന്ന് അവന്റെ ശരീരം മൂടിയതും കണ്ടു.നിർഗ്രന്ഥസംഘം ഭൌതികമാ യ ഒന്നിലും താൽപ്പര്യമില്ലാത്തവരായിരുന്നു. നഗരായി, മുടി ചപ്രച്ചിട്ട്. വൃത്തികെട്ട സ്ഥലങ്ങ

ളിൽ താമസിക്കുന്നവരാണ്. കുളിക്കാത്തതിനാൽ വളരെ വൃത്തികേടായ രൂപമാണ്. ദുർഗ്ഗന്ധം പരത്തും. കണ്ടാൽ അറക്കുന്ന ഈ സംഘം മഹാവീരന്റെ അനുയായികളായിരുന്നു. ഇതു കണ്ട ഗോസാലൻ മഹാവീരന്റെ സംഘം ഉപേക്ഷിച്ച് പോയി. തനിക്ക് മാന്ത്രികശക്തി ഉണ്ടെന്ന് പറയുകയും സ്വന്തമായി ആജീവകസംഘം ഉണ്ടാക്കുകയും ചെയ്തു. മഹാവീരന് ജിനത്വം കിട്ടുന്നതിന്നു മുമ്പേ ഗോസലൻ ഹാലാഹലനെന്ന ഗൃഹസ്ഥശിഷ്യന്റെ ശ്രാവസ്തി പീടികയിൽ പ്രഭാഷണം ആരംഭിച്ചു. ഒരു സംഘം സന്യാസിമാരെ ആകർഷിക്കയും 8 മഹാനിമിത്തങ്ങളുടെ സിദ്ധാന്തം രൂപീകരിക്കയും ചെയ്തു. ഇത് മഹാവീരൻ അംഗീകരിച്ചില്ല. ജൈനർ ആജീവകന്മാരെ വെറുത്തു. ഗോസാലൻ മനുഷ്യരെ 6 ആയി തിരിച്ചു. തന്നെ ഏറ്റവും മുകളിലെ ഗ്രൂപ്പിലാക്കി. സന്യാസിമാരിൽ ഏറ്റവും അംഗസംഖ്യ ബുദ്ധിസ്റ്റ്, നിഗ്ഗന്ഥജൈന, ആജീവക ഇവർക്കായിരുന്നു. മഹാവീരൻ 12 വർഷം സന്യാസം അനുഷ്ഠിച്ചപ്പോൾ ഗോസലൻ വെറും 6 വർഷം ആചരിച്ച് മഹാവീരനെതിരെ പുതിയ സംഘം ഉണ്ടാക്കിയത് ജൈനരെ സ്വാഭാവികമായും അലോസരപ്പെടുത്തി. ജൈനസൂത്രങ്ങൾ ജൈനനാണ് വിജയിച്ചതെന്ന് പറയുന്നുണ്ട്. മോക്ഷത്തെക്കുറിച്ച് പറയേണ്ടത് ശരിയായ സന്യാ

സിയാണ്, പാതി വഴിക്ക് സന്യാസം ഉപേക്ഷിച്ചു പോയവരല്ല എന്ന് അവർ ആജീവകരെ പറഞ്ഞു. കേരളത്തിലും ആജീവകരുണ്ടായിരുന്നെന്ന് മണിമേഖലാകാവ്യം സാക്ഷ്യപ്പെടുത്തുന്നു. ഏതായാലും ആജീവകർ അവരുടെ ഗുരുനിന്ദാപരമായ പ്രവർത്തനം കാരണം വളരെ വേഗം വെറും ഓർമ്മയായി അവശേഷിച്ചു.

അശോക, ദശരഥമൌര്യകാലത്ത് 15 മൈൽ ഗയക്ക് വടക്ക് ഉള്ള ബാറബാർ കുന്ന് ഖലതിക കുന്ന് എന്നാണ് അറിഞ്ഞിരുന്നത്. 6-7 നൂറ്റാണ്ട് മൌഖാരി അനന്തവർമ്മ കാലത്ത് അതിന് പ്രവരക്കുന്ന് എന്നായി പേർ. ഇതിനു രണ്ടിനും ഇടക്കുള്ള കാലത്ത് ഗോരഥഗിരി എന്നൊരു പേരും ഇതിനുണ്ടായി. തെക്കൻബ്രാഹ്മിലിഖിതത്തിലാണ് ഈ പേരുള്ളത്. 2ആം നൂറ്റാണ്ട് ബിസിയിലെ ഖരവേലന്റെ ഹാത്തിഗുംഫാലിഖിതത്തിൽ ഗോരഥഗിരി എന്നുണ്ട്, തെക്കൻബ്രാഹ്മിലിപിയും ഭാഷയും ഉണ്ട്. അതിനുചുറ്റും വിന്യസിച്ചിരുന്ന സൈന്യത്തെയും കോട്ടയേയും പരാജയപ്പെടുത്തിയാണ് ഖരവേലൻ അവിടെ സ്വന്തമാക്കുന്നത്. 7 ഗുഹകളിലെ ബാറബാർ കുന്നിലെ 2ഉം നാഗാർജ്ജുനകുന്നിലെ 3ഉം ഗുഹകൾ ആജീവ്കന്മാർക്ക് കൊടുത്തവയാണ്. ആജീവികേഹി എന്നാണ് ഉപയോഗിച്ച പദം. എന്നാൽ ഇത്

പിൽക്കാലത്ത് ആരോ ചുരണ്ടി കളഞ്ഞിട്ടുണ്ട്. ഇത് മിക്കവാറും ജൈനരാവാം. ആജീവകന്മാർ തങ്ങൾ വിഷ്ണു(കൃഷ്ണ)ഭക്തരാണെന്ന് പ്രഖ്യാപിക്കുന്നവരാകയാൽ മുഖാരി അനന്തവർമ്മനോ, ബൌദ്ധരോ ആകാനുള്ള സാദ്ധ്യത കുറവാണ്. ജൈനാനുയായിയായ ഖരവേലൻ 8ആം ഭരണവർഷത്തിൽ ഗോരഥഗിരിയിലെത്തി, ജൈനമതവിരോധിയായ ഗോസലന്റെ ആജീവികനാമം നീക്കിക്കളഞ്ഞതാവാനാണ് സാദ്ധ്യത. അടുത്തുള്ള ലോമശഗിരിഗുഹയിലെ 2 മുതലചിത്രങ്ങളെ ജാക്സൺ ചൂണ്ടിക്കാട്ടുന്നു. വടക്കെ ഇന്ത്യയിലെ ലിഖിതങ്ങളിൽ മുതലച്ചിത്രം കുറവാണ്. ഇവിടെ മുതല മാത്രമല്ല, ദക്ഷിണേന്ത്യയുടെ പ്രതീകമായ ആനയും കാണുന്നുണ്ട്. ഖരവേലലിഖിതം ഇത്തരം ചിത്രങ്ങളുള്ള ഗുഹകളുടെ കേന്ദ്രസ്ഥാനത്താണ്. ചിലതിൽ ആനക്ക് പകരം താമരയോ സിംഹമോ ഉണ്ട്. എന്നാൽ എല്ലാ ഗുഹയിലും മുതലകളുണ്ട്. ഗോരഥഗിരി ചിത്രവും ഉദയഗിരി ഖരവേല ലിഖിതവും തമ്മിൽ ബന്ധമുണ്ടെന്ന് ഇത് കാണിക്കുന്നു. ഇത് ചെയ്ത ജൈനരാണ് ആജീവികപദം ഉരച്ചു മാച്ചതും എന്ന് സൂചിപ്പിക്കുന്നു. ബാറബർകുന്നിലെ കർണ്ണചോപ്പർളിഖിതം ഖലതികപവതസി എന്ന ഒരു വാക്ക് കാണിക്കുന്നു. ഒരു ദാനത്തിൽ കൊടുക്കുന്ന ആളും വാങ്ങുന്ന ആളും

കൊടുക്കുന്ന വസ്തുവും എന്ന് 3 എണ്ണം വേണം. ആദ്യലിഖിതത്തിൽ പിയദശി കൊടുക്കുന്നു, ആജീവികേഹി വാങ്ങുന്നു, ദാനവസ്തു നിഗോഹ ഗുഹ. രണ്ടാമത്തേതിൽ പിയദശി, ആജീവികേഹി, ഖലതിക കുന്ന്. മൂന്നാമത്തേതിൽ പിയദശി, സുപിയേ ഗുഹ, പക്ഷേ വാങ്ങുന്ന ആളില്ല. ഇത് ആജീവകൻ തന്നെയാവണം.

ലോമശഋഷി ഗുഹയിൽ ജാക്സൺ 2 പ്രധാനവിവരങ്ങൾ ചൂണ്ടിക്കാട്ടി. അവിടത്തെ പോളിഷ് മറ്റു ഗുഹകളേക്കാളും വളരെ താണ രീതിയിലാണ്. അവിടെ സമർപ്പണലിഖിതം ഇല്ല. ഇവ ലോമശഗുഹയിലെ ചിത്രങ്ങളുള്ള സ്ഥാനത്തിനും പൂർത്തിയാക്കാത്ത മേൽക്കൂരക്കും അതിന്റെ നിർമ്മാതാവിനും ചില സൂചനകൾ തരുന്നു. അശോകകാലത്തിനും(ബിസി 3-2 നൂറ്റാണ്ട്) ഖരവേലകാലത്തിനും (ബിസി 2-1 നൂറ്റാണ്ട്) ഇടയിലാണ് പുഷ്യമിത്രസുംഗകാലം (ബിസി 184-148) അതിനാൽ ബറാബർ മലകൾ ബുദ്ധിസ്റ്റുകളിൽ നിന്ന് ജൈനരിലേക്ക് എത്തുന്നത് ഹൈന്ദവരിലൂടെയാണ്. ഹൈന്ദവരിൽനിന്നാണ് അത് ബുദ്ധിസ്റ്റുകളിലെത്തിയതും. അശോകനു മുമ്പ് കലിംഗം അവരുടേതായിരുന്നുവല്ലോ. എന്തുകൊണ്ടാണ് മേൽക്കൂരയും അകത്തെ മുറിയും പൂര്ത്തിയാകാതെ വിട്ടത്. അജന്ത 24ആം ഗുഹയിലും

പൂർത്തിയാകാതെ വിട്ട ലക്ഷണമുണ്ട്. സമുദ്ര ഗുപ്തൻ ഗുഹകളെ ഉപയോഗിച്ചു, പക്ഷേ നശിപ്പിച്ചില്ല. ഹിന്ദുമതം വിഗ്രഹങ്ങളെ നശിപ്പിക്കുന്നില്ല, ക്ഷേത്രത്തെയും നശിപ്പിക്കുന്നില്ല. ലോമശ ഗുഹാക്ഷേത്രം അശോകനു മുമ്പുള്ളതാവണം. മുതലയും ആനയും മാത്രമല്ല, തോരണമായ ഫേക്കേഡിൽ സുന്ദരമായ പാലാഴിമഥനവും ഗജലക്ഷ്മിയും ഉണ്ട്. ലക്ഷ്മിക്ക് പകരം മന്ധരപർവ്വതമാണ്. നാഗാർജ്ജുനപർവ്വതത്തിലെ ഗുഹകളുണ്ടാക്കിയ ദശരഥൻ ഇവയെ പൂർത്തീകരിച്ചിട്ടില്ല. ജൈനഗുഹകളുടെ രീതിയല്ല ഇവിടത്തേതെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു. മൌര്യരോ അതിനു മുമ്പുള്ളവരോ ആണ് ബാറാബർ ഗുഹാശിൽപ്പികൾ. എല്ലാം വെച്ച് പൂർത്തിയാക്കാതെ വിട്ടതിനു കാരണം ഗുഹാഭിത്തിയിലെ വിള്ളലുകളോ മറ്റ് ദോഷങ്ങളോ ആവാമെന്ന് പുരാവസ്തു ഗവേഷകർ കരുതുന്നു. അതിനാലാവാം സമർപ്പണലിഖിതം ഇല്ലാതെ പോയതും.

പിന്നെ വന്ന ഖരവേലൻ ആജീവകന്മാരെ ഓടിച്ചു അവരുടെ പേരും ചുരണ്ടിക്കളഞ്ഞു . ബാരാബർഗുഹകളിൽ തന്റെ സൈന്യത്തിന് താമസിക്കാൻ സ്ഥലം കൊടുത്തു. മഴക്കാലത്ത് ചോർച്ച കാരണം മുകൾത്തട്ടിലെ വിള്ളലിൽ നീണ്ട പ്ലാസ്റ്റർ ഒട്ടിച്ചത് ഇവരായിരിക്കാം. . മൌര്യൻ

ശില്‍പ്പികളെക്കൊണ്ട് ഖരവേലന്‍ ഗുഹയെ ഒട്ടൊന്ന് മിനുസമാക്കാനുള്ള ശ്രമം നടത്തി.

മകരം അഥവാ മുതലചിഹ്നം സൈന്ധവസംസ്കൃതി മുതലേ ഇന്ത്യക്കാരുടെ ചിഹ്നമാണ്. ഗുപ്തകാലം വരെ ഇതു കാണുന്ന സ്ഥിതിക്ക് ബിസി 3ആം നൂറ്റാണ്ടിലെ ലോമശഗുഹയില്‍ കാണുന്നതില്‍ അത്ഭുതമില്ല. പാലാഴിമഥനചിത്രത്തിന്റെ താഴെയാണ് മകരമുള്ളത്, എന്നതിനാല്‍ സമുദ്രദേവനായ വരുണചിഹ്നമായാണ് അത് ഉപയോഗിച്ചിരിക്കുന്നത്. ഇത് ദക്ഷിണാപഥത്തിന്റെ ചിഹ്നമാണെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നു. സ്വസ്തികവും ത്രിശൂലവും കൂടി കാണുന്നത് ദക്ഷിണാപഥത്തിലെ ശൈവരുടെ സാന്നിദ്ധ്യം കാണിക്കുന്നതായി ജാക്സണ്‍ കരുതുന്നു. മുതലക്ക് താഴെ മത്സ്യം കാണുന്നത് സമുദ്രത്തേയും പാണ്ഡ്യനേയും സൂചിപ്പിക്കുന്നു. അശോകലിഖിതങ്ങളില്‍ ജൌഗദ പാറലിഖിതത്തില്‍ മാത്രമാണ് സ്വസ്തികം ഉള്ളത്. സൈന്ധവകാലം തൊട്ട് ഭാരതം ഉപയോഗിക്കുന്ന ചിഹ്നമാണിത്. ജൌഗദ ഋഷികുല്യാനദിയുടെ വടക്കെതീരത്ത് ഗഞ്ചം നഗരത്തിന് 18 മൈല്‍ വടക്കുപടിഞ്ഞാറായി, ഗഞ്ചം ജില്ല ബേരാംപൂര്‍ താലൂക്കിലുള്ള (മദ്രാസ്) പൊളിഞ്ഞുകിടക്കുന്ന മലക്കോട്ടയാണ്. സ്വസ്തികം ദക്ഷിണേന്ത്യന്‍ ദ്രാവിഡചിഹ്നമാണ്. ത്രിശൂലം ശൈവരും ജൈനരും ഉപയോഗിക്കുന്നുണ്ട്. സ്വസ്തികവും ത്രിശൂലവും സൈന്ധവ

ദ്രാവിഡസംസ്കൃതിയിലും ക്രട്ടൻ ഫുണീഷ്യൻ സംസ്കൃതിയിലും കാണുന്നത് ഇവയുടെ സഞ്ചാരപഥം കാണിക്കുന്നു. പാണ്ഡ്യന്റെ മത്സ്യവും ഇതുപോലെ വീക്ഷിക്കണം. മത്സ്യവും മുതലയും സ്വസ്തികവും ജൈനരും ഹൈന്ദവരും ഒരേപോലെ ഉപയോഗിക്കുന്നു.ഉത്കലം, കലിംഗം, കൊങ്ങാതം (ഗഞ്ചം) ഇവ മൂന്നും ചേർന്നതാണ് ത്രികലിംഗദേശം. ഉഡ്ര, ഉത്കല, കലിംഗദേശങ്ങൾ ദശാർണ്ണം, ദക്ഷിണകോസലം ഇവയുടെ ഭാഗമായിരുന്നു. ഇത് മഹാനദിക്കും ചിൽക്ക തടാകത്തിനുമിടയിൽ , ഗഞ്ചാം ജില്ല കൂടി ഉൾപ്പെട്ട ദക്ഷിണേന്ത്യൻ പ്രദേശമാണ്. കലിംഗത്തിന് വളരെ പുരാതനമായ ചരിത്രമുണ്ട്. ഐതരേയബ്രാഹ്മണം കലിംഗത്തിലെ ഭോജ രാജാക്കന്മാരെ പറയുന്നു. മഹാഭാരതത്തിൽ വൈതരണിപുഴ മുതലുള്ള വനപ്രദേശമാണ് കലിംഗം. ബലിപത്നിയായ കലിംഗത്തിലെ രാജ്ഞി സുസേനക്ക് മുനി ദീർഘതമസ്സിൽ 5 മക്കളുണ്ടായി. അവർ അംഗം, വംഗം, കലിംഗം, പുണ്ഡ്രം, സുഹ്മം എന്ന് 5 രാജ്യം ഉണ്ടാക്കി. ഗംഗാനദിയുടെ രാപനാരായണശാഖ മുതൽ തെക്ക് ഗോദാവരീതീരം വരെയാണ് കലിംഗം. കിഴക്കേ സമുദ്രം മുതൽ ഇന്ദ്രാവതി ഗോദാവരിയിൽ ചേരുന്ന സംഗമസ്ഥാനം വരെയും കലിംഗം വ്യാപിച്ചുകിടക്കുന്നു. അപ്രകാരം വടക്കോട്ട് ബുർധ്വാനിനടുത്ത് ഗംഗ വരെ എത്തുന്നു. പാണിനി കലിംഗത്തെ പറയുന്നുണ്ട്. കൌടി

ല്യന്റെ അർത്ഥശാസ്ത്രം പ്രത്യേകതരം പരുത്തി (കലിംഗം) ഉണ്ടാക്കുന്നസ്ഥലമെന്ന് പറയുന്നു. മഹാഭാരതത്തിൽ അതിന്റെ തലസ്ഥാനം രാജപുരിയും, പ്രധാനയജ്ഞസ്ഥാനം യജ്ഞപുരവും (ഇപ്പോൾ ജജ്പൂർ) ആണ്. ധർമ്മൻ സ്വയം യജ്ഞം അനുഷ്ഠിച്ച സ്ഥലമാണിത്. കുംഭകാര ജാതകം , ഉത്തരാദ്ധ്യായം കലിംഗരാജാവ് കരണ്ഡു ഗാന്ധാരത്തിലെ നഗ്നജിത്തിന്റേയും വിദർഭത്തിലെ ഭീമന്റെയും സമകാലീനനെന്ന് പറയുന്നു. മഹാഗോവിന്ദസുത്താന്തം ശത്തബാഹു കാശിയിലെ ദത്തരാത്തന്റെ സമകാലികനെന്ന് പറയുന്നു. (ശതപഥബ്രാഹ്മണത്തിലെ ധൃതരാഷ്ട്രൻ). കലിംഗവും മഗധയും തമ്മിലുള്ള ബന്ധം മഹാവംശം പറയുന്നു. ബംഗാളിലെ രാജ്ഞിയുടെ മകളായ കലിംഗരാജകുമാരിയാണ് വിജയന്റെ അമ്മ. ബിസി 4ആം നൂറ്റാണ്ടിനു മുമ്പ് മഗധയിലെ നന്ദവംശത്തിലെ നന്ദിവർമ്മൻ കലിംഗത്തെ ആക്രമിച്ച് സ്വന്തമാക്കി. പിന്നീടാണ് അശോകന്റെ ആക്രമണം. ചിലപ്പതികാരം കലിംഗത്തിലെ വിജയനെ പറയുന്നുണ്ട്. ഭരതമുനി തോസലം, കലിംഗം ഇവയെ ഒന്നിച്ചാണ് പറയുന്നത്. പ്ലിനി കലിംഗാതിർത്തിയിലെ കോസല, മോസല,ദ്രാവിഡ,ആന്ധ്ര,മഹാരാഷ്ട്ര, ബെന്യ, വനവാസികളെ മാല്യവാനെന്നാണ് പറയുന്നത്. ഇവ ദക്ഷിണാപഥം ആണെന്നും. ദാക്ഷിണാത്യരുടെ ലാസ്യം, ശൃംഗാരം, ഇവ (കൈശികി) ഇവിടെയാണ് ഉണ്ടായത്. ദക്ഷിണാ

പഥം മുഴുവനും ഗോതമിപുത്രശതകർണ്ണി ഭരി ച്ചിരുന്നു. പിന്നീടാണ് കലിംഗം ഐക്ഷ്വാകുവാ , യ വീരപുരുഷദത്തന് ലഭിച്ചത്. 4-7 നൂറ്റാണ്ട് എഡി, മഗധയിലെ ഗുപ്തന്മാരും വാകാടകരും കലിംഗം ഭരിച്ചു. ശൈലോത്ഭവർ, ഭോജർ, സോമവംശികൾഇവരെല്ലാം കലിംഗം ഭരിച്ചിട്ടു ണ്ട്. 8-11 നൂറ്റാണ്ടുവരെ കോസല,മഗധരാജ്യ ങ്ങളിലെ ഗുപ്തന്മാരുടെ ശാഖയായ കേസരി വംശം ഭരിച്ചിട്ടുണ്ട്.9ആം നൂറ്റാണ്ടിൽ രാജശേഖ രൻ കലിംഗത്തെ അംഗവംഗകോസല തോസല ഉത്കലമഗധ മുദ്ഗര വിദേഹരാജ്യങ്ങളോടു കൂടി കിഴക്കേ ഇന്ത്യയുടെ ഭാഗമായി പറയു ന്നു. 11-15ആം നൂറ്റാണ്ടു വരെ കലിംഗം ഭരിച്ചത് ഗംഗന്മാരാണ്. 15ആം നൂറ്റാണ്ടിൽ 1542 വരെ സൂര്യവംശികൾ ഭരിച്ചു. 1560 വരെ ബോയിരാ ജവംശം ഭരിച്ചു. പിന്നീട് തെലുഗുരാജവംശം ഭരിച്ചു. ഒറീസയിലെ അവസാനഹിന്ദുരാജാവ് കാലാപാഹന്റെ സമകാലീനനായ മുകുന്ദദേവനാ ണ്. ആദ്യമായി കലിംഗത്തെ ആക്രമിച്ച മുഹമ്മ ദീയൻ ഇസ്മെയിൽ ഖാസി (1510)യാണ്. 1567-68ൽ ബംഗാളിലേയും ബീഹാറിലേയും നവാബ് സുലൈമാൻ കറൈമി ആക്രമിച്ചു. 1592ൽ മുഗള ന്മാരും ആക്രമിച്ചു. അക്ബറിന്റെ കീഴിൽ മാൻസിങ്ങ് കലിംഗത്തിലെ ഗവർണ്ണറായി. 1741-42ൽ മറാത്താ ആക്രമണം. 1756-1803 വരെ 48 വർഷം അവർ ഭരിച്ചു. 1803 മുതൽ ബ്രിട്ടീഷുകാ രുടേതായി .വംഗ, അംഗനാടുകളോടുള്ള

അതിന്റെ ദീർഘകാലബന്ധം 1911ൽ ബീഹാർ, ഒറീസ്സ പ്രോവിൻസുകളുടെ ഏകീകരണത്തോടെ പുനസ്ഥാപിച്ചു. മഹാഭാരതകാലത്ത് അംഗരാജാവ് കർണ്ണനും കലിംഗരാജകുമാരി ഭാനുമതിയും ദുര്യോധനപക്ഷമാണ്. ഭാനുമതി ദുര്യോധനപത്നിയും കർണ്ണന്റെ സുഹൃത്തുമാണ്.(കൌശലക്കാരനായ ദുര്യോധനൻ അംഗരാജ്യം കർണ്ണന് കൊടുത്തതും കലിംഗരാജകുമാരിയെ വിവാഹം കഴിച്ചതും പൂർവ്വസമുദ്രതീരത്തെ തുറമുഖസ്ഥാനം സ്വന്തമാക്കാനാണ്. പശ്ചിമ സമുദ്രതീരത്തെ പാണ്ഡവബന്ധു കൃഷ്ണന്റെ ദ്വാരകാതുറമുഖത്തിന് ഒരു എതിരിയായി ആ തുറമുഖത്തെ കച്ചവടം അദ്ദേഹം കണ്ടിട്ടുണ്ടാവണം) അക്കാലത്ത് രാജപുരിയാണ് കലിംഗതലസ്ഥാനം. കുംഭകാരജാതകം, ഉത്തരാദ്ധ്യായസൂത്രം, മഹാഗോവിന്ദസൂത്താന്തം കാലത്ത് ദന്തപുരമാണ് തലസ്ഥാനം. മഹാവംശം കപിലപുരവും സിംഹപുരവും തലസ്ഥാനമായി പറയുന്നു. ഖരവേലന്റെ ഹാത്തിഗുംഫ ലിഖിതം 13 ആം വരി പേരു പറയാതെ ഇടം എന്നു മാത്രമാണ് തലസ്ഥാനത്തെ പറയുന്നത്. അശോകന്റെ കലിംഗശാസനം തോസലമെന്നും കാളിദാസന്റെ രഘുവംശം സമുദ്രതീ രത്തെ കോസലനഗരി എന്നും പറയുന്നു. ലിംഗരാജക്ഷേത്രനിർമ്മാതാവാണ് ഇതിന് ഭുവനേശ്വരമെന്ന പേരിട്ടത്. ഭുവനേശ്വരം, കാശി, പാടലീപുത്രം ഇവയെ ഭാരതത്തിലെ ശാശ്വതനഗരങ്ങളെന്ന് വിളിക്കു

ന്നു. മൌര്യരുടെ തോസലി കേസരിവംശത്തിന്റെ ഭുവനേശ്വർ തന്നെയാണ്.

തോസലി രാമായണത്തിലെ ഉത്തരകോസലമല്ല. മദ്ധ്യേന്ത്യയിലെ മഹാകോസലം അഥവാ ദക്ഷിണകോസലം ആണ്. മഹാനദിയുടെ മുകളിലെ ഭാഗം, ബംഗാളിന്റെ ഭാഗങ്ങൾ, മഗധ ഇവയെല്ലാം ഇതിലുണ്ട്. അഥര്വ്വവേദപരിശിഷ്ടം അദ്ധ്യായം 58 കോസല,തോസലങ്ങളെ തെക്കൻ സമുദ്രതീരജനതയായിട്ടാണ് പറയുന്നത്. മത്സ്യപുരാണം തോസല-കോസലങ്ങളെ പറയുന്നു. വാഗ്ഭടന്റെ കാവ്യാനുശാസനം വാരാണസ്യാഃ പഗതഃപൂർവ്വദേശഃ യത്രാംഗകലിംഗ കോശല തോസലോത്കല,,, എന്നും. കാവ്യാനുസന്ധാനം (ഹേമചന്ദ്ര), ഹരിവംശം, വിഷ്ണുപുരാണം, ഇവയിലെല്ലാം തോസലത്തിലെ മല്ലനെ കൃഷ്ണൻ തോൽപ്പിച്ചത് പറയുന്നുണ്ട്. ഹേമചന്ദ്രന്റെ പരിശിഷ്ടപർവ്വം ദാസപൂർവ്വികളുടെ അവസാനത്തെ വജ്രഗുരുവിന്റെ ശിഷ്യൻ ആര്യരക്ഷിതനെന്ന രക്ഷിതസ്വാമിൻ എന്ന ജൈനഗുരു തോസലീപുത്രനാണെന്ന് പറയുന്നു. 8ആം നൂറ്റാണ്ടിലെ ഒറീസാരാജാവ് ശുഭകരദേവ എഡി 795ൽ ചൈനയിലെ ചക്രവർത്തിക്ക് ഗന്ധവ്യൂഹം എന്ന ഗ്രന്ഥത്തിന്റെ പ്രതി (ഉത്തരതോസലിയിലെ ധർമ്മഗ്രന്ഥം) കൊടുത്തയച്ചിട്ടുണ്ട്. ഗുപ്തവർഷം 283 എഡി 601ൽ പട്യാകെല്ല ഗ്രാന്റിൽ രാജാവ് ശിവരാജൻ ദക്ഷിണതോസലിയിലാണ് താമസിക്കുന്ന

തെന്ന് കാണുന്നു. ലിഖിതം ഒറീസയിലെ കട്ടക്കിലാണ് കണ്ടത്. കട്ടക്ക് ജില്ലയിൽ, ഭുവനേശ്വരിന് 4 മൈൽ തെക്കുകിഴക്ക് ധൌലിയിൽ അശ്വത്ഥാമാ പാറമെൽ അശോകലിഖിതം ഉണ്ട്. ധൌലി, ഖണ്ഡഗിരി , ഉദയഗിരി എന്നാ പ്രാന്തപ്രദേശം ഇവ അശോകന്റെ കാലത്ത് തോസലിയാണ്. തെലിംഗ മുകുന്ദദേവ ഭുവനേശ്വരത്തിനു പകരം കാടകം തലസ്ഥാനമാക്കിയെങ്കിലും ഭുവനേശ്വർ പ്രധാന നഗരമായി തുടർന്നു. മഹാമഹോപാദ്ധ്യായ ഹരപ്രസാദശാസ്ത്രി ധൌളി, ദോഹാളി, തോഹാളി , തോസാലി എന്നാണ് ഉച്ചാരണമാറ്റം വന്നതെന്ന് കരുതുന്നു. വരാഹമിഹിരൻ ബൃഹദ്സംഹിതയിൽ വടക്കെ ഹൂണജനതയെ പറയുമ്പോൾ കോഹലന്മാരെന്ന് പറയുന്നത് ഭാഷ്യകാരനായ ഉത്പലൻ കോസലനെന്ന് പറയുന്നു. ദൂഹലനെ ദൂസരനെന്ന് ഉച്ചരിക്കുന്നതും ചൂണ്ടിക്കാട്ടപ്പെടുന്നു. ദിയഹത്തിനെ ദിവസമെന്നും ഉച്ചരിക്കുന്നവരുണ്ട്. ഹകാരം സകാരമാവുന്ന ഉച്ചാരണമാറ്റം. ധൌളി നേരിട്ട് ധൌസലിയും തോസലിയുമാകാം. പൈശാചി ഗ്രൂപ്പ് ആയ ലണ്ട,സിന്ധി, പഞ്ചാബി, കാശ്മീരി,ഭാഷകളും വടക്കുകിഴക്കൻ ഭാഷകളും , പ്രത്യേകിച്ച് ഒറീസയിലെ ഭാഷ, തമ്മിൽ കൂടുതൽ അടുപ്പവും സാമ്യവും ഉള്ളതായി ഭാഷാവിചക്ഷണരും പറയുന്നു.

ശുഭകരദേവൻ കൊടുത്തയച്ച ഗന്ധവ്യൂഹം (ബുദ്ധിസ്റ്റ് സംസ്കൃതഗ്രന്ഥം) ചൈനീസ് ഭാഷയിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ശിക്ഷാസമുച്ചയത്തിൽ ശാന്തിദേവൻ പലപ്പോഴും ഉദ്ധരിക്കുന്ന ഗ്രന്ഥമാണിത്. ഇതിൽ തോസലിയുടെ സ്ഥാനം പറയുന്നു:- ഗഛ കുലപുത്രേഹൈവ ദക്ഷിണാപഥേ അമിതതോസലേ ജനപദേ തോസലം നാമ നഗരം തത്ര സർവ്വഗ്രാമി പരിവ്രാജകോ പ്രതിവസതി. യേനാമിതതോസലോ ജനപദ സതേനോപജഗാമോവേത്യ തോസലം നഗരം പരിമാർഗ്ഗൻ പരിഗവേഷമാണോനുപൂർവ്വേണ തോസലം നഗര മനുപ്രാപ്തഃ സൂര്യാസ്തംഗമന കാലേ സ തോസലം നാമ നഗരം അനുപ്രവിശ്യ മദ്ധ്യേ നഗരശൃംഗാടകസ്യ സ്ഥിത്വാ വീഥീമുഖേന ചത്വരേണ ചത്വരം രഥ്യയാ രഥ്യം സർവ്വഗ്രാമിണം ഉഛരാക്ഷീത് രാത്ര്യാ മശാന്തായാം തോസലസ്യ നഗരസ്യോത്തരേ ദിഗ്ഭാഗേ സുരഭം നാമ പർവ്വതം തസ്യ ശിഖരേ വിവിധതൃണഗുൽമൌഷധിവനാരാമരചിതേ മഹാവഭാസപ്രാപ്തം ഭാസ്കരമിവൌദിതം തസ്യ തമവഭാസം ദൃഷ്ട്വാ....

മഞ്ജുശ്രീയുടെ ശിഷ്യൻ സുധനൻ യാത്ര പോകുമ്പോൾ, അചലസ്ഥിരാ എന്ന ഉപാസിക വഴി പറഞ്ഞുകൊടുക്കുന്ന ഭാഗമാണിത്. ദക്ഷിണാപഥത്തിലെ അമിതതോസലരാജ്യത്ത് തോസലനഗരത്തിൽ സർവ്വഗ്രാമിപരിവ്രാജകൻ താമസിക്കു

ന്നു. അവിടെ എത്തിയ സുധനൻ ഓരോ വഴി യും, സ്ഥലവും രഥ്യയും കണ്ട് തോസലനഗര ത്തിന്റെ ഉത്തരഭാഗത്തുള്ള സുരഭപർവ്വതം കാണുമ്പോൾ സൂര്യാസ്മയമായിരുന്നു . ആ പർവ്വതം വൃക്ഷവും കാടും ഔഷധികളും. പുല്ലും നിറഞ്ഞ് കാണപ്പെട്ടു.

ലിഖിതങ്ങൾ പ്രകാരം കലിംഗത്തിലെ രാജഭര ണം- ബിസി 3- എഡി 8 നൂറ്റാണ്ടുവരെ. 3ആം നൂറ്റാണ്ടിൽ അശോകന്റെ ആക്രമണം. 2ആം നൂറ്റാണ്ടിൽ ഖരവേലന്റെ മഗധ ആക്രമണം. ഹാത്തിഗുംബ ശാസനം. അതേ ഗുഹയിൽ ശതകർണ്ണിയെ അവിടെനിന്ന് ആട്ടിയോടിച്ചതും പറയുന്നു. അതിനാൽ ആന്ധ്രശതകർണ്ണിമാർ അവിടെ ഭരിച്ചിരുന്നു. 2ആം നൂറ്റാണ്ട് എഡി യിലും അവരവിടെ ഭരിക്കുന്നുണ്ട്. എഡി 567- 598 കീർത്തിവർമ്മൻ ചാലൂക്യൻ കലിംഗം ഭരിച്ചു, മംഗളേശന്റെ സ്തംഭലിഖിതം. മകൻ പുലകേശി 2 എഡി 7ആം നൂറ്റാണ്ടില് കലിംഗം കീഴടക്കി. (ഐഹോൾ ലിഖിതം) 8ആം നൂറ്റാണ്ടി ൽ ദന്തിദുർഗ്ഗ രാഷ്ട്രകൂടൻ ആക്രമിച്ചു, എഡി 877 രാഷ്ട്രകൂട കൃഷ്ണ 2 കലിംഗം കീഴടക്കി. അകാല വർഷനും ഭരിച്ചു.

എഡി 11ആം നൂറ്റാണ്ടു മുതൽ:- കിഴക്കൻ ചാലൂ ക്യ രാജരാജദേവ കലിംഗം ആക്രമിച്ചു. രാജേ ന്ദ്രചോളന്റെ പൌത്രൻ ചോഡഗംഗൻ 11ആം നൂറ്റാണ്ടിന്റെ അവസാനം കലിംഗത്തിലെ ഗംഗ

വംശം സ്ഥാപിച്ചു. എഡി 1078ലായിരുന്നു അദ്ദേഹത്തിന്റെ കിരീടധാരണം. കലിംഗത്തിലെ ഗംഗ വംശത്തിലെ രാജാക്കന്മാർ:-

1 ചോഡഗംഗൻ (പുരിക്ഷേത്രം നിർമ്മിച്ചു)

2 കാമാർണ്ണവ 7 (മധുകാമാർണ്ണവ)

3 രാഘവൻ

4 രാജരാജ 2

5 അനംഗഭീമദേവ (പുരിക്ഷേത്രം പരിഷ്കരണം)

6 രാജരാജ

7 അനംഗദേവഭീമ

8 നൃസിംഹദേവ 1 (കോണാരക്ക് ക്ഷേത്രനിർമ്മിതി)

9 വീരഭാനുദേവ 1

10 നരസിംഹദേവ 2

11വീരഭാനുദോവ 3

12 നൃസിംഹദേവ 4

വിദ്യാധരന്റെ ഏകാവലിയിൽ (മല്ലീനാഥന്റെ തരലാഭാഷ്യസഹിതം) പറയുന്ന നരസിംഹദേവൻ പുരി ലിഖിതത്തിലെ കവിപ്രിയ, കവികുമുദചന്ദ്ര എന്ന് വിളിക്കുന്ന നൃസിംഹദേവ 2 ആണ്. ഗംഗാവംശാനുചരിതത്തിൽ 27 രാജനാമം ഉണ്ട്.

1. കുടഗംഗ
2. ചുഡഗംഗ
3. രാജരാജേശ്വരി
4. അതിരഥ
5. ഏ്വകജാതി കാമദേവ
6. മദനകാമദേവ
7. അനംഗഭീമ
8. നൃസിംഹ
9. ഭീമനൃസിംഹ
10. പുരുഷോത്തമനൃസിംഹ
11. കവി നൃസിംഹ
12. ആകതാ സരതാ നൃസിംഹ
13. പ്രതാപനൃസിംഹ
14. നിശാംഗഭാനു
15. ബടുലഭാനു
16. വീരഭാനു
17. രുചികഭാനു
18. മധരഭാനു
19. കജ്ജലഭാനു
20. സ്വർണ്ണഭാനു
21. കാലചന്ദ
22. ചൂഡഗംഗ
23. നൃസിംഹ
24. അനന്ത
25. പത്മനാഭ
26. പീതാംബര

27. പുരുഷോത്തമ . പീതാംബരന്റെ ഒന്നുവിട്ട സഹോദരൻ, വാസുദേവപുത്രൻ

നൃസിംഹദേവ 4ആമന്റെ താമ്രപത്രലിഖിതങ്ങൾ മാടലപഞ്ചിയിലെ എല്ലാ കാര്യവും വിശ്വസനീയമല്ല എന്ന് കാണിക്കുന്നു. ഗംഗാവംശാനുചരിതം ഒരേ ആൾ പല ബിരുദം വഹിച്ചതായും കാണിക്കുന്നു. ദേവേഷുചാവിരഭവത് പ്രഥമം കൂടംഗോ യം ചൌഡഗംഗ ഇതി കേചന നിർദ്ദിശന്തി. 1119 ശകം എഡി 1197ലാണ് അനംഗഭീമൻ പുരിക്ഷേത്രം പണിതത്. കൊണാരക്കിലെ ചെറിയ ക്ഷേത്രം നൃസിംഹദേവ 1 1119 ശകം എഡി 1197ൽ പണിതു. അനിയംഗദേവ എഡി 1193- 1199 വരെ ഭരിച്ചു. ചോഡഗംഗപുത്രനാണ് അനംഗദേവ 2 . അനംഗഭീമദേവ 1170- 1202 വരെ. 1435ൽ ഗംഗവംശത്തെ പരാജയപ്പെടുത്തിയത് സൂര്യവംശത്തിലെ കപിലേന്ദ്രദേവനാണ്. 1542 വരെ സൂര്യവംശം ഭരിച്ചു. അതിൽ 3 പ്രധാനരാജാക്കന്മാരുണ്ടായിരുന്നു. കപിലേന്ദ്രദേവ, പുരുഷോത്തമദേവ, പ്രതാപരുദ്രദേവ. ഇദ്ദേഹം ചൈതന്യന്റെ സമകാലീനനാണ്. സൂര്യവംശത്തിനു ശേഷം വന്ന ബോഇ വംശം 1560 വരെ ഭരിച്ചു. പിന്നെ തെലുഗുവംശത്തിലെ മുകുന്ദദേവ രാജാവായി. കാലാപഹാരയുദ്ധത്തിൽ സ്വന്തം സാമന്തരാണ് അവസാനത്തെ ഈ ഹിന്ദുരാജാ

വിനെ വധിച്ചത്. സുലൈമാൻ കറാനി ബംഗാൾ ബീഹാർ നവാബ് പിന്നെ ഭരിച്ചു.

3ആം നൂറ്റാണ്ടു ബിസി മുതൽ: മൌര്യവംശം, 2ആം നൂറ്റാണ്ടു ബിസി മുതൽ സുംഗവംശം, 2ആം നൂറ്റാണ്ടിൽ ഖരവേലൻ, എഡി 2ആം നൂറ്റാണ്ടിൽ ആന്ധ്രവംശം, 4ആം നൂറ്റാണ്ട് എഡി മുതൽ ഗുപ്തവംശം, 6-8 നൂറ്റാണ്ട് വരം പടിഞ്ഞാറൻ ചാലൂക്യവംശം.

11ആം നൂറ്റാണ്ടുമുതൽ 15ആം നൂറ്റാണ്ടുവരെ ഗംഗവംശം, 15-16 നൂറ്റാണ്ട് സൂര്യവംശം, 16ആം നൂറ്റാണ്ടിൽ ബോഇവംശം , 1568 വരെ തെലിംഗവംശം, 1592 വരെ പത്താൻവംശം, 1742 വരെ മുഗൾവംശം, 1767-1903 വരെ മറാത്ത, 1803 മുതൽ ബ്രിട്ടീഷ്.

8-11 നൂറ്റാണ്ടുകൾക്കിടയിൽ കലിംഗം ആരു ഭരിച്ചു. 3 വംശങ്ങളെ കുറിച്ച് അറിവുണ്ട്.

ഗുപ്തകാലം 300ത്തിൽ ശൈലോത്ഭവവംശം. ഹ്യുയാങ് സാങ് എഡി 619-29ൽ പറയുന്നു. കൊങ്ങോത മഹാരാജാ സത്യവർമ്മൻ, ദേവേന്ദ്രവർമ്മൻ, ഇന്ദ്രവർമ്മൻ(ആ ദിരാജാ ഇന്ദ്ര). രാജാപൃഥ്വീമൂലന്റെ ഗോദാവരി പ്ലേറ്റിൽ ജയസിംഹ 1 (ശകം 549-579) നെന്ന കിഴക്കൻചാലൂക്യ ഇന്ദ്രകഭട്ടാരകന്റെ അനുജനെ (വിഷ്ണുവർദ്ധന 2 ന്റെ പിതാവ് (ശകം 579-586, ശകം 582-91) താൻ തോൽപ്പി ച്ചതായി

പറയുന്നു. അതാണ് ഇവിടെ ഇന്ദ്ര രാജാ, മൂന്നാമത്തെ വംശം കരരാജവംശം. 8 ലിഖിതം ഇവരുടേതായി കിട്ടി. ദന്തിമഹാദേവിയുടെ താമ്രപത്രലിഖിതത്തിലെ വംശാവലിഃ- ഉന്മത്തസിംഹ, ഗയാദ, ലോലഭാര, കുസുമഭാര, ലലിതഭാര, ശാന്തികര(ക്ഷേമങ്കര), ദന്തി മഹാദേവി. കാമരൂപത്തിലെ അസുരവംശമാണ് കരവംശം. ഗയാദതുംഗനും പ്രതാപധവളനുമായ ബന്ധം ചിലർ ചൂണ്ടിക്കാട്ടുന്നു. ശുഭകരന്റെ നൌൾപൂർ ലിഖിതം തങ്ങൾ സോമാന്വയാദവാപ്തജന്മമാണെന്ന് ചന്ദ്രവംശപരമ്പര കാണിക്കുന്നു.

കാടകത്തിലെ സോമവംശികൾഃ- ഭോജന്മാരും സോമവംശികളാണ്. 9-11 നൂറ്റാണ്ട് വരെ ഒറീസയിലെ കേസരിവംശം പ്രബലമായിരുന്നു. കോസലഗുപ്തവംശത്തിലെ ശാഖയിലാണ് ആദ്യരാജാവ് മഹാശിവഗുപ്ത യയാതികേസരി ജനിച്ചത്. അദ്ദേഹമാണ് കേസരിവംശജനയിതാവ്. (ഇവരെ കുറിച്ച് ശരഭപുരി ലിഖിതങ്ങളിൽ നേരത്തേ പരാമർശിച്ചിരുന്നു) 8ആം നൂറ്റാണ്ടിൽ കോസലസാമന്തനായ തീവരദേവ ചന്ദ്രഗുപ്ത പ്രബലനായിരുന്നു. പിൻഗാമികളായി ഹർഷഗുപ്ത, ശിവഗുപ്ത, ഭവഗുപ്ത, മഹാശിവഗുപ്ത. മഹാശിവ ഗുപ്ത (കാടക താമ്രപത്രം) യയാതി കേസരിയാണ്. യയാതിക്കു ശേഷം വന്ന കേസരികൾ 9-11

നൂറ്റാണ്ടുവരെ- സൂര്യകേസരി, അനന്തകേസരി, ലലാടേന്ദ്രകേസരി (അലാബുകേസരി) ,നൃപതികേസരി .കൂർമ്മകേസരി, വരാഹകേസരി, ഉദ്യോതകരകേസരി.

സേതുബന്ധയാത്രയിൽ 588 ശകത്തിലെ ലലാടേന്ദുകേസരിയെ പറയുന്നു:-
ഗജാഷ്ടേഷുമിതേ ജാതേ ശകാബ്ദേ
കീർത്തിവാസസഃ പ്രാസാദമകരോ ദ്വാജാ
ലലാടേന്ദുശ്ച കേസരീ.

ഭുവനേശ്വർ ക്ഷേത്രത്തിലെ ഒരു ലിഖിതം ഗജാഷ്ടേന്ദുമിതോ ജാതേ ശകാബ്ദേ കൃത്തിവാസസഃ പ്രാസാദം കാരയാമാസ ലലാടസ്ഥേന്ദുശ്ച കേസരോ എന്നാണ്. ഇതനുസരിച്ച് യയാതി എഡി 474-526 വരെ, അലാബു 623-677 വരെ ഭരിച്ചിട്ടുണ്ട്. നൃപതികേസരി കാടകത്തിലേക്ക് തലസ്ഥാനം മാറ്റിയത് ഭുവനേശ്വരിന്റെ പ്രശസ്തിക്ക് മാറ്റു കുറച്ചു. ഉദ്യോതകരകേസരിയാണ് കേസരിവംശത്തിലെ അവസാനത്തെ രാജാവ്. കേസരിവംശത്തിലെ 44 രാജാക്കന്മാർ അവരിൽ പലരുടേയും ലിഖിതം കിട്ടാത്തതു കൊണ്ട് മിത്താണെന്ന് ഫ്ലീറ്റ് വിധിക്കയുണ്ടായി. ഉദ്യോതകേസരിയെ അനന്തവർമ്മൻ ചോഡഗംഗൻ എഡി 1078ലാണ് പരാജയപ്പെടുത്തുന്നത്. എഡി 5ആം നൂറ്റാണ്ടു മുതലുള്ള കേസരിവംശരാജാക്കന്മാരിൽ 11 ആം നൂറ്റാണ്ടിന്റെ അവസാനം വരെ 44 പേരു

ണ്ടാവുന്നത് അസംഭവിയമല്ല. ഭരണം ഉള്ളവ രാണ് ലിഖിതവും ശാസനവും പുറപ്പെടുവി ക്കുക. വംശത്തിലെ 44 പേരും അത് ചെയ്തി രിക്കണമെന്നില്ല.

ദക്ഷിണാപഥത്തിലെ ഭരണാധികാരികൾ ത്രിക ലിംഗാധിപതി എന്ന സ്ഥാനത്തിനുവേണ്ടി മത്സ രിച്ചിരുന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. രാജേന്ദ്രചോളന്റെ 2 പെണ്മക്കളെ വിവാഹം കഴിക്കുക വഴി (കലിംഗത്തിലെ രാജരാജനും, കിഴക്കൻ ചാലൂക്യ രാജരാജനും) കലിംഗത്തെ പൂർണ്ണമായി ഗുപ്തവംശത്തിൽനിന്ന് മാറ്റി, ദക്ഷിണാപഥരാജാക്കന്മാരുടേതാക്കി.കലിംഗ ത്തിലെ സോമവംശിരാജാക്കന്മാരുടെ അവസാ നം രാജേന്ദ്രചോള 1 നോടുകൂടിയാണ് പൂർണ്ണ മായത്. ഇത് ശരഭപുരി ലിഖിതങ്ങളിൽ ഞാൻ നേരത്തെ വ്യക്തമാക്കിയിരുന്നു. സുമാത്ര(ശ്രീ വിജയ)വുമായി വ്യാപാരത്തിന് ഈ തുറമു ഖം രാജേന്ദ്രചോളൻ ഉപയോഗപ്പെടുത്തി. ഇതേ ഉദ്ദേശമാണ് ദുര്യോധനന്റെ വിവാഹ വും സൌഹൃദവും ലക്ഷ്യമാക്കിയിരുന്നത്. എഡി 1ആം നൂറ്റാണ്ടിൽ ആദ്യമായി തങ്ങളു ടെ ദ്വീപിലേക്ക് കുടിയേറിയത് കലിംഗത്തി ൽനിന്നാണെന്ന് ജാവയിലെ സമ്പ്രദായം പറയു ന്നു. ആജിശാഖ കലിംഗത്തിൽനിന്നാണ് വന്ന ത്. (1ആം നൂറ്റാണ്ട്) ടോളമിയുടെ പാലൂരാണ് (ഗഞ്ചം ഋഷികുല്യാ) കലിംഗത്തിന് സമുദ്രത്തി

ലേക്കുള്ള വഴി. വിജയന്റെ സിലോണിലേക്കുള്ള കുടിയേറ്റത്തിന് ദന്തപുരം ആധാരമാക്കിവർത്തിച്ചിരുന്നു. മഹേന്ദ്രഗിരിയുടേയും മഹോദധിയുടേയും പ്രഭുവായ ഹേമാംഗദനെന്ന രാജാവിന്റെ സമുദ്രം കടന്നുള്ള സാമ്രാജ്യവികസനത്തിന് കലിംഗം സഹായിച്ചിരുന്നത് 5ആം നൂറ്റാണ്ടിലെ കാളിദാസനും പറയുന്നു. കിഴക്കൻ കടൽത്തീരത്തെ 2 പ്രധാന നാവിക തുറമുഖങ്ങൾ പാലെഊറയും ബന്തറിലെ (മുസലിപട്ട ണം) കുഡൂരയും(കൊണ്ടമുടി പ്ലേറ്റ്) ആയിരുന്നു. ദേവപാലന്റെ നളന്ദ ലിഖിതം , ശ്രീവിജയവും നളന്ദയും തമ്മിലുള്ളബന്ധവും, , കിറ്റിശിരി മേഘൻ സമുദ്രഗുപ്തന് ദൂതരെ അയച്ചതും പറയുന്നു. വളരെ കാലമായി ഈ തുറമുഖം ഉപയോഗത്തിലുണ്ട്. വിദേശവ്യാപാരവും കുടിയേറലും ആണ് ത്രികലിംഗാധിപ്ത്യത്തിന് ഇത്രയേറെ പ്രസിദ്ധി കൊടുത്തത്. പടിഞ്ഞാറൻ തീരത്തെ തുറമുഖങ്ങൾ പടി. ഞ്ഞാറൻ രാജ്യങ്ങളുമായി ഉള്ളതുപോലെ ഇവരും കിഴക്കൻ രാജ്യങ്ങളുമായി ബന്ധം പുലർത്തിയിരുന്നു. കലിംഗത്തിലെ ഗുപ്ത ലിപി, പല്ലവലിപിയായതും, അത് സുമാത്ര, ബാലി, ജാവ മുതലായ സ്ഥലങ്ങളിലേക്ക് വ്യാപിച്ചതും ഇപ്രകാരമാണ്. ഭാഷ മാത്രമല്ല, കലകളും വാസ്തുവും മിഥോളജിയും ചരിത്രവും എല്ലാം ഇവിടെനിന്ന് ജാവ, സുമാത്ര, ചമ്പദ്വീപുകളിലേക്ക് വ്യാപി ച്ചു. കേരളവും

കലിംഗവും കീർത്തിവർമ്മ ചാലൂക്യന്റെ ആക്രമണത്തിനു കേന്ദ്രമായത് ഈ പ്രത്യേകത കാരണമാണ്. വളരെക്കാലം അവർ ഈ രണ്ട് ഭാഗവും ഭരിച്ചു. പടിഞ്ഞാറൻ തീരത്തെ ഗംഗ വംശം കിഴക്കൻ തീരത്തുകൂടി ശാഖ ഉറപ്പി ച്ചതും ഇതേകാരണമാണ്. ചോള, ചാലൂക്യ, കേരള, കലിംഗബന്ധം തുറമുഖം കേന്ദ്രീകരിച്ച വ്യാപാരവും സാമ്രാജ്യവികസനവും കൂടി കണക്കിലെടുത്താണ്.

Reference: Early inscriptions of Bihar and Orissa. Patna University Readership lectures 1926-27 Ananthaprasad Banerji Sasthri .

കാഞ്ചി പല്ലവചരിത്രം.

മദ്രാസ് യൂണിവേഴ്സിറ്റിയിലെ ആർ ഗോപാല നെന്ന വിദ്യാര്‍ത്ഥിയുടെ റിസർച്ച് പ്രബന്ധം യൂണിവേഴ്സിറ്റി പ്രസിദ്ധീകരിക്കയുണ്ടായി (1928) പല്ലവന്മാരെന്ന നാമം , വടക്കുപടിഞ്ഞാ റൻ ഇന്ത്യയിലെ ശകപഹ്ല്ലവന്മാരാണെന്നും, അവരാണ് വടക്കുപടിഞ്ഞാറെ ഡെക്കാനിലും താമസമാക്കിയത് എന്നും ഒരു വിചാരം ചരിത്ര കാരന്മാർക്കിടയിലുണ്ടായിരുന്നു. പഹ്ലവരും പല്ലവരും തമ്മിലുള്ള പദസാമ്യം വെച്ച് മാത്ര മാണ് ഈ നിഗമനം വന്നത്. ഇതിനുള്ള ഒരു തെളിവും ഉണ്ടായിട്ടല്ല. അതിനാൽ ആ നിഗമനം ചരിത്രമല്ല, മിത്താണ്. തൊണ്ടയർ, തൊണ്ടമാൻ

എന്നു വിളിക്കുന്ന തമിഴുപദമാണ് തമിഴു താമ്ര പത്രലിഖിതങ്ങളിലുള്ളത്, അവയിൽ തളിരു കളെന്ന അർത്ഥത്തിലുപയോഗിച്ച പല്ലവപദ മാണ് പിന്നീട് വംശനാമമായി ഉപയോഗിക്കു ന്നത്. പുരാതനതൊണ്ടമാൻ വംശത്തിന്റെ തളി ർപല്ലവശാഖകളാണ് ചരിത്രത്തിലെ പല്ലവർ. 9ആം നൂറ്റാണ്ടിലെ രാജശേഖരൻ പല്ലവരും പഹ്ലവരും വ്യത്യസ്തരായി തന്നെ പറയുന്നത് ശ്രദ്ധേയമാണ്. പല്ലവർ വിദേശികളല്ല, ദക്ഷിണാ ത്യരാണ്. കാഞ്ചിപല്ലവരെ തൊണ്ടമാന്മാരെന്ന് ആദ്യകാലം മുതലേ വിളിക്കുന്നു. തൊണ്ടയരെ ന്നത് ഭഗവത്സേവകരെന്ന അർത്ഥമുള്ള വാക്കാ ണ്. അവരുടെ രാജ്യം തൊണ്ടൈമണ്ഡലമെന്ന് അറിയുന്നു. തിരുമങ്കൈ ആൾവാരുടെ പല്ലവൻ തൊണ്ടൈയർ കോൻ എന്ന പ്രയോഗം കാണുക. തിരുനെല്ലിയുടെ അടുത്ത പ്രദേശത്തിന് തൊ ണ്ടൈയർ നാട് എന്ന പേരുണ്ടായിരുന്നു

പല്ലവരുടെ ലിഖിതങ്ങളും താമ്രപത്രശാസനങ്ങ ളും ബെല്ലാരിജില്ല മുതൽ കിഴക്കോട്ട്, വടക്ക് കൃ ഷ്ണാനദി വരെയുള്ള പ്രദേശത്ത് നിന്ന് ധാരാ ളം ലഭിച്ചിട്ടുണ്ട്. നല്ലമല, പച്ചമല ഇവ ഒഴിച്ച് , തെക്ക് ചിറ്റൂർജില്ല, തിരുപ്പതി, ബംഗാൾ ഉൾക്കട ൽ വരെ അവരുടെ ലിഖിതങ്ങൾ തെക്കോട്ടും കാ ണാം. സംഘകാലത്ത് പാണ്ഡ്യരാജ്യം കിഴക്കും പടിഞ്ഞാറും സമുദ്രതീരം തൊട്ടിരുന്നു. അവിടെ നിന്ന് മുകളിലേക്ക് കരുവൂർ തൊട്ട് കിഴക്കുനി

ന്ന് പടിഞ്ഞാട്ട് ചേരരാജ്യം വ്യാപിച്ചുകിടന്നു. ഇതിലാണ് തിരുനെല്ലി വരുന്നത്. പാലക്കാട് എന്ന വെങ്കിരാജ്യവും ചേരരാജ്യത്തിലാണ്. നന്ദൻ എന്ന കാട്ടുരാജാവിന്റെ കൊങ്കണതീരം ഇതിലാണ് പെടുന്നത്. കിഴക്ക് വെള്ളാറിന്റെ തീരത്തുള്ളതും പുതുക്കോട്ടക്ക് ചുറ്റുമുള്ളതു മായ പ്രദേശം ചോളരുടേതായിരുന്നു. തെക്കൻ പെണ്ണാറുവരെ ചോളമണ്ഡലം ഉണ്ടായിരുന്നു. അതിനപ്പുറമുള്ളത് അറുവാനാട് എന്ന് വിളി ക്കപ്പെട്ടു. അറുവാനാടിന് തെക്ക്, വടക്ക് എന്ന് 2 ഭാഗം ഉണ്ടായിരുന്നു. അറുവാനാടിന്റെ പ്രധാന ഭാഗം തൊണ്ടയരുടെ നാടായിരുന്നു. ഈ തൊ ണ്ടൈ മണ്ഡലത്തിലാണ് കാഞ്ചി. ഇത് കാഞ്ചി മുതൽ തിരുപ്പതി വെങ്കടാദ്രി വരെ ഉൾപ്പെട്ടി രുന്നു. അവിടെനിന്ന് പുലിക്കാട്ട് തടാകം വരെ തൊണ്ടയരുടെ വടക്കേ അതിർത്തിയാണ്. കാള ഹസ്തിക്ക് ഇപ്പോഴും തൊണ്ടൈമാൻ മാഗനി എന്ന് ഒരു പേരുണ്ട്. വെങ്കടത്തിൽ തിരൈയൻ എന്ന ഒരു മുഖ്യൻ പവത്തിരി തലസ്ഥാനമാക്കി (നെല്ലൂർജില്ല, ഗുഡൂർ താലൂക്കിലെ റെഡ്ഡിപ ള്ളം) ഭരിച്ചിരുന്നു. ഒരു കാലത്ത് ഈ പ്രദേശം കാകന്തിനാട് എന്ന് അറിയപ്പെട്ടിരുന്നു. കാകന്ത നെന്ന് പേരുള്ള രാജാവിന്റെ പേരിലാണ് ഇത്. ചോളതലസ്ഥാനം പുകാറിനും ഈ പേരു കാണു ന്നു. എന്നാൽ കാകതീപുരമെന്ന പേരിൽ ഇപ്പോ ഴും ഉള്ള പ്രദേശം വന്ദേരിനാട്ടിലെ ചേരന്റെ പ്രദേശത്താണ് എന്നതും ശ്രദ്ധേയമാണ്. അക

നാനൂറിലെ തിരയൻ ചോളനോ ചേരനോ പല്ല വനോ എന്ന് പറയപ്പെടുന്നില്ല. ബിരുദമൊന്നും ഇല്ല. കാടു വെട്ടിത്തെളിച്ച് അണക്കെട്ടുപണിതത് കരികാലചോളനാണെന്ന് പറയുന്നുവെങ്കിലും, കാടുവെട്ടി എന്ന ബിരുദം പല്ലവർക്ക് മാത്രമാണ് കൊടുത്തുകാണുന്നത്. പല്ലവരുടെ പ്രധാന കേ ന്ദ്രങ്ങളായ വെങ്കി, കാഞ്ചി, പാലക്കാ ഇവയുടെ സ്ഥാനം വെങ്കിടാദ്രി, കാഞ്ചി , പാലക്കാട് (ഇതി നെ വേങ്കിനാട് എന്നും പറയും) എന്നിങ്ങനെ ആന്ധ, തമിഴകം, കേരളം എന്ന് 3 സ്ഥലത്താണ്. പട്ടിണപ്പാലയിലും പെരുംപാണാറ്റുപ്പടെയിലും തൊണ്ടെമാൻ ഇളംതിരൈയനാണ് നായകനാ യി വരുന്നത്. ഇക്ഷ്വാകു, ശ്രീരാമ, ചോളകുല ത്തിലാണ് ജനനം എന്ന് കാവ്യം പറയുന്നു. ശ്രീരാമവംശം കേരളത്തിലെ വന്ദേരിയിലും ഉണ്ടായിരുന്നു. (ലവന്റെ പിൻഗാമികൾ) വയനാട്ടിലെ തിരുനെല്ലിക്കടുത്തും ഇവരുണ്ട്. കാനൂജിലെ ഗുർജ്ജരപ്രതിഹാരരും ശ്രീരാമ വംശമാണ്. ഭാരതത്തിലെ എല്ലാ രാജാക്കന്മാരും സൂര്യ, ചന്ദ്രവംശങ്ങളിലെ ജനിതകം പേറുന്നവ രാണ്. ഇളംതിരൈയകാലത്ത് പെരുംതിരൈയ ന്റെ രാജ്യം കളവരുടെ തലവൻ പുള്ളി എന്ന വ്യക്തി കീഴടക്കി. വെങ്കടത്തിൽ തലസ്ഥാനമാ ക്കി വനപ്രദേശം മുഴുവനും കയ്യടക്കി വെച്ച അദ്ദേഹം തെക്കും വടക്കുമുള്ള സാമ്രാജ്യത്തിന് ഇടയിൽ ഗതാഗതത്തിനും മറ്റ് കൊള്ളക്കൊടുക്ക കൾക്കും തടസ്സമായി നിന്നു. (പിൽക്കാലത്ത്

തെക്കും വടക്കുമുള്ള മലയാംനാടിന് സാമൂതിരി വിലങ്ങുതടിയായി നിന്നപോലെ) തൊണ്ടമാൻ ഇളംതിരയന്റെ മരണശേഷം എന്തുണ്ടായെന്ന് സംഘകാലസാഹിത്യം പറയുന്നില്ല.

പുരാതനലിഖിതങ്ങളിൽ അദോണിക്കു ചുറ്റുമുള്ള പ്രദേശങ്ങളെ ശാതാഹനിആഹാരം അഥവാ ശതവാഹനരാഷ്ട്രം എന്നാണ് വിളിക്കുന്നത്. പുലുമാവിയുടെ ഒരു ലിഖിതം ശതവാഹനരുടെ മഹാസേനാപതി സ്കന്ധനാഗ(കന്തനാക)നെ പരാമര്ശിക്കുന്നുണ്ട്. ഈ പ്രദേശത്തെ പല്ലവലിഖിതങ്ങളും ശതവാഹനലിഖിതമാതൃകയിലാണ്. (ഭാഷ അടക്കം). വടക്കും തെക്കും പെണ്ണാറിനിടയിലെ പ്രദേശത്തുനിന്ന് കിട്ടിയ പോടിൻ എന്ന ഈയനാണ്യങ്ങൾ ശതവാഹനരുടേതാണോ പല്ലവരുടേതാണോ എന്ന് സംശയമാണ്. ഈ പ്രദേശത്ത് ആദ്യമായി ഭരിച്ച ബപ്പദേവനെന്ന പല്ലവൻ 100000 കലപ്പ സൌജന്യമായി വിതരണം ചെയ്ത് കാർഷികവികസനം സാദ്ധ്യമാക്കി. ഇത് കരികാലന്റെ തൊണ്ടെമണ്ഡലപരിഷ്കരണത്തിനു മുമ്പാണ്. പല്ലവലിഖിതങ്ങളിൽ ശതവാഹനരോട് രാഷ്ട്രീയവും ഭരണപരവും ആയ ബന്ധം ഉണ്ട്. പല്ലവരുടെ പ്രാകൃതശാസനങ്ങൾ സംസ്കൃതശാസനങ്ങളേക്കാൾ കൂടുതൽ പഴക്കമുള്ളവയാണ്. അവ ശതവാഹനരുടേതിനോട് സാമ്യം വഹിക്കുന്നു. അതിനാൽ ആദ്യകാലത്ത് പല്ലവർ ശതവാഹനരുടെ സേനാപതി

മാരോ ഉദ്യോഗസ്ഥരോ ബന്ധുക്കളോ ആവണം. പരസ്പരമുള്ള വൈവാഹികബന്ധം ഇവരുടെ ശക്തി കൂട്ടി. നാഗരാജകുമാരിയെ വിവാഹം കഴിച്ച് സാമ്രാജ്യവും നേടി എന്ന് ആദ്യകാലലിഖിതങ്ങളിലൊന്നിലുണ്ട്. ഈ വിവാഹം അവരെ ആക്രമകാരികളായി സിംഹാസനം കയ്യേറിയവരല്ല, വിവാഹത്താൽ നേടിയവരാണെന്ന് കാണിക്കുന്നു. ശതവാഹനരുമായി ഈ ബന്ധം ഇതിന്നു മുമ്പ് ഒരു ലേഖനത്തിൽ (വനവാസി) കുപണശ്രീയുടെ വിവാഹവുമായി ബന്ധപ്പെട്ട് സൂചിപ്പിച്ചിരുന്നത് വായിക്കുക. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തോടെയാണ് ശതവാഹനസാമ്രാജ്യത്തിന്റെ പതനം ആരംഭിക്കുന്നത്. സമുദ്രഗുപ്തന്റെ ദക്ഷിണാപഥാക്രമണത്തിൽ കാഞ്ചിയിലെ വിഷ്ണുഗോപപല്ലവൻ എതിർത്തുനിൽക്കുന്നുണ്ട്. ശതവാഹനരുടെ തെക്കുപടിഞ്ഞാറൻ പ്രദേശമായ വനവാസിയിലെ ചുത്തുനാഗരാജകുമാരിയുമായി വിവാഹം ചെയ്ത് പല്ലവ വംശം തങ്ങളുടെ അധികാരം നിയമാനുസൃതമാക്കുന്നത് അപ്പോഴാണ്. ഈ വിവാഹം കദംബ,ഗംഗവംശങ്ങളെ പല്ലവരുടെ രാജ്യാവകാശം സമ്മതിപ്പിച്ചു. ചുത്തുശതകർണ്ണിവംശം ശതവാഹനവംശമാണ്. പല്ലവരോട് ആദ്യം ശത്രുത പുലർത്തിയ മയൂരശർമ്മനും കൂടി പല്ലവരുടെ മേൽക്കോയ്മ അംഗീകരിച്ചു. ശതവാഹനരുടെ ദക്ഷിണാപഥം മുഴുവനും പല്ലവരുടെ അധീനതയിലായി. കടപ്പ, കർണൂൽ,

ബെല്ലാരി, നെല്ലൂർ, വനവാസി, കാഞ്ചി ഇവയെല്ലാം പല്ലവരുടെ രാജ്യമായി. ആന്ധ്ര, കർണ്ണാടക, കേരള,തമിഴകമെല്ലാം അതിലുണ്ടായിരുന്നു.

വേൾവിക്കുടി ഗ്രാന്റ്(പാണ്ഡ്യ) പുറപ്പെടുവിച്ച രാജാവിന്റെ അഛരൻ തേർമാരൻ രാജസിംഹൻ നന്ദിവർമ്മ പല്ലവമല്ലന്റെ (എഡി 717-782) സമകാലീനനാണ്. എഡി 750-740 കാലം. കടുങ്ങോനെന്ന രാജാവാണ് ഈ ഗ്രാന്റ് കൊടുക്കുന്നത്. കളഭ്രരുടെ കാലത്ത് നേരത്തെ കൊടുത്ത ഒരു ബ്രഹ്മദേയം എടുത്തുകളഞ്ഞത് ഇതിൽ വീണ്ടും കൊടുക്കുകയാണ്. കടുങ്ങോൻ കളഭ്രരിൽനിന്ന് 6 തലമുറ കഴിഞ്ഞാണ് നഷ്ടപ്പെട്ട പാണ്ഡ്യരാജ്യം തിരിച്ചുപിടിക്കുന്നത്. ഒരു തലമുറക്ക് 25 വർഷം എന്ന് കണക്കാക്കിയാൽ 6 തലമുറ ഏതാണ്ട് 150 വർഷം മുമ്പാവും. കടുങ്ങോന്റെ കാലം സിംഹവിഷ്ണുവിന്റെ കാലമാകാം എന്നാണ് ഊഹിക്കുന്നത്. തമിഴകത്തെ എല്ലാ വംശങ്ങളേയും വിഷമിപ്പിച്ച കാലമാണ് കളഭ്ര കാലം. 6ആം നൂറ്റാണ്ടോടെ ചോളരാജ്യം മുഴുവനും അവരുടേതാണ്. 6ആം നൂറ്റാണ്ടിന്റെ അവസാനം അവരെ സിംഹവിഷ്ണു ചോളനാട്ടിൽ കാണുന്നുണ്ട്. നരസിംഹവര്മ്മൻ 1 ആം നൂറ്റാണ്ടിലും പടിഞ്ഞാറൻ ചാലൂക്യർ 7-8 നൂറ്റാണ്ടുകളിലും അവരെ ചോളനാട്ടിലാണ് കാണുന്നത്. തഞ്ചാവൂരിനും കൊടുമ്പാളൂരിനും അടുത്ത് ഇവർ മുത്തരയന്മാരെന്ന പേരിൽ അറിയപ്പെ

ടുന്നു. ചേര,ചോളന്മാരുമായി ബന്ധപ്പെട്ടാണ് പിന്നീടുള്ള കാലത്ത് അവരുടെ വിജയഗാഥ. പ്രത്യേകിച്ചും കേരളത്തിലെ രാജവംശങ്ങളോടും, അതുവഴി, കേരളരാജകുമാരിമാരെ വിവാഹം കഴിച്ച ചോളരാജാക്കന്മാരുടെ പുത്രന്മാരോടുമാണ് അവരുടെ ബന്ധം. 9ആം നൂറ്റാണ്ടോടെ വീണ്ടും ഉയർന്നുവന്ന രണ്ടാം ചോളവംശം ഇവരുടെ കൂടി ബലത്തിലാണ് വളർന്നതെന്നത് ശ്രദ്ധിക്കണം. ഇവരും കേരളരാജാക്കന്മാരുമായ ബന്ധം നേരത്തെ കേരളചോളബന്ധം വിവരിക്കുമ്പോൾ പറഞ്ഞത് സ്മരിക്കുക.

സമുദ്രഗുപ്തകാലത്തിനു ശേഷം 15 തലമുറ രാജാക്കന്മാരുടെ ലിസ്റ്റ് ഉണ്ട്. അപ്പരും സംബന്ധരും ഉൾപ്പെട്ട തേവാരം സാഹിത്യവും സംഘകാലസാഹിത്യവും ഉണ്ടാവാനുള്ള സാഹചര്യം ,സംസ്കാരം നില നിന്ന സ്ഥലമാണ് തമിഴകം. പല്ലവരുടെ സംസ്കൃതശാസനങ്ങളുടെ കാലത്തിന് എത്രയോ മുമ്പ് ആ സംസ്കൃതി നില നിന്നിട്ടുണ്ടാവണം. കദംബരും ഗംഗരും പല്ലവരും കൂടി സംയുക്തമായി കളഭ്രരെ ഓടിച്ച് പല്ലവരെ കാഞ്ചിയിൽ വാഴിക്കുന്നതിനു മുമ്പേ ആ സംസ്കൃതി നിലവിലുണ്ട്. (ചുത്തുനാഗരാജ കുമാരിയെ വിവാഹം കഴിക്കുന്നതിനും മുമ്പ്). സിംഹവിഷ്ണുവിന്റെ പിതാവ് സിംഹവർമ്മൻ പല്ലവവംശം ശക്തമായി സ്ഥാപിച്ചു.സമുദ്ര ഗുപ്തകാലത്തിനും സിംഹവർമ്മകാലത്തിനും

ഇടയിൽ 2 നൂറ്റാണ്ട് ഉണ്ട്. വടക്ക് ചാലൂക്യരും പല്ലവകാലത്താണ് ശക്തി ആർജ്ജിച്ചത്. ചാലൂക്യപല്ലവശത്രുത അക്കാലം മുതലുണ്ട്. ചാലൂക്യരും ചോളരെപ്പോലെ ഇക്ഷ്വാകുവംശജരാണെന്ന് പറയുന്നവരാണ്. എന്നാൽ വരാഹചിഹ്നം ആണ് അവരുടേത്. ചോളരുടേത് പുലിയും. തമിഴ്നാട്ടിലെ ആക്രമണസ്വഭാവമുള്ള സ്ഥലങ്ങളിൽ സാമന്തരാജവംശങ്ങളെ വേൽപുലഅരശർ അഥവാ ശാലൂക്കുവേന്തർ എന്ന് വിളിക്കാറുണ്ട്. അവർക്കും വരാഹക്കൊടിയാണ്. കേരളത്തിലും പന്നിയൂർ വാൾനമ്പിടിമാരുടെ കൂറ് പന്നി അഥവാ വരാഹാവതാരത്തോടാണ്. ശാലൂക്കുവേന്തരാവാം പിന്നീട് ശക്തരായി ചാലൂക്യവംശമായത്. ശാലൂക്കി എന്നത് സംസ്കൃതഭാഷയല്ല. വാകാടകത്തിലെ നളദേശത്ത് ഇവർ ശക്തരായിരുന്നു. പുലകേശി 1 ന്റെ മക്കൾ കദംബരെയും ഗംഗരേയും തോൽപ്പിച്ച് തെക്ക് സ്ഥാനം ഉറപ്പിച്ചു. വനവാസിയിലെ ആന്ധ്രശതകർണ്ണിമാരുടെ പല്ലവദേശം ലഭിക്കാനുള്ള ശ്രമത്തിലാണ് പല്ലവരുമായ യുദ്ധങ്ങളുണ്ടായത്. പല്ലവരെ എല്ലാ ദക്ഷിണാപഥരാജാക്കന്മാരും പിന്തുണക്കവേ, പുലികേശി 2 ന്റെ മകൻ വിക്രമാദിത്യൻ കാവേരിതീരത്ത് വെച്ച് ഏറ്റുമുട്ടി. പല്ലവനരസിംഹൻ വാതാപി നശിപ്പിച്ചപോലെ വിക്രമാദിത്യന്റെ പിൻഗാമികൾ കാഞ്ചി നശിപ്പിച്ചില്ല. ക്ഷേത്രത്തിന് സംഭാവനകൾ കൊടുത്ത് പുനരുദ്ധരിക്കയാണ് ചെയ്തത്. തന്റെ സൌഹൃ

ദവും നന്മയും തെക്കൻ ജനതയെ ബോധിപ്പിക്കാനും സമ്മതി നേടാനും ഇത് സഹായിച്ചു. നയതന്ത്രജ്ഞതക്ക് ഇത് നല്ല ഉദാഹരണമായി. ശ്രീപുരുഷമുത്തരയന്റെ മകളായ ഗംഗാരാജകുമാരിയും, പാണ്ഡ്യരാജകുമാരൻ നെടുംചെഴിയൻ പരാന്തകനും (വേൾവിക്കുടി ശാസനകർത്താവ്) വിവാഹം നിശ്ചയിച്ച സമയത്ത്, നന്ദിവർമ്മൻ പല്ലവൻ, എല്ലാ തെക്കൻദേശരാജാക്കന്മാരേയും ഒരുമിച്ച് ചേർത്ത് വെംബൈ യുദ്ധത്തിൽ ചാലൂക്യരെ പരാജയപ്പെടുത്തി. (കീർത്തിവർമ്മൻ 2 ചാലൂക്യ) ചാലൂക്യരാജകുമാരിയുടെ പുത്രനായ രാഷ്ട്രകൂട ദന്തിദുർഗ്ഗൻ ഈ തക്കം നോക്കി ചാലൂക്യശക്തിയെ കീഴ്പ്പെടുത്താനും ശ്രമിച്ചു.മകളെ പല്ലവനന്ദിക്ക് വിവാഹം കഴിച്ചു കൊടുത്താണ് ദന്തിദുർഗ്ഗൻ ശക്തി സമാഹരിച്ചത്. വെംബൈ യുദ്ധം കരവന്തപുരത്തെ ആജ്ഞാപ്തി മാരൻ കാരിയുടെ കഴിവുകളെ പുകഴ്ത്തുന്ന ഒന്നായിരുന്നു. അദ്ദേഹത്തിന് ഗ്രാന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. തിരുമങ്കൈ ആൾവാർ വൈരമേഘനെന്ന ബിരുദത്തോടെ രാഷ്ട്രകൂട ദന്തിദുർഗ്ഗനെ പരാമർകക്കുന്നുനു. നന്ദിവർമ്മൻ പല്ലവമല്ലൻ അദ്ദേഹത്തെ ആദരിച്ചതായും പറയുന്നു. (ഭാര്യാപിതാവ്) രാഷ്ട്രകൂടചാലൂക്യയുദ്ധപരമ്പര കേരളത്തിലും വലിയ ചലനങ്ങളുണ്ടാക്കി.

പരമേശ്വരവർമ്മൻ മരിച്ചപ്പോൾ പല്ലവസിംഹാസനത്തിന് അവകാശികളില്ലാതായി. സിംഹ

വിഷ്ണുവിന്റെ അനുജൻ വഴി ബന്ധുവായ ഹിരണ്യവർമ്മനെ സഭ തെരഞ്ഞെടുത്തു. അദ്ദേഹം വൃദ്ധനാകയാൽ അത്തരം വലിയ ഉത്തരവാദിത്തം ഏറ്റെടുക്കാൻ വിമുഖത കാട്ടി. തന്റെ നാലു മക്കളിൽ ഒരാളെ ഏൽപ്പിക്കാൻ ആവശ്യപ്പെട്ടു. അവസാനപുത്രനായ പരമേശ്വരപല്ലവമല്ലനെ പല്ലവരാജ്യത്തേക്ക് വിദേശത്തുനിന്ന് തിരിച്ചു കൊണ്ടുവന്ന് നന്ദിവർമ്മനെന്ന പേരിൽ കിരീടം ധരിപ്പിച്ചു. തിരുമങ്കൈ ആൾവാർ പരമേശ്വരവിണ്ണഗരം എന്ന് വിളിക്കുന്ന ക്ഷേത്രം ഇദ്ദേഹത്തിന്റേതാണ്. വളരെ ശാന്തവും നിയമപരമായും ആയിരുന്നു ഈ ദത്ത്. ഇക്കാലത്ത് വടക്കുനിന്ന് ചാലൂക്യരും തെക്ക് പാണ്ഡ്യരും പല്ലവരുടെ മേൽക്കോയ്മയെ ചോദ്യം ചെയ്യുന്നുണ്ട്. പരമേശ്വരവർമ്മൻ 2 മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പിൻഗാമി ചിത്രമായൻ ശൈശവപ്രായമാണ്. പല്ലവർ നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കാനുള്ള പ്രായമായിട്ടില്ല. ഹിരണ്യവർമ്മൻ നല്ല കഴിവുകളുള്ള രാഷ്ട്രതന്ത്രജ്ഞനാണെന്ന് പ്രശസ്തി നേടിയിരുന്നു താനും. രാഷ്ട്രനന്മക്കാണ് നന്ദിവർമ്മൻ ക്ഷണം സ്വീകരിച്ച് വന്ന് ഉത്തരവാദിത്തം ഏറ്റെടുത്തതും ശത്രുക്കളെ തോൽപ്പിച്ചും സന്ധി ചെയ്തും പല്ലവരാജ്യം നിലനിർത്തിയതും. 3-4 തലമുറ അതിന്നുശേഷം സമാധാനമായി പല്ലവർ ഭരിച്ചു. പാണ്ഡ്യന്മാർ കീഴടക്കിയ കൊങ്ങുദേശം തിരിച്ചുപിടിക്കാനായി പല്ലവർ ഗംഗവംശവുമായി വൈവാഹികബന്ധത്തി

ലേർപ്പെട്ടു. ഗംഗപല്ലവവംശം(കൊങ്ങുപല്ലവ) ഇപ്രകാരം ഉണ്ടായതാണ്. അക്കാലത്ത് ഗംഗർ ചാലൂക്യസാമന്തരാണ്.

കുംഭകോണത്തിനടുത്ത് ശ്രീപുരമ്പിയത്ത് വരഗുണ പാണ്ഡ്യ 2 വിന്റെ വിജയം പല്ലവശക്തിക്ക് പ്രഹരമായി. ബാണരാജ്യം ഭരിക്കുന്ന ഗംഗർ പല്ലവപക്ഷത്തായിരുന്നു. പുതിയ ചോളസാമ്രാജ്യത്തിലെ വിജയാലയനും മകൻ ആദിത്യചോളനും പല്ലവസാമ്രാജ്യത്തിന്റെ വളർച്ച തടഞ്ഞു. പല്ലവരാജ്യം ജയംകൊണ്ട് ചോളമണ്ഡലമെന്ന് നാമകരണം ചെയ്യപ്പെട്ടു. സുഹൃത്തായ അപരാജിതപല്ലവനെ ആദിത്യചോളൻ വധിച്ചതോടെ പല്ലവരാജ്യം ഇല്ലാതായി. ചോളരാജ്യം ശക്തമായി.

എഡി 200- 900 വരെഃ- മക്കൻസി മാനുസ്ക്രിപ്റ്റിൽ പല്ലവചരിത്രം ഇല്ല. ആഴ്വാർ കൃതികളിലും നന്ദിക്കലംബകം, പെരിയ പുരാണം, ചിന്താമണി, അവന്തിസുന്ദരീകഥാസാരം, മുതലായവയിലും പല്ലവപരാമർശമുണ്ട്. 1837ൽ സർ വാൾട്ടർ എലിയട്ട് റോയൽ ഏഷ്യാറ്റിക്ക് സൊസൈറ്റി ജേർണലിലും മദ്രാസ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആന്റ് സയൻസിലും തെക്കെ ഇന്ത്യയിലെ ലിഖിതങ്ങൾ പ്രസിദ്ധീകരിച്ചു. 1858ൽ അദ്ദേഹം ദക്ഷിണേന്ത്യയിൽ 6ആം നൂറ്റാണ്ടിലെ പ്രബലശക്തി പല്ലവരായിരുന്നു എന്ന് ഇവ വെച്ച് സമർത്ഥിച്ചു. 1844ല്ത്തന്നെ

അദ്ദേഹം മഹാബലിപുരത്തെ 7 പഗോഡകൾ , പഠനവിധേയമാക്കിയിരുന്നു. ഡോ ബർണൽ. ജെയിംസ് ഫെർഗൂസൻ,ഡോ ഫ്ലീറ്റ്, ഹുൾട്ട്സ്, വെങ്കയ്യ, കീൽഹോൺ, കൃഷ്ണശാസ്ത്രി മുതലായവരും ഈ വിഷയത്തിൽ പഠനം നടത്തി പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു.

പല്ലവഎപ്പിഗ്രാഫി, ആദ്യകാലത്ത് പ്രാകൃതവും പിന്നീട് സംസ്കൃതവും, അവസാനം സംസ്കൃത വും തമിഴുമാണ് ഉപയോഗിക്കുന്നത്. 7ആം നൂറ്റാണ്ടോടെ ഗ്രന്ഥതമിഴ് ലിപിയാണ്. ബ്രാഹ്മ ണർക്കും ക്ഷേത്രങ്ങൾക്കുമുള്ള ബ്രഹ്മദേയങ്ങ ളാണ് പല ലിഖിതങ്ങളും. ദാനം ചെയ്യുന്ന രാജാ വ്, അദ്ദേഹത്തിന്റെ വംശാവലി ഇവ പലതിലും ഉള്ളതിനാൽ ചരിത്രകാരന്മാർക്ക് സഹായകമാ ണ്. ആദ്യകാലത്ത് (ശിവക്കന്ത വർമ്മ)ഇത് ഇല്ല. ദാനം ചെയ്ത ആളുടെ പേരു മാത്രമേ ഉള്ളു. ശിലാലിഖിതങ്ങൾ 7ആം നൂറ്റാണ്ടു മുതൽ ധാരാളം ഉണ്ട്. രാജസിംഹന്റെ വായലൂർ സ്തം ഭലിഖിതവും പനമലൈ ലിഖിതവും വംശാവ ലി തരുന്നുണ്ട്. മഹേന്ദ്രവർമ്മൻ 1 ന്റെ ദളവാനൂ ർ പാറലിഖിതം പദ്യമാണ്. വല്ലം, പല്ലാവരം, തൃശ്ശിനാപ്പള്ളി, മന്ദഗപ്പാട്ട്, മാമണ്ടൂർ ഗുഹാലി ഖിതങ്ങളിൽ ഗ്രന്ഥ, ഗ്രന്ഥതമിഴ് ലിപികളുണ്ട്. ഇവയും താമ്രപത്രലിഖിതങ്ങളും പല്ലവചരി ത്രം പൂർണ്ണമായിത്തന്നെ രേഖപ്പെടുത്തിയിട്ടു ണ്ട്. പടിഞ്ഞാറൻഗംഗ, ചാലൂക്യ, പാണ്ഡ്യ,

മുത്തരയ, ബാണവംശങ്ങളുടെ രേഖകളിലും പല്ലവചരിത്രം ഉണ്ട്.

ഈ ലിഖിതങ്ങൾ കൂടാതെ നിരവധി പല്ലവക്ഷേത്രങ്ങളും ചരിത്രകുതുകികൾക്കായി അവശേഷിക്കുന്നുണ്ട്. ഹുൾട്ടസ് ലിഖിതങ്ങളെ മാത്രം ആശ്രയിച്ച് കാലഗണന നടത്തുന്നതിനെ എ.എച്ച്. ലോങ്ങ്ഹഴ്സ്റ്റ് വിമർശിക്കുന്നത്, ക്ഷേത്രം പണിത് ഏറെക്കാലം കഴിഞ്ഞ് അതിൽ ലിഖിതം രേഖപ്പെടുത്താനുള്ള സാദ്ധ്യത ചൂണ്ടിക്കാട്ടിയാണ്. പ്രൊ. ജൌവ്യൂ ദുബ്രേയുൽ ക്ഷേത്രശൈലി കാലഗണനയിൽ പ്രധാനമാണെന്ന് ലോങ്ങ്ഹേഴ്സ്റ്റിനെ അനുകൂലിച്ച് പറയുന്നു. മഹേന്ദ്രവാടി, ദലവാനൂർ, സിയാമംഗലം, പല്ലാവരം, തൃശ്ശിനാപ്പള്ളി, കീൾമാവിലങ്കൈ, ശിങ്കവരം, തിരുക്കഴുങ്കുന്റം, വല്ലം, മാമണ്ടൂർ,മണ്ഡഗപ്പാട്ട്, മേലാച്ചേരി, സിത്തനവാസൽ, മഹാബലിപുരം പല്ലവക്ഷേത്രങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. കാഞ്ചീപുരം കൈലാസനാഥക്ഷേത്രം ,മഹാബലിപുരം ഇവ കൂടാതെ ഗുഹാക്ഷേത്രങ്ങളും ധാരാളമുണ്ട്. മിക്കതും ത്രിമൂർത്തികൾക്കുള്ളതാണ്. ഗുഹാക്ഷേത്രങ്ങൾ ശിവനോ വിഷ്ണുവിനോ സമർപ്പിച്ച്, ബ്രഹ്മാവിനെക്കൂടി പ്രതിനിധീകരിക്കുന്നത് പല്ലവശൈലിയാണ്. ആദിവരാഹക്ഷേത്രം (മഹാബലിപുരം) സിംഹവിഷ്ണു മഹേന്ദ്രവർമ്മൻ 1 ഇവരുടെ ബാസ് റിലീഫ് ശിൽപ്പമുള്ളവയാണ്. തൃശ്ശിനാപ്പള്ളി പാരയുടെ മുകളിലും

മഹേന്ദ്രവർമ്മ 1 ന്റെ വിഗ്രഹരൂപം ഉണ്ട്. (ഇപ്പോളത് കാണുന്നില്ല) നെല്ലൂർജില്ലയിലെ ഭൈരവക്കൊണ്ടയിൽ ലോങ്ങ്ഹഴ്സ്റ്റ് മഹേന്ദ്ര ഗുഹകളിലുള്ളപോലെ നിരവധി പാറഗുഹാ ക്ഷേത്രങ്ങൾ പല്ലവകാലത്ത് നിർമ്മിച്ചവ കണ്ടുപിടിച്ചു. ലിഖിതമില്ലാത്ത പല്ലവശൈലി യിലുള്ള നിരവധി ക്ഷേത്രങ്ങൾ ദക്ഷിണേന്ത്യയി ലെ വിവിധഭാഗങ്ങളിലുണ്ട്. (കേരളത്തിലടക്കം)

സാഹിത്യം-

1-2 എഡി നൂറ്റാണ്ടുകളിലേതെന്ന് വിശ്വസിക്കു ന്ന സംഘകാലസാഹിത്യം തമിഴകത്തെ ഏറ്റവും പ്രാചീനചരിത്രത്തിന്റെ കലവറയാണ്. കാഞ്ചി യെ പറയുന്ന സംഘകാലസാഹിത്യം പല്ലവരെ പറയുന്നില്ല. എന്നാൽ കാഞ്ചി ഭരിക്കുന്ന തൊണ്ട മാൻ, ഇളംതിരൈയൻ, തൊണ്ടൈയർ ഇവരെ യെല്ലാം പറയുന്നുണ്ട്. പെരുംപാണാറ്റുപടൈ (രുദ്രൻ കണ്ണനാർ) ചോളരാജാവ് കരികാലന്റെ തലസ്ഥാനം കാവേരിപട്ടണമാണെന്നും, അന്ന് കാഞ്ചി തൊണ്ടമാൻ ഇളംതിരയൻ ഭരിക്കുന്നു വെന്നും പറയുന്നു. പല്ലവനാമം ഉണ്ടാവുന്ന തിനു മുമ്പ് പല്ലവരുടെ നാമം തൊണ്ടമാനെ ന്നായിരുന്നു. അത് വളരെ പുരാതനമായ വംശമാണ്.

അവന്തിസുന്ദരികഥ കാഞ്ചി സിംഹവിഷ്ണു, ചാലൂക്യ വിഷ്ണുവർദ്ധന, ഗംഗ ദുർവ്വിനീത ഇവർ സമകാലീനരെന്ന് പറയുന്നു. ദണ്ഡിയും

ഭാരവിയും കാഞ്ചി പല്ലവരാജസഭയുമായി ബന്ധപ്പെട്ടവരാണ്. മഹേന്ദ്രവർമ്മൻ 1 രചിച്ച മത്തവിലാസപ്രഹസനം ശാക്യഭിക്ഷുക്കളുടേയും കാപാലികരുടേയും ആചാരങ്ങളെ പറയുന്നത്, ആൾവാർ നായനാർ പ്രബന്ധങ്ങളിലും തേവാരത്തിലും ഉള്ളതുപോലെയാണ്. അദ്ദേഹത്തിന്റെ ഗുഹാക്ഷേത്രങ്ങളിൽ പല ബിരുദങ്ങലിൽ ഒന്നായി മത്തവിലാസ എന്നും കാണാം. നന്ദിക്കലംബകം നന്ദിവർമ്മന്റെ (3) ചരിത്രം പറയുന്നു. രചിച്ചത് അദ്ദേഹത്തിന്റെ അനുജന്മാരിൽ ഒരാളാണെന്ന് കരുതുന്നു. ദിഗംബരജൈനരുടെ ലോകവിഭാഗം പല്ലവചരിത്രം പറയുന്നുണ്ട്. സിംഹവർമ്മൻ മുതലുള്ള വംശാവലി ഇതിലുണ്ട്. 11 പ്രകരണമുള്ള ഇതിലെ അവസാനപ്രകരണം മോക്ഷഭാഗമാണ്. ആദ്യശ്ലോകം ജിനേശ്വരസ്തുതി. രണ്ടാം ശ്ലോകം ക്ഷേത്രം, കാലം, തീർത്ഥം, പ്രമാണപുരുഷൻ, അവരുടെ ചരിതം എന്ന് 5 ഭാഗമാണ് പുരാണത്തിനുള്ളതെന്ന് വിവരിക്കുന്നു. മൂന്നാം ശ്ലോകം പ്രപഞ്ചവിവരണം. 4 ശ്ലോകത്തിലായി പല്ലവവംശാവലിയിലേക്ക് വെളിച്ചം വീശുന്നു. ശാസ്ത്രം ആദ്യം വർദ്ധമാനൻ സുധർമ്മന് പഠിപ്പിച്ചു. നിരവധി ഗുരുക്കന്മാരിലൂടെ അത് കൈമാറി, ഋഷി സിംഹസൂരി അത് സംസ്കൃതത്തിലേക്ക് മൊഴിമാറ്റി. ചില പ്രത്യേകഗ്രഹനിലകളുള്ള കാലത്ത്, പാണരാഷ്ട്രത്തിലെ പാതാളികഗ്രാമത്തിൽ സർവ്വനന്ദി അത് പകർത്തി എഴുതി.

പിന്നീട് ശകം 380 (എഡി 457) കാഞ്ചി ഭരിക്കുന്ന സിംഹവർമ്മന്റെ 21ആം ഭരണവർഷത്തിൽ ഇത് (പകർപ്പ്) പൂർത്തിയായി. (അതിന്ന് അർത്ഥം സിംഹവർമ്മൻ കാഞ്ചിയിൽ ഭരണം ആരംഭിക്കുന്നത്, എഡി 436ലാണ്). പെരിയപുരാണപ്രകാരം പാതാളികഗ്രാമം തെക്കേ ആർക്കോട്ട് ജില്ലയിലാണ്. അവിടെവെച്ചാണ് സർവ്വനന്ദി പകർപ്പ് എടുക്കുന്നതും മുഴുമിപ്പിക്കുന്നതും.

ഹുയാങ് സാങ് എഡി 640ലാണ് കാഞ്ചി സന്ദർശിച്ചത്. ശീലഭദ്രനു മുമ്പ് നളന്ദ യൂണിവേഴ്സിറ്റിയിലെ ഗുരുവായിരുന്ന ധർമ്മപാലന്റെ ജന്മദേശമാണ് കാഞ്ചി.



സിലോണിലെ മഹാവംശം പല്ലവരുടെ ചരിത്ര ത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. കൂടാതെ പരമേശ്വരവിണ്ണഗരം, രാജസിംഹേശ്വരം, ക്ഷത്രിയസിംഹപല്ലവേശ്വരം, ശത്രുമല്ലേശ്വരാ ലയം, മഹേന്ദ്രവിഷ്ണുഗൃഹം മുതലായ ക്ഷേത്ര നാമങ്ങളും പല്ലവരുടെ സ്മൃതി നിലനിർത്തു ന്നു. നിരവധി സ്ഥലനാമങ്ങളും പല്ലവരുമായി ബന്ധപ്പെട്ട് തമിഴകത്തും കേരളത്തിലും

ആന്ധ്രയിലും ഉണ്ട്. ഇത്രയും സ്മൃതിശകലങ്ങളുണ്ടായിട്ടും മക്കൻസി പാണ്ഡ്യ, ചോള, ഗംഗ, മറാത്താചരിത്രം ശേഖരിക്കുമ്പോൾ പല്ലവരെ വിട്ടുപോയത് അത്ഭുതകരമാണ്. കുറുമ്പവർഗ്ഗക്കാരിൽനിന്ന് ഉണ്ടായ തൊണ്ടൈമാൻ ചക്രവർത്തിയെ അദ്ദേഹം പരാമർശിക്കുന്നത് അവർ പല്ലവരാണെന്നത് അറിയാതെയാണ്. (കുറുമ, കുറുംബ, കുറിച്യരിൽ നിന്ന് ഉള്ള ഉത്ഭവം ചിലമ്പാറിന്റെ ചിലമ്പൊലി എന്ന എന്റെ പഠനഗ്രന്ഥത്തിൽ കാണുക).

പല്ലവർക്കു മുമ്പ്:- വിൻസന്റ് സ്മിത്തിന്റെ വിദേശഉത്ഭവതിയറി തെറ്റാണെന്ന് സ്ഥാപിച്ചു കഴിഞ്ഞു. വെറും പദമാമ്യമല്ലാതെ പല്ലവരും പഹ്ലവരും തമ്മിലില്ല. വിൻസന്റ് സ്മിത്ത് തന്റെ ആദ്യത്തെ തിയറി ഉപേക്ഷിച്ച് വെങ്കിയിലെ ഒരു ആദിമട്രൈബാണ് പല്ലവരുടെ ഉത്ഭവസ്ഥാനം എന്ന് പിന്നീടു പറയുന്നത് ശ്രദ്ധേയമാണ്. പടിഞ്ഞാറൻ സത്രപ രുദ്രദാമനും ഗൌതമിപുത്ര ശതകർണ്ണിയും തമ്മിൽ എഡി 150ൽ ഉണ്ടായ യുദ്ധകാലത്താണ് രുദ്രദാമന്റെ സാമന്തരായിരുന്ന പല്ലവർ കിഴക്കൻ തീരത്തേക്ക് ദേശാടനം ചെയ്തെന്ന് വെങ്കയ്യ വിചാരിക്കുന്നു. അതുവരെ പടിഞ്ഞാറൻ തീരമായിരുന്നു അവരുടെ കേന്ദ്രം. തിരുനെല്ലി ഉൾപ്പെട്ട വനവാസിയും,

കൊല്ലങ്കോടും വന്ദേരി യും ഉൾപ്പെട്ട പഴയ പാല ക്കാടു ജില്ലയും അവരുടെ ആദിമകേന്ദ്രങ്ങളായി രുന്നിരിക്കണം. അവിടെനിന്നാണ് വെങ്കി, കാഞ്ചിയിലേക്ക് തൊണ്ടമാന്മാരായ ഇവർ നീങ്ങിയത്. ഈ സ്ഥലങ്ങളുടെ ഇടക്കുള്ള ത്രികോ ണാകൃതിയി ലുള്ള ദക്ഷിണേന്ത്യ തൊണ്ടമാന്റെ അധീനത്തിലായി. വലിയ തിരൈയൻ വെങ്കിയി ലും ഇളൈ യ തിരൈയൻ കാഞ്ചിയിലും ഭരണാ ധിപനായി. ഇവരാണ് തിരൈവീടാക്കിയ മുത്ത രയവംശത്തിന്റെ മുൻഗാമികൾ. പല്ലവരും ഇവ രുടെ ശാഖയാണ്. പല്ലവരുടെ ജുനഗ്ഢാഡ് ലിഖിതത്തിൽ രുദരദാമന്റെ മന്ത്രി സുവിശാഖ നാണ്. ഇദ്ദേഹം രാജാവായിരുന്നില്ല. പല്ലവരുടെ വംശാവലിയിൽ ഈ പേരില്ല. ഭരണാധിപന്മാ രുടെ പേരു മാത്രം വംശാവലിയിൽ വരുന്നതി നാലാണ് ഇത്. പല്ലവർ സൂര്യ, ചന്ദ്രവംശങ്ങളി ൽനിന്ന് വംശാവലി ആരംഭിക്കുന്നില്ല. അവരെ തൊണ്ടയരെന്നും കാടവരെന്നും ആണ് വിളിക്കു ന്നത്. (സേവകരും കാട്ടുജാതികാരും)

ഗുർജ്ജരരാജാക്കന്മാരായ മഹേന്ദ്രപാല, മഹീ പാലന്മാരുടെ രാജസഭയിലുണ്ടായിരുന്ന കവി രാജശേഖരൻ (9ആം നൂറ്റാണ്ടിന്റെ അവസാനം) അക്കാലത്ത് പല്ലവശക്തി ദക്ഷിണേന്ത്യയിൽ ക്ഷയിച്ചതായി പറയുന്നു. ഭുവനകോശം എന്ന

തന്റെ ഭൂമിശാസ്ത്രപുസ്തകത്തിൽ (കാവ്യമീമാംസയുടെ 17ആം അദ്ധ്യായം) ഇന്ത്യയെ 5 ഭൂഭാഗമായി അദ്ദേഹം വിഭജിക്കുന്നു. ഓരോന്നിനും തനതായ ജനത, നഗരം, നദി ഇവയുണ്ട്. മാഹിഷ്മതിക്ക് തെക്കുള്ള ദക്ഷിണാപഥത്തിലെ ജനതയായി പല്ലവരേയും, പിതൃദകത്തിന് വടക്കുള്ള ഉത്തരാപഥത്തിലെ പഹ്ലവരേയും അദ്ദേഹം 2 ജനതയായിത്തന്നെ പറയുന്നു. പൃഥൂദകം സിന്ധുനദിക്ക് വടക്കുള്ള ഭാഗമാണ്. ഹൂണബാഹ്ലീകകാംബോജാദികളിലെ വിദേശജനതകളോടൊപ്പമാണ് പഹ്ലവർ. പല്ലവരാകട്ടെ തികച്ചും ദക്ഷിണേന്ത്യക്കാരാണ്. രുദ്രദാമകാലത്ത് പല്ലവർ നാഗ, ചുത്തുനാഗട്രൈബുകളുടെ അയൽവാസികളും സുഹൃത്തുക്കളുമാണ്. ആദ്യത്തെ പല്ലവരാജാവ് ശിവക്കന്തവർമ്മൻ ചുത്തുനാഗരാജകുമാരിയെ വിവാഹം ചെയ്താണ് കാഞ്ചിസിംഹാസനത്തിന് അർഹത നേടിയത്. എഡി 78ൽ പൽഹവ എന്ന് എഴുതിയത് എഡി 150ൽ പഹ്ലവ എന്നായി. ഇത് ലിപിവ്യത്യാസം കൊണ്ടു വന്നതാണ്. മയിഡവോലു ലിഖിതത്തിൽ(പ്രാകൃതം) ഈ പ്രശ്നം വളരെ ലളിതമായി പരിഹരിക്കാനാവും. അതിൽ പാലവ എന്നാണ്. ഹിരഹദഗള്ളി ലിഖിതത്തിൽ (പ്രാകൃതം) പല്ലവ എന്നും. പല്ലവ എന്ന സംസ്കതപദവും, പാലവ അഥവാ പാലക എന്ന സംസ്കൃതപദ

വുമാണ് പല്ലവപദത്തിന്റെ ഉത്ഭവം. അത് വിദേശപദമല്ല രുദ്രദാമന്റെ എഡി 150ലെ മന്ത്രി സുവിശാഖനും, കേരളത്തിലെ ചെങ്കുട്ടുവന്റെ ജ്യേഷ്ഠനായ ചേദി പാലകനും തമ്മിലുള്ള ബന്ധം നമുക്കിവിടെ ആലോചിക്കണം.

ശിവക്കന്തവർമ്മനു മുമ്പ് വീരകൂർച്ചപല്ലവനാണ് രാജാവായത്. വേലൂർപാളയം ലിഖിതം വീരകൂർച്ചകാലത്ത് അശോകവർമ്മനെന്ന രാജാവിനെ പറയുന്നു. തമിഴ് സാഹിത്യം പല്ലവരെ സുരാഷ്ട്രത്തിൽനിന്ന് കുടിയേറിയവരായല്ല, തമിഴരായ തൊണ്ടൈമാന്മാരായിട്ടാണ് പറയുന്നത്. പല്ലവരേഖകളിൽ സുവിശാഖന്റെ പേരുപോലും ഇല്ല. (വംശാവലിയിലും രാജാവലിയിലും). ശിവക്കന്തനാഗന്റെ വനവാസി , ആന്ധ്രശതകർണ്ണി ബന്ധം ലിഖിതങ്ങളിലുണ്ട്.

തമിഴുസാഹിത്യത്തിലെ മണിപല്ലവദ്വീപാണ് പല്ലവരുടെ ഉത്ഭവസ്ഥാനം എന്ന് മറ്റൊരഭിപ്രായമുണ്ട്. മണിമേഖലയിൽ പറയുന്ന കിള്ളിയുടെ മകൻ ഇളംതിരയനാണ് നാഗകന്യയെ വിവാഹം ചെയ്ത് കിരീടാവകാശിയായതെന്നാണ് ഈ അഭിപ്രായക്കാരുടെ വാദം. മണിപല്ലവത്തിലെ നാഗരാജാ വലൈവാണന്റെ മകൾ പീലിവളൈയുടെ മകനാണ് കിള്ളിയുടെ മകനായ ഇളംതിരൈയൻ. (കിള്ളി ചോളവംശം) കപ്പൽഛേദ

ത്തിൽ അദ്ദേഹം തൊണ്ടെവള്ളി കാലിൽചുറ്റി യ നിലയിൽ കരയിലടിഞ്ഞു. (Caphalandra indica) രണ്ടാം നൂറ്റാണ്ടിന്റെ അവസാനകാലത്താണ് ഇദ്ദേഹം ആദ്യപല്ലവരാജാവായത്. അങ്കരൻ, പോട്ടരയ മുതലായ പല്ലവരാജാക്കന്മാരുടെ ബിരുദങ്ങൾ ഈ കഥയോടു ബന്ധപ്പെട്ടാണ്. ഈ കഥ ദക്ഷിണേന്ത്യ, ശ്രീലങ്ക ഇവയോടു മാത്രം ബന്ധമുള്ളതാണ്. ചോള, നാഗ, മണിപല്ലവബ ന്ധം കാണാം. പല്ലവരാജാക്കന്മാരുടെ രേഖക ളിൽ ഈ ചോളനാഗബന്ധമോ, ഇളം തിരൈയബ ന്ധമോ ഇല്ല. തങ്ങൾ ഭരദ്വാജവംശമെന്നാണ് പറയുന്നത്. അവർ അശ്വമേധവും വാജപേയ വും കഴിച്ചിരുന്നതായും കാണുന്നു.ദുര്യോധന ന്റെ ഉറ്റ സുഹൃത്തായിരുന്ന അശ്വത്ഥാമാവാണ് ഇവരുടെ വംശപിതാവ്. (ബ്രാഹ്മണവംശം) തെ ക്കേ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ നിര വധി ക്ഷേത്രങ്ങൾ(വടക്കുന്നാഥക്ഷേത്രം അടക്കം) അശ്വത്ഥാമാവിന്റെ സാന്നിദ്ധ്യം ഉള്ളതായി അവകാശപ്പെടുന്നു. കുറിച്യരും കുറുമരും സംരക്ഷിച്ചതായി പറയുന്ന ദുര്യോധനനും കേരളത്തിലാണ് ഇന്ത്യയിലാകെ ഒരു ക്ഷേത്രമു ള്ളത്. പല്ലവലിഖിതങ്ങൾ പ്രാകൃതത്തിലും സം സ്കൃതത്തിലുമാണ്, തമിഴിലല്ല എന്നതും ഓർമ്മിക്കണം.

എം എസ് രാമസ്വാമിഅയ്യങ്കാർ (സ്റ്റഡീസ് ഇൻ സൌത്ത് ഇന്ത്യൻ ജൈനിസം) നാലാം നൂറ്റാണ്ടിലെ രേഖകളിൽ തിരൈയരെന്നല്ലാതെ പല്ലവരെന്ന് വിളിക്കുന്നില്ല എന്ന് ചൂണ്ടിക്കാട്ടുന്നു. സമുദ്രഗുപ്തന്റെ അലഹബാദ് സ്തംഭലിഖിതത്തിലും കൂടി കാഞ്ചിവിഷ്ണുഗോപനെന്നല്ലാതെ പല്ലവനെന്ന് പറയുന്നില്ല. (കാഞ്ചോയക വിഷ്ണുഗോപ) സംഘസാഹിത്യത്തിലും അവരെ കാഞ്ചിയിലെ തിരൈയനെന്നും തൊണ്ടൈമാനെന്നും ആണ് പറയുന്നത്. കനകസഭൈപിള്ളയുടെ Tamils 1800 years ago എന്ന പുസ്തകം തിരൈയരുടെ പ്രധാന ശാഖകളിൽ ഒന്നായിരുന്നു പല്ലവരെന്ന് പറയുന്നു. ഇളം തിരയൻ തമിഴുകവിതയെ പോഷിപ്പിച്ചവനും സ്വയം കവിയുമായിരുന്നു. (പുറനാനൂറ് 185, നറ്റിണൈ 94,96, 106) പല്ലവ രാജാക്കന്മാരുടെ ഇടയിലും കവികളുണ്ട്. സംസ്കൃതത്തിലാണ് അവരുടെ രചനകൾ. എങ്കിലും ആഴ്‌വാർ, അടിയാർ, നന്ദികലംബകകർത്താവ് ഇവരെ പല്ലവന്മാർ പോഷിപ്പിച്ചിരുന്നു. ഭാരവി, ദണ്ഡി, മുതലായ സംസ്കൃതകവികളാണ് പല്ലവസഭയിലെ പ്രമുഖർ .കാഞ്ചി ഒരു ഘടികയായിരുന്നു. സംസ്കൃതപഠനത്തിനു പേരുകേട്ടതായിരുന്നു. (കദംബമയൂരശർമ്മന്റെ കഥ നോക്കുക)

കുറുംബരും പല്ലവരും

തമിഴ് നിഖണ്ടു കുറുനിലമന്നരെയാണ് കുറുംബരെന്ന് വിളിക്കുന്നത്, പ്രത്യേകജാതിയേയോ ട്രൈബിനേയോ അല്ല. മക്കൻസി അവരെ തൊണ്ടമണ്ഡലത്തിലെ ആദിമനിവാസികളെന്നു പറയുന്നുണ്ട്. അവർ ക്രൂരരാണെന്നാണ് അദ്ദേഹം എഴുതുന്നത്. മണ്ഡലത്തെ 24 കോട്ടമായി വിഭജിച്ചത് അവരാണ്. വീരകുറിച്ചിയൻ കുറുംബ, കുറുമ, കുറിച്യരായ കാട്ടുജാതിക്കാരായ കുറുനിലമന്നന്മാരാണെന്ന് ഈ അഭിപ്രായ പ്രകാരം വിചാരിക്കാം. ദക്ഷിണേന്ത്യയിലെ ആദിമനിവാസികളെന്നും ഭാരദ്വാജികളെന്നും വിചാരിക്കുന്നത് ഉചിതമാവും. ബ്രാഹ്മണ വംശം ആദിവംശത്തിൽനിന്ന് ഉണ്ടായി, പുറത്തുനിന്ന് വന്നവരല്ല എന്നും പല്ലവചരിത്രം നമ്മോട് പറയുന്നു.

പെരുംപാണാറ്റുപ്പടൈയിൽ രുദ്രൻ കണ്ണനാർ ഇളംതിരൈയകാലത്തെ കാഞ്ചിയെ ഇങ്ങനെ വർണ്ണിക്കുന്നു:- നഗരമദ്ധ്യത്തിലെ ബ്രാഹ്മണഗൃഹങ്ങളിൽ നായയോ കോഴിയോ ഇല്ല. ഇരുവശത്തും മത്സ്യവിൽപ്പനക്കാരുടേയും വ്യാപാരികളുടേയും തെരുവുകളാണ്. ഇവക്ക് ചുറ്റും മല്ലന്മാരുടേയും മദ്യവിൽപ്പനക്കാരുടേയും ചേരികളുണ്ട്. ഏറ്റവും അകലെ നഗരത്തിൽനി

ന്ന് അകന്ന് ഇടയന്മാരുടെ പള്ളികളും എയിന ന്മാരുടെ പറച്ചേരികളും. മല്ലത്തെരുവിന്റെ തൊട്ടാണ് തിരുവേകക്ഷേത്രവും ഇളംതിരയന്റെ കൊട്ടാരവും. കരികാലകാലം മുതൽ ശിവക്കന്ത വർമ്മകാലം വരെയുള്ള കാഞ്ചിചരിത്രം അവ്യ ക്തമാണ്. ഇക്കാലത്ത് മണിമേഖലയിൽ പറയു ന്ന ചോളരാജകുമാരന്മാർ അവിടെ ബുദ്ധമതകേ ന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കാം. കലർക്കിള്ളിയും ഇളംകിള്ളിയും ചൈത്യം നിർമ്മിച്ചതായി പറ യുന്നു. കിള്ളി ചോളനാമമാണ്. (ഉദാഃ- കുളമുറ്റ ത്തു തുഞ്ചിന കിള്ളിവളവൻ. അഥവാ കിള്ളിവ ല്ലഭൻ). പുറം 44, 45ൽ കോവൂർകിളാർ കാരിയാ റ്റു തുഞ്ചിന റയൂരിലെ നെടുങ്കിള്ളിയേയും സുഹൃത്ത് ഇളംതിരയനേയും പറയുന്നു. കുറാ പ്പള്ളി തുഞ്ചിന കിള്ളിവളവനാണ് കരുവൂർ നശിപ്പിച്ചത്. അദ്ദേഹത്തിന്റെ സമകാലീനൻ പാണ്ഡ്യൻ ഉഗ്രപ്പെരുവഴുതി മരിച്ചത് വെള്ളിയ മ്പലത്താണ്. ചോളൻ ഇലവന്തികൈപ്പള്ളി തുഞ്ചിന നലങ്കിള്ളി ശേയ്ചെന്നി , ഏനാദി തിരു ക്കിള്ളി ഇവരും ചോളവംശമാണ്. മണിമേഖ ലയിൽ വേൽവേർക്കിള്ളിയാണ് പീലിവളൈ എന്ന നാഗരാജകുമാരിയെ വിവാഹം കഴിച്ചത്. അവൾ വലൈവാണന്റെ മകളാണ്. ഇവരുടെ മകനാണ് തൊണ്ടമാൻ ഇളംതിരൈയൻ.

ചോളപല്ലവ, പല്ലവനാഗബന്ധം ഇപ്രകാരം കാണിക്കുന്നു.

ചെങ്കണ്ണാൻഃ- തമിഴ് ക്ലാസിക്കുകളും അപ്പർ,സം ബന്ധർ കാലത്തെ തേവാരപ്പാടലുകളും പറയു ന്ന നാമമാണ് കോ ചെങ്കണ്ണാന്റേത്. അദ്ദേഹം തന്റെ ശത്രുവായ ചേരരാജാവിനെ കളുമലം എന്ന സ്ഥലത്തുവെച്ച് തോൽപ്പിച്ച് , കുടവായി ൽകോട്ടം എന്ന പ്രസിദ്ധമായ സ്ഥലത്ത് തടവുകാ രനാക്കി. തൊണ്ടൈമണ്ഡലം മുഴുവനും ചെങ്ക ണ്ണാന്റെ കീഴിലായിരുന്നു. കളവലി നാർപ്പതു എന്ന കാവ്യം കളുമലം യുദ്ധം, അക്കാലത്തെ യുദ്ധരീതി ഇവയെ പ്രതിപാദിക്കുന്നു. അദ്ദേഹ ത്തിന്റെ സമകാലീനനാണ് പൊയ്കൈയാർകവി. (പൊയ്കൈ ആൾവാർ). മൂന്നാം സംഘകാല ത്താണ് ഈ ആൾവാരുടെ ജീവിതം. 7ആം നൂറ്റാ ണ്ടിൽത്തന്നെ ചെങ്കണ്ണാനെ പരാമർശിക്കുന്ന കവിതകളുണ്ട്. അപ്പരുടെ കാലത്തിനും മുമ്പാ ണ് ചെങ്കണാന്റെ കാലം. കുംഭകോണത്തിനടുത്ത് തിരുനരൈയൂരിൽ അദ്ദേഹം ആരാധിച്ചതായി പറയുന്ന തിരുമങ്കൈ ആൾവാർ, 70 ശിവക്ഷേ ത്രം ചെങ്കണ്ണാൻ നിർമ്മിച്ചതായും പറയുന്നു. കരികാല(എഡി 2-3 നൂറ്റാണ്ട്)ന്റെ കാലമാണ് ചെങ്കണ്ണാന്റേതെന്നാണ് ഇതുവെച്ച് നിഗമനം. കാഞ്ചീപുരത്ത് പല്ലവഭരണാരംഭത്തിനു

തൊട്ടുമുമ്പാണിത്. കരികാലകാലത്തെ ത്രിലോചനപല്ലവനും ഇക്കാലത്താണ്. (കാടുവെട്ടി, മുക്കന്തപല്ലവ, അഥവാ മുക്കണ്ണപല്ലവ) മുക്കണ്ണനാമം അശ്വത്ഥാമാ വിനും ഉണ്ടായിരുന്നു. ശിവാംശമാകയാലാണിത്.

ആദ്യകാലപ്രാകൃതലിഖിതങ്ങൾ: 2-3 നൂറ്റാണ്ടുകളിലാണ് പ്രാകൃതലിഖിതങ്ങൾ ഉള്ളത്. വിഷ്ണുഗോപൻ എഡി 340-350 വരെ ഭരിച്ചിരിക്കാം. ഇതിന്നുമുമ്പാണ് പ്രാകൃത ലിഖിതങ്ങളുള്ള പല്ലവകാലം. (എഡി 200-350) പ്രാകൃതതാമ്രപത്രലിഖിതങ്ങളിലെ വംശാവലി:- 1 ബപ്പദേവ. 2. ശിവക്കന്തവർമ്മ, 3 ബുദ്ധിയാങ്കുര (ബുദ്ധി).4 വീരവർമ്മ (വീരകുറിച്ചിയ) 5 വിഷ്ണുഗോപ . ശിവക്കന്തവർമ്മന്റെ പിതാവിന്റെ 10ആം ഭരണവർഷത്തിലാണ് അന്ന് യുവരാജാവായ ശിവക്കന്തവർമ്മന്റെ ആദ്യപ്രാകൃതലിഖിതം തലസ്ഥാനമായ കാഞ്ചീപുരത്തുനിന്ന് പുറപ്പെടുവിക്കുന്നത്. ആന്ധ്രപഥത്തിലെ അമരാവതിക്ക് അടുത്തുള്ള ധാരണിക്കോട്ട(ധാന്യകടകം)ഭരിക്കുന്ന വൈസ്രോയിക്കാണ് ആ ശാസനം. യുവമഹാരാജാ ശിവക്കന്തവർമ്മൻ ഭരദ്വാജഗോത്രമാണെന്ന് ആ ആദ്യപ്രാകൃതലിഖിതത്തിൽ തന്നെയുണ്ട്. ബപ്പദേവന്റെ സാമ്രാജ്യം അന്നുതന്നെ ആന്ധ്രപ

ഥവും തമിഴവും ഉൾപ്പെട്ടതാണ്. ആന്ധ്രപഥതല സ്ഥാനം ധാരണിക്കോട്ട എന്ന ധാന്യകടകവും തൊണ്ടെമണ്ഡലതലസ്ഥാനം കാഞ്ചിയുമാണ്. ബെല്ലാരിയിലെ ഹിരഹദഗല്ലി ഗ്രാന്റും , മയിദ വോലു ഗ്രാന്റും ഒരേ രാജാവാണ് കൊടുക്കുന്ന ത്. ഇതും കാഞ്ചീപുരത്തുനിന്നാണ് പുറപ്പെടുവി ക്കുന്നത്. ഇത് രാജാവിന്റെ 8ആം ഭരണവർഷമാ ണ്. ശതാഹനിരാട്ടത്തിലെ ചില്ലേരേകകൊടുങ്ക ഗ്രാമമാണ് ദാനം ചെയ്യുന്നത്. (ഈ സ്ഥലം പുലു മാവിയുടെ 8ആം വർഷത്തിലെ മയകദോനി രേഖയിലെ ശതഹനിആഹാരമാണ്.) ശിവക്കന്ത വർമ്മൻ അശ്വമേധം, അഗ്നിഷ്ഠോമം, വാജപേ യം മുതലായ യജ്ഞം ചെയ്തതായി ഈ ലിഖി തം പറയുന്നു. അതായത് ഭാരജ്വാജഗോത്രം എന്ന ത് കെട്ടുകഥയല്ല. മാത്രമല്ല, ഇത്രയും യജ്ഞം ചെയ്ത രാജാവ് ചക്രവർത്തിയായിരിക്കണം.

ചാരുദേവിയുടെ ഗുണപദേയ(ബ്രിട്ടീഷ് മ്യൂസി യം പ്ലേറ്റ്) ആണ് മറ്റൊന്ന്. വിജയക്കന്തവർമ്മൻ, മകൻ യുവമഹാരാജാ ബുദ്ധവർമ്മൻ, മകൻ ബുദ്ധ്യാങ്കുരൻ എന്നിവരെ വംശാവലിയിൽ ഇതിൽ കാണുന്നു. വിജയക്കന്തവർമ്മന്റെ ഭര ണകാലത്താണ് ഇത്. യുവമഹാരാജാ ബുദ്ധ വർമ്മന്റെ രാജ്ഞി ദാലൂരയിലെ നാരായണ ക്ഷേത്രത്തിനാണ് ഭൂമി ദാനം ചെയ്യുന്നത്.

വിജയക്കന്തവർമ്മൻ ശിവക്കന്തവർമ്മന്റെ ആരാണ് എന്ന് ലിഖിതം പറയുന്നില്ല. സമുദ്രഗുപ്ത കാലം വെച്ച് വിഷ്ണുഗോപകാലം നിശ്ചയിച്ച്, ഓരോ തലമുറക്കും 25 വർഷം വെച്ച് അനുവദിച്ച് ബപ്പദേവനെ എഡി 215 ലാണ് ചരിത്രകാരന്മാർ നിശ്ചയിച്ചത്. (സാന്ദർഭികമായി പറയട്ടെ, എഡി 216ലാണ് ചേദിനിന്ന് പാലകൻ ചേരരാജ്യം ഭരിക്കാനായി ചെങ്കുട്ടുവന് ശേഷം വരുന്നത്.)

ബപ്പദേവനും തിരൈയനുമാണ് ആദ്യപല്ലവരെന്ന് പറയപ്പെടുന്നവർ. ഇവർ ഒരാളാണോ, അതോ വേറെയോ.ബപ്പദേവൻ മൂത്ത തിരൈയനും ശിവക്കന്തവർമ്മൻ ഇളംതിരയനുംആണോ. മക്കൻസി മാനുസ്ക്രിപ്റ്റ് പറയുന്ന തൊണ്ടമാനെ ആക്രമിച്ച വിശ്വാവസുരാജൻ ആരാണ്. വലിയ ഒരു സാമ്രാജ്യം തന്നെ ബപ്പദേവനും ശിവക്കന്തവർമ്മനും ഭരിക്കുന്നുണ്ട്. യജ്ഞാദികൾ അനുഷ്ടിക്കുന്നതും ഭരദ്വാജവംശജരായതിനാൽ ബ്രാഹ്മമഗോത്രമെന്ന് കാണിക്കുന്നു. ജയവർമ്മന്റെ കൊണ്ടമുടി പ്ലേറ്റ്, ഗൌതമിപുത്രശതകർണ്ണിയുടെ കാർലേ ലിഖിതം, വാസിഷ്ഠിപുത്രപുലുമാവിയുടെ നാസിക്ക് ലിഖിതം ഇവയുമായുള്ള ശിവക്കന്തവർമ്മന്റെ പ്രാകൃതലിഖിതങ്ങളുടെ സാമ്യം ഇവ ശിവക്കന്തവർമ്മനും

ബപ്പദേവനും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതി യിലാണ് ജീവിച്ചതെന്ന് കാണിക്കുന്നു. ശിവക്ക ന്തവർമ്മൻ ശതകർണ്ണിയാണ്.ശതവാഹനവംശ ത്തിന്റെ പല്ലവവംശമാണ്. ബപ്പദേവ ധാരാളം സ്വർണ്ണനാണ്യം , 100000 കലപ്പ എന്നിവ രാജ്യ ത്തെ കൃഷിസമ്പത്ത് വർദ്ധിപ്പിക്കാനായി സൌ ജന്യമായി ദാനം ചെയ്തതും ഈ വംശപാരമ്പ ര്യം ഉള്ളതുകൊണ്ടാണ്. ശിവക്കന്തവർമ്മന്റെ 8ആം വർഷത്തിലെ ലിഖിതം അദ്ദേഹത്തെ ധർമ്മമഹാരാജാ എന്നാണ് വിളിക്കുന്നത്. ഗോദാവരി, കൃഷ്ണ, പെണ്ണാർ തടങ്ങളും കാഞ്ചിയും ആന്ധ്രയിലെ ധാരണിക്കോട്ടയും വനവാസിയും കേരളത്തിലെ പാലക്കാട്ടും വെങ്കിനാടും അടക്കം പല്ലവരുടേതായിരുന്നു. ധർമ്മമഹാരാജാ എന്നത് കേരളരാജാക്കന്മാ രുടെ പുരാതനനാമവുമാണ്. തിരുനെല്ലി , പാലക്കാട് ഭാഗത്തുനിന്നുള്ള ശതവാഹനശാഖ കിഴക്കോട്ട് നീങ്ങിയതാണ് കാഞ്ചിപല്ലവശാഖ.

ശിവക്കന്തവർമ്മന്റെ ഭരണസംവിധാനം കൌടി ല്യന്റെ അർത്ഥശാസ്ത്രവും ധർമ്മശാസ്ത്രങ്ങളും അനുസരിച്ചാണ്. (ചന്ദ്രഗുപ്തമൌര്യനും അശോ കനും ഇതാണ് പിന്തുടർന്നിരുന്നത്). രാജ്യത്തെ വിഷയം രാത്തം ഗ്രാമം എന്ന് വിഭജിച്ചിരുന്നു. ിവ വിഷയിക, രാഷ്ട്രിക, ഗ്രാമിക ,ദേശാധികൃത

രെന്ന ഉദ്യോഗസ്ഥരാണ് നിയന്ത്രിച്ചിരുന്നത്. അമാത്യരും രഹസ്യാധികൃതരും രാജാവിനെ ഉപദേശിച്ചിരുന്നു. ഉദ്യോഗസ്ഥനാമമെല്ലാം പ്രാകൃതത്തിലാണ്. നികുതി ശർമ്മശാസ്ത്രാനുസാരമേ പിരിച്ചിരുന്നുള്ളു. അത് പണമായിരുന്നില്ല. സേവനമാണ്. ക്ഷേത്രത്തിലേക്ക് പാലും വെണ്ണയും നെയ്യും, ഭരണകാര്യത്തിനായി സഞ്ചരിക്കുന്നവർക്ക് വേണ്ട വിറക്, കന്നുകാലികൾ,പച്ചക്കറി, ഭൃത്യർ, പാത്രങ്ങൾ, പൂക്കൾ ഇവ എത്തിക്കലും ഒക്കെ നികുതിഇനത്തിലാണ്. ഇപ്പോഴും ക്ഷേത്രവഴിപാടുകളെല്ലാം അതേ പാരമ്പര്യകുടുംബക്കാർക്ക് ഉപജാവനമാർഗ്ഗമായി തുടരുന്നു. അട്ടാരസജാതിപരിഹാരം (18 തരം നികുതി) ആണ് ഇവ. ഈ സേവനത്തിന് സൌജന്യമായി ഭൂമിയും കന്നുകാലികളും പ്രജകൾക്ക് രാജാവ് ദാനം ചെയ്തിരുന്നു. ഇത്തരം സംവിധാനം ഭാരതത്തിലെ എല്ലാ പ്രദേശത്തും പൊതുവായി കാണുന്നത് ഐക്യമുള്ള ഏകീകൃതഭരണസംവിധാനത്തെ സൂചിപ്പിക്കുന്നു. ഇക്കാലത്ത് ലവണവും (ഉപ്പ്)ശർക്കരയും മാത്രമാണ് രാജാവിന് കുത്തകയായ രണ്ട് ഉൽപ്പാദനം. ശതകർണ്ണികളെ ഉപ്പുകച്ചവടക്കാരെന്ന് വിളിച്ചിരുന്നത് ഇതിനാലാണ്.

കരവഴിയും കടൽ വഴിയും വാണിജ്യം പുഷ്ടി പ്രാപിച്ചിരുന്നു. കടലോരതുറമുഖങ്ങളായ കമര(ഖമർ) പൊതുക, സോപത്മ, മെലങ്ക (മാവിലങ്ക) കൊഡൂര (കുടൂർ) ഇവ പ്രവർത്തിച്ചിരുന്നു. മാവിലങ്കൈ മഹാബലിപുരമാണെന്ന് വിചാരിക്കുന്നു. ശിവക്കന്തവർമ്മകാലം മുതൽ 8ആം നൂറ്റാണ്ടുവരെ (തിരുമങ്കൈ ആഴ്വാർ കാലം) മഹാബലിപുരം തുറമുഖം തിരക്കുള്ള തുറമുഖമാണ്.

വിജയക്കന്തവർമ്മൻ:- എഡി 280 . ഭാര്യ ചാരുദേവി. മകൻ വിജയബുദ്ധ്യാങ്കുരൻ, കൂലിമഹാരഥവിഷയത്തിൽ ചാരുദേവി നാരായണക്ഷേത്രത്തിന് ഭൂമി ദാനം ചെയ്തു. ദാലൂരയിലെ ഈ ക്ഷേത്രദാനമാണ് പല്ലവരുടെ ആദ്യത്തെ ക്ഷേത്രദാനരേഖ. ബുദ്ധ്യാങ്കുരനു ശേഷം നാം അറിയുന്ന പല്ലവൻ സമുദ്രഗുപ്തകാലത്തെ വിഷ്ണുഗോപനാണ്.

സംസ്കൃതലിഖിതങ്ങൾ:- എഡി 350-600 . പ്രധാനതാമ്രപത്രങ്ങൾ പുറപ്പെടുവിച്ച സ്ഥലങ്ങൾ താമ്രാപ(ർണ്ണി), പാലക്കാട, മേന്മത്തൂര, ദശനപുര, പിക്കീര, ഓങ്ങോടു,(1, 2), ദാർശി, രായക്കോട്ട, ചന്തലൂർ, ഉദയേന്തിരം, ഉരുവപ്പള്ളി. ശിലാലിഖിതം വായലൂരും അമരാവതിയും നിന്ന്. പണ്ഡിതബ്രാഹ്മണർക്കും ക്ഷേത്രങ്ങ

ൾക്കും ബ്രഹ്മദേയമായി വിദ്യാഭ്യാസപോഷണ ത്തിനു കൊടുത്ത ദാനങ്ങളാണ്. ഭരണവർഷ ത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രന്ഥ പല്ലവലിപി സംസ്കൃതഭാഷയിലാണ്. 7ആം നൂറ്റാണ്ടിനു ശേഷമാണ് തമിഴും കൂടി രേഖപ്പെ ടുത്തിയ ലിഖിതങ്ങളുള്ളത്. ഇത്തരം ആദ്യലി ഖിതം പരമേശ്വരവർമ്മന്റെ കുറം ലിഖിതമാണ്. ഇതിനുശേഷം 5 താമ്രപത്രങ്ങൾ (7,8,9 നൂറ്റാണ്ടു കൾ) തമിഴുകൂടികലർന്നവയാണ്. ഇവയിൽ പല്ലവവംശാവലി ഉണ്ട്. (കാസക്കുടി, വേലൂ ർപാളയം, കൊറ്റങ്കുടി, തണ്ടൻതോട്ടം, ഉദയേന്ദ്രം) പടിഞ്ഞാറൻഗംഗരാജാവ് മാധവ 2 വിന്റെ പെനുഗൊണ്ട പ്ലേറ്റ് ഗംഗസിംഹാസനത്തിൽ അരിവർമ്മൻ (ആര്യവർമ്മൻ, ഹരിവർമ്മൻ), സിംഹവർമ്മൻ, സ്കന്ധവർമ്മൻ എന്നിവരെ പല്ലവസ്കന്ദവർമ്മനാണ് ഇരുത്തിയതെന്ന് പറയുന്നു. ഇവരുടെ കാലം ഏതാണ്ട് എഡി 475ലാണെന്നാണ് തീരുമാനം. അക്കാലത്ത് പല്ലവരാജാവ് ഒരു സ്കന്ധവർമ്മനാണ് എന്നാ ണ് വരുന്നത്. ശകം 380 (എഡി 458)ലെ ദിഗംബ രജൈനഗ്രന്ഥം ലോകവിഭാഗം കാഞ്ചി സിംഹ വർമ്മന്റെ 21ആം ഭരണവർഷമാണ് എഴുതി യത്. സിംഹവർമ്മൻ കിരീടം ധരിച്ചത് ഇത നുസരിച്ച് എഡി 436ലാവണം. സിംഹവർമ്മന്റേ

യും മകൻ സ്കന്ധവർമ്മന്റേയും കാലം ഇതു വെച്ച് നിശ്ചയിക്കാനായി.

അവന്തിസുന്ദരികഥാസാരം-

ഭാരവി, ദണ്ഡിമാരുടെ കഥ ഇതിലുണ്ട്. ഭാരവി വിഷ്ണുവർദ്ധന 1 , ദുർവ്വിനീത,സിംഹവി ഷ്ണു എന്നിവരുടെ സഭ സന്ദർശിച്ചിട്ടുണ്ട്. ഈ മൂന്നു രാജാക്കന്മാരും അതിനാൽ സമകാലീ നരാണ്. 5ആം നൂറ്റാണ്ടിന്റെ രണ്ടാം ഭാഗത്താണ് ഇവർ. ദണ്ഡി ഭാരവിയുടെ സുഹൃത്ത് ദാമോദ രന്റെ പ്രപൌത്രനാണ്. പ്രാകൃതം, സംസ്കൃതം രണ്ടു ഭാഷയിലെഴുതിയ ലിഖിതങ്ങളിലും പല്ലവരാജാക്ന്മാർ തങ്ങൾ ഭരദ്വാജഗോത്രമെന്ന് തീർത്തുപറയുന്നു

വിഷ്ണുഗോപ എഡി 340. ഈ നാമം സമുദ്രഗു പ്തലിഖിതത്തിലും , ഉരുവപ്പള്ളി ലിഖിതത്തി ലും പിക്കീര പ്ലേറ്റിലും ചുര പ്ലേറ്റിലും (2 പ്രാവ ശ്യം) വരുന്നുണ്ട്. വായലൂർ സ്തംഭലിഖിതത്തി ൽ 3 പ്രാവശ്യം വിഷ്ണുഗോപനെന്നും ഒരു പ്രാ വശ്യം വിഷ്ണുദാസനെന്നും കാണുന്നു. എഡി 340ൽ സമുദ്രഗുപ്തൻ പാടലീപുത്രത്തിൽനിന്ന് തെക്കോട്ട് സൈന്യത്തെ നയിച്ചു. ആദ്യം സിർപൂ ർ, സംബാൽപൂർ ഭാഗത്ത് മഹേന്ദ്രൻ ഭരിക്കുന്ന ദക്ഷിണകോസലം പിടിച്ചു. സോൺപൂരിന് തെക്കുള്ള വനം കടന്ന് മഹാകാന്താരം എന്ന

രാജ്യത്ത് എത്തി. അവിടെ വ്യാഘ്രരാജനാണ് ഭരിച്ചിരുന്നത്. പിന്നീട് ഒറീസ്സയുടെ തീരപ്രദേശത്ത് വന്നു. കോരളത്തിലെ മന്തരാജാ, പിഷ്ടപുരത്തെ മഹേന്ദ്ര, കോട്ടൂരയിലെ സ്വാമിദത്ത, എരന്തപ്പള്ള ദാമനൻ ഇവരെല്ലാം ഒന്നിച്ച്എതിർത്തു. എന്നാൽ പരാജിതരായി.
ഗോദാവരി,കൃഷ്ണാമുഖത്ത് വെച്ച് സമുദ്രഗുപ്തനെ കാഞ്ചി പല്ലവ വിഷ്ണുഗോപനും ഈ രാജാര്കന്മാരെല്ലാവരും കൂടി എതിർത്തു. അവമുക്തത്തിലെ നീലരാജാ, വെങ്കി ഹസ്തിവർമ്മൻ, പാലക്കയിലെ ഉഗ്രസേന, ദേവരാഷ്ട്രത്തിലെ കുബേര, കുസ്ഥലപുരത്തെ ധനഞ്ജയ ഇവരും സംഘത്തിലുണ്ടായിരുന്നു. ദക്ഷിണാപഥത്തിലെ ഈ യുദ്ധത്തിൽ തോറ്റ് സമുദ്രഗുപ്തൻ ഒറീസ്സ കീഴടക്കാതെ മടങ്ങി. ഇന്ത്യ കീഴടക്കാനാവാതെ തിരിച്ചുപോയ അലക്സാന്ററോടാണ് സമുദ്രഗുപ്തനെ പ്രൊ ജൌവ്യു ഡുബ്രെയുൽ Ancient history of Deccan ൽ താരതമ്യപ്പെടുത്തുന്നത്. കാഞ്ചി, വെങ്കി, പാലക്കാട് എന്ന് 3 പല്ലവകേന്ദ്രങ്ങളും ഈ യുദ്ധത്തിൽ പങ്കെടുക്കാനായി വന്നിരുന്നു. ദേവരാഷ്ട്രം മഹാരാഷ്ട്രയാണ്. സമുദ്രഗുപ്തൻ ഈ സ്ഥലത്തൊന്നും വന്നിട്ടില്ല. ഇവിടത്തെ രാജാവും സൈന്യവും വഴിയിൽ വെച്ചുതന്നെ സമുദ്രഗുപ്തനെ തോൽപ്പിക്കയാണ് ചെയ്തത്. ഗോദാവരിതീരത്താണ് യുദ്ധം

നടന്നത്. ഗോദാവരി,കൃഷ്ണതാഴ്വര വെങ്കി ഹസ്തിവർമ്മ, (സാലങ്കായന), അവമുക്ത നീല രാജാ, പാലക്കാട് ഉഗ്രസേന, കാഞ്ചി വിഷ്ണു ഗോപ ഇവരുടേയും സുഹൃത്തുക്കളുടേയും സംരക്ഷണത്തിലായിരുന്നു.

വിഷ്ണുഗോപനും സിംഹവിഷ്ണുവും-എഡി 340-550. സംസ്കൃതലിഖിതകാലമായ 200 വർഷ ക്കാലത്താണ് ഇവരുടെ കാലം. ഇക്കാലത്തെ പല്ലവക്രോണോളജി താമ്രപത്രങ്ങളിൽ കൃത്യമ ല്ല. ഇതിലെ എല്ലാ രാജാക്കന്മാരും ഭരിച്ചിരുന്നു വോ ഇല്ലയോ എന്നും കൃത്യമായ അറിവില്ല. നന്ദിവർമ്മ 3 ന്റെ വേലൂർപാളയം പ്ലേറ്റും (9ആം നൂറ്റാണ്ട്) നന്ദിവർമ്മ പല്ലവമല്ലന്റെ കസാക്കുടി പ്ലേറ്റും ആദ്യപല്ലവരാജാവിന് ചക്രവർത്തിപ ദം കിട്ടിയതെങ്ങനെ എന്നതിലേക്ക് സൂചന തരു ന്നുണ്ട്. വേലൂർപാളയം പ്ലേറ്റ് വിഷ്ണു മുതൽ പല്ലവൻ വരെ ബ്രഹ്മാ, അംഗിരസ്, ബൃഹസ്പ തി, ശംയു, ഭരദ്വാജ. ദ്രോണ, അശ്വത്ഥാമാവ് എന്ന് വംശാവലി തരുന്നു. പിന്നീട് അശോകവ ർമ്മൻ,കലഭൃത്ത്, ചൂതപല്ലവ എന്നാണ് പേരുക ളുള്ളത്. അശോകവർമ്മനു ശേഷം ഒരു ഇടവേള കാണുന്നത്, ശിവസ്കന്ദവർമ്മൻ, വിജയസ്കന്ദ വർമ്മൻ ബുദ്ധവർമ്മൻ ഇവരുടെ പ്രാകൃതലി ഖിതകാലമാവാം. കാലഭൃത്,

ചൂതപല്ലവവീരകൂര്ച്ചനാമങ്ങൾ രാജസിംഹ ന്റെ വായലൂർ ലിഖിതത്തിലുമുണ്ട്. വായലൂർ ലിഖിതത്തിലാണ് എല്ലാ പല്ലവരാജാക്കന്മാ രുടെയും പേരുള്ള ത്. മഹേന്ദ്രവർമ്മൻ 1 നു മുമ്പ് , വിമലൻ, കൊങ്ക ണികൻ, (പടിഞ്ഞാറൻ ഗംഗ), ഇവരുണ്ട്. വിഷ്ണുഗോപനാമം 3 പ്രാ വശ്യം, കുമാരവിഷ്ണു 2 പ്രാവശ്യം , കന്തവർമ്മൻ 5 പ്രാവശ്യം, സിംഹവർമ്മൻ 4 പ്രാവശ്യം ആവർത്തിച്ചു, വരുന്നുണ്ട്. 42 രാജാക്കന്മാരെ ഈ വംശാവലി പറയുന്നു.

ബ്രഹ്മ, അംഗിരസ,ബൃഹസ്പതി, ശംയു, ഭരദ്വാ ജ, ദ്രോണ, അശ്വത്ഥാമാ, പല്ലവ, അശോക, ഹരി ഗുപ്ത, ആര്യവർമ്മ, വിമല, കൊങ്കണിക, കാല ഭർതൃ, ചൂതപല്ലവ, വീരകൂർച്ച, ചന്ദ്രവർമ്മ, കരാള, വിഷ്ണുഗോപ, കന്തമൂല, കുമാരവി ഷ്ണു, ബുദ്ധവർമ്മൻ, കന്തവർമ്മൻ, വിഷ്ണു ഗോപ, വിഷ്ണുദാസ, കന്തവർമ്മ, സിംഹവ ർമ്മ, വീരവർമ്മ, കന്തവർമ്മ, സിംഹവർമ്മ, കന്തവർമ്മ, നന്ദിവർമ്മൻ 1സ സിംഹവർമ്മ, സിംഹവർമ്മ, വിഷ്ണുഗോപ, സിംഹവർമ്മ, സിംഹവിഷ്ണു, മഹേന്ദ്രവർമ്മൻ 1, നരസിംഹ വർമ്മൻ 1 മഹേന്ദ്രവർമ്മൻ 2, പരമേശ്വരവ ർമ്മൻ 1....പിന്നെ 5 നാമം കഴിഞ്ഞാണ് രാജ സിംഹൻ. കാലഭൃത് കാസക്കുടി പ്ലേറ്റിൽ കാന

ഗോപനാണ്. ഇദ്ദേഹത്തിനു ശേഷം സംസ്കൃത ലിഖിതങ്ങൾ ആരംഭിക്കുന്നുണ്ട്. അശോകവ ർമ്മന്റെ വംശത്തിലാണ് കാലഭൃത്ത്. ബപ്പദേ വനും ശ്വക്കന്തവർമ്മനും (പ്രാകൃലിഖിതം) ഇതേ ശാഖയിലാണ്.

വീരകൂർച്ചകാലം-കൃലഭൃത്യ എന്ന രാജാവിന്റെ പൌത്രനാണ് വീരകുറിച്ചിയൻ. വേലൂർ പാള യം പ്ലേറ്റ്, ഇദ്ദേഹം നാഗരാജാവിന്റെ മകളേയും ചക്രവർത്തിപദത്തേയും ഒരുമിച്ച് നേടി പ്രശ സ്തനായി എന്ന് പറയുന്നു. വീരകൂർച്ചൻ ആദ്യ ത്തെ പല്ലവവംശജനല്ല, ആദ്യത്തെ പല്ലവചക്ര വർത്തിയാണ്. നാഗവംശവുമായ വൈവാഹി കബന്ധം സമുദ്രഗുപ്തന്റെ ആക്രമണകാലത്തോ അതു കഴിഞ്ഞ ഉടനെയോ ആണ് സംഭവിച്ചിരി ക്കെ. . പെരുംപാണാറ്റുപടൈ ഇളംതിരയന്റെ ജനനം ചോളനും നാഗവംശജയും തമ്മിലുള്ള വൈവാഹികബന്ധത്തിൽനിന്നാണെന്ന് പറയു ന്നു. രണ്ടിലും നാഗവംശമാണ് ചക്രവർത്തിപ ദത്തിന് പല്ലവനെ അർഹനാക്കുന്നത്. അന്നത്തെ സോഷ്യോപൊാെളിറ്റിക്കൽ സ്ഥിതിയും ഈ വൈവാഹികബന്ധത്തിന്റെ പ്രസക്തിയും തമ്മിലുള്ള ബന്ധം തെളിയിക്കാൻ എസ്. കെ അയ്യങ്കാർ ശ്രമിക്കയുണ്ടായി.അദ്ദേഹം ശത വാഹനസൈനാധിപായിരുന്ന സ്കന്ധനാഗ

ത്തിന്റെ വംശവുമായാണ് ഈ വൈവാഹിക ബന്ധം പറയുന്നത്. അദ്ദേഹം ശതവാഹനവം ശജനായിരുന്നു. നാഗനിക മുതലായ പ്രസിദ്ധ

രാജ്ഞിമാർ ഈ വംശമാണ്. ശതവാഹനരുമായുള്ള രക്തബന്ധമാണ് നാഗകന്യകയുടെ മകനെ ചക്രവർത്തിയാക്കാനുള്ള കാരണം. ശതവാഹനരുടെ മേൽ ഗുപ്തന്മാർ ആധിപത്യം സ്ഥാപിച്ച് ദക്ഷിണാപഥം കീഴടക്കാനുള്ള പടയോട്ടം ആരംഭിച്ചപ്പോഴാണ് ഈ വിവാഹവും അതിലെ പുത്രനും ദക്ഷിണാപഥത്തിന് സഹായകമാവുന്നത്. ശതവാഹനനാഗന്മാരുടെ സാമന്തരായിരുന്ന പല്ലവരുടെ സ്റ്റാറ്റസ് അതോടെ ഉയർന്നു.

സ്കന്ധശിഷ്യ(സ്കന്ധവർമ്മ)ഃ-വേലൂർപാളയം ലിഖിതത്തിൽനിന്ന് വീരകൂർച്ചന്റെ പുത്രൻ ദാർസി പ്ലേറ്റിലെ വീരകൂർച്ചവർമ്മൻ സ്കന്ധശിഷ്യനാണെന്ന് വരുന്നു. പല്ലവവംശചന്ദ്രനായ അദ്ദേഹം സത്യസേനരാജാവിൽ നിന്ന് ബ്രാഹ്മണർ നടത്തിയിരുന്ന ഘടിക എന്ന വിദ്യാഭ്യാസ സ്ഥാപനം പിടിച്ചെടുത്തു. സത്യസേനൻ ആരെന്ന് വ്യക്തമല്ല. കാഞ്ചി ഘടികയാണെന്ന് മയൂരശർമ്മ, കാകുത്സവർമ്മകാലത്തെല്ലാം പ്രസിദ്ധമാണ്. മയൂരശർമ്മനും വളരെ മുമ്പ് അത് പ്രസിദ്ധമാണ്. ആ ഘടികയാണ് പല്ലവർ എടുത്തത്. നാലാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ

മഹാക്ഷത്രപ സ്വാമി സത്യസേനന്റെ നാണ്യങ്ങ ളുണ്ടെന്നും അദ്ദേഹമാവണം ദാർസി പ്ലേറ്റി ലെ സത്യസേനനെന്നും കൃഷ്ണസ്വാമി അയ്യങ്കാർ ചൂ ണ്ടിക്കാട്ടി. വാകാടക, ശതവാഹനചക്രവർത്തി മാരുമായി സഹകരിച്ച് ഗുപ്ത, ക്ഷത്രപആക്രമ ണകാരികളെ ദക്ഷിണാപഥത്തിൽ നിന്ന് ഓടിച്ചാ ണ് പല്ലവന്മാർ ശക്തരായത്. വാകാടകചരിത്ര ത്തിൽ, വാകാടകപൃഥ്വീസേനനാണ് അക്കാലത്ത് കുന്തളരാജ്യം ഭരിക്കുന്നത്. വാകാടക മഹേന്ദ്ര നും കാഞ്ചി വിഷ്ണുഗോപനും വെങ്കി ഹസ്തി വർമ്മനും പാലക്കാട്ട് രാജാവും എല്ലാമുള്ള ഡക്കാനിലെ സൈന്യം സമുദ്രഗുപ്തനെ ആന്ധ്ര യിലെ ഗോദാവരീതീരത്തുവെച്ച് പരാജയപ്പെ ടുത്തി. അലക്സാന്ററെ മൂഷകവംശത്തിലെ പൂരുവും സൈന്യവും പോലെ.

മഹാക്ഷത്രപ സ്വാമി രുദ്രസിംഹ 3 ന്റെ പിതാ വായ സ്വാമി സത്യസേനനാണ് സത്യസേനനെ ങ്കിൽ അദ്ദേഹത്തിന്റെ കാലം എഡി 388നു മുമ്പാ ണ്.(പ്രൊ റാപസൺ).സ്കന്ധശിഷ്യ, വീരകൂർച്ച ന്മാരുടെ കാലം ഇതുവെച്ച് നിർണ്ണയിക്കാനാ വും. അഛനും മകനും തമ്മിൽ 30 വർഷം വ്യ ത്യാസം അനുവദിച്ച്, വീരകൂർച്ചന്റെ കിരീടധാ രണം എഡി 358 ആവാമെന്ന് വെങ്കയ്യ അനുമാനി ക്കുന്നു. തിരുക്കളുംകുന്റം ലിഖിതം , മൂല

സ്ഥാനം ക്ഷേത്രത്തിന് ഭൂമി ദാനം ചെയ്ത സ്കന്ധശിഷ്യനാണ് , പല്ലവസ്കന്ധശിഷ്യനെന്ന് കൃഷ്ണശാസ്ത്രി വിചാരിക്കുന്നു. വെങ്കയ്യ സ്കന്ധശിഷ്യനും സ്കന്ധവർമ്മനും ഒരാളാണെന്നും പറയുന്നു.

5-6 നൂറ്റാണ്ടുകളിലും അതിനുശേഷവുമുള്ള സംസ്കൃതശാസനങ്ങളിലാണ് പല്ലവവംശാവലി തന്നിരിക്കുന്നത്. അതിലെ ക്രിസ്തുവർഷത്തിനു മുമ്പുള്ളതെല്ലാം മിത്ത് എന്ന് തള്ളിക്കളയുന്ന പ്രവണതയാണ് പാശ്ചാത്യർ സ്വീകരിച്ചത്. തങ്ങൾക്കു മുമ്പ് ഇന്ത്യക്ക് ചരിത്രം ഉണ്ടായിരുന്നില്ല എന്നാണ് അവർ പ്രചരിപ്പിച്ചത്. നാലു ശാസനങ്ങൾ വിജയശിബിരങ്ങളായ പാലക്കാട, ദശനപുര (പല്ലാവൂർ),മേന്മത്തൂര്, താമ്രാപ എന്നിവിടങ്ങളിൽ നിന്നാണ്. ഇതിലെല്ലാം 4 തലമുറ പല്ലവരാജാക്കന്മാരെ പറയുന്നുണ്ട്. വെങ്കയ്യ ഈ സ്ഥലങ്ങളെ നെല്ലൂർജില്ലയുടെ അടുത്തെന്ന് പറയുന്നു. പക്ഷേ അത് ശരിയല്ല. പാലക്കാടും പല്ലാവൂരും കേരളത്തിലാണ്. താമ്രപർണ്ണിനദി തെക്കൻകേരളത്തിലാണ്. മേന്മത്തൂര് ഏതാവാമെന്ന് പറയുക പ്രയാസമാണ്. ലകാരം നകാരമാവുന്ന നിയമം അനുസരിച്ച് മേൽമാത്തൂരാകുമോ എന്ന് ആലോചിക്കാവുന്നതാണ്. മാത്തൂർ ശിൽപ്പികളുടെ സ്ഥാനമായിരുന്നുവ

ല്ലോ. വേലൂർപാളയം പ്ലേറ്റിലെ ആദ്യകാലസം സ്കൃതശാസനങ്ങളുടെ കർത്താക്കളുടെ ലിസ്റ്റ്ഃ-

1 കാലഭൃത്

2. ചൂതപല്ലവ(ചുത്തുപല്ലവ)

3. വീരകൂർച്ച

4. സ്കന്ധശിഷ്യ

5 കുമാരവിഷ്ണു

ഓംഗോഡു 1 ലിഖിതപ്രകാരം -

കുമാരവിഷ്ണു

6 സ്കന്ധവർമ്മൻ

7 വീരവര്മ്മൻ

8 വിജയസ്കന്ധവർമ്മൻ

കൃഷ്ണശാസ്ത്രി വീരവർമ്മനെ വീരകൂർച്ചിവർമ്മനെന്ന് പറയുന്നു (ദാർസി ലിഖിതത്തിലെ) കാലഭൃത് കുമാരവിഷ്ണു എന്നാണ് അദ്ദേഹം ഇതുവെച്ച് പറയുന്നത്.

കൃഷ്ണശാസ്ത്രിഃഃ

കാലഭൃത്- കുമാരവിഷ്മു

ചുത്തുപല്ലവ- സ്കന്ധവർമ്മൻ

വീരകൂർച്ച- വീരവർമ്മൻ

സ്കന്ധശിഷ്യ- വിജയസ്കന്ധവർമ്മൻ

കുമാരവിഷ്ണു- കുമാരവിഷ്ണു

സിംഹവർമ്മന്റെ 11ആം വർഷത്തിലെ ഉരുവപ്പള്ളി പ്ലേറ്റിലെ ദാനം ചെയ്യുന്നത് യുവരാജാവ് വിഷ്ണുഗോപവർമ്മനാണ്. അതിലെ ക്രോണോളജി:-സ്കന്ധവർമ്മ, വീരവർമ്മ, സ്കന്ധവർമ്മ, യുവരാജാ വിഷ്ണുഗോപ, എന്നാണ്. വിഷ്ണുഗോപൻ സിംഹവർമ്മന്റെ അനുജനാണ്, ഭരിച്ചിട്ടില്ല.

മങ്കാദൂർ ലിഖിതത്തിലെ വംശാവലി:- വീരവർമ്മ, സ്കന്ധവർമ്മ, യുവരാജാ വിഷ്ണുഗോപവർമ്മ, ധർമ്മമഹാരാജാ സിംഹവർമ്മ

പിക്കീര പ്ലേറ്റ്:- വീരവർമ്മ, സ്കന്ധവർമ്മ, വിഷ്ണുഗോപവർമ്മ, സിംഹവർമ്മ.

ചന്ദലൂർ പ്ലേറ്റ്:-സ്കന്ധവർമ്മൻ, കുമാരവിഷ്ണു1 , ബുദ്ധവർമ്മൻ, കുമാരവിഷ്ണു 2.

ഉദയേന്ദ്രം പ്ലേറ്റ്:-സ്കന്ധവർമ്മൻ, സിംഹവർമ്മൻ, സ്കന്ധവർമ്മൻ, നന്ദിവർമ്മൻ

വായലൂർ ലിസ്റ്റ് സിംഹവിഷ്ണു മുതൽ:- സിംഹവിഷ്ണു, വിഷ്ണുഗോപ, സിംഹവർമ്മ, സിംഹവിഷ്ണു, മഹേന്ദ്രവർമ്മൻ 1.

പല്ലവവംശാവലി ഇവയെല്ലാം ചേർത്ത്:-

1 ബപ്പദേവ

2 ശിവക്കന്തവർമ്മ (എ)ഡി 220)

3. ബുദ്ധവർമ്മൻ

4 വിഷ്ണുഗോപ (എഡി 340)

5. കാലഭൃത് (ഓംഗോഡുഉറുവപ്പള്ളി പ്ലേറ്റ്.) കുമാരവിഷ്ണു

6 ചുത്തുപല്ലവ(സ്കന്ധവർമ്മ) നാഗരാജകുമാരി

7 വീരകൂർച്ച

8 സ്കന്ധശിഷ്യ(ഓംഗോദു പ്ലേറ്റ്)

സിംഹവർമ്മ	വിഷ്ണുഗോപ	കുമാരവി ഷ്ണു
സ്കന്ധവർമ്മ	സിംഹവർമ്മ 2	ബുദ്ധവർമ്മ
നന്ദിവർമ്മ 1	വിഷ്ണുഗോപ	കുമാരവിഷ്ണു 2
	സിംഹവർമ്മ 3	
	സിംഹവിഷ്ണു	
	മഹേന്ദ്രവർമ്മ	

വിഷ്ണുഗോപനെന്ന സമുദ്രഗുപ്തകാലത്തെ രാജാവും കുമാരവിഷ്ണുവും കാലഭൃത്തും ഒരാളാണെന്നും ഒരഭിപ്രായം ഉയർന്നുവന്നിരുന്നു. സിംഹവർമ്മൻ നാലു ഗ്രാന്റ് നൽകിയിട്ടുണ്ട്. ഓംഗോഡു പ്ലേറ്റ് നാലാം വർഷം താമ്രപനിന്ന് വൈശാഖ ശുക്ലപഞ്ചമിക്കാണ്. പിക്കിര ഗ്രാന്റ് 5ആം വർഷം മേന്മതുരു നിന്ന്. ഉറുവപ്പള്ളി പ്ലേറ്റ് 11ആം വർഷം പാലക്കാട നിന്ന്. സിംഹവർമ്മൻ 2 ആണ് 8ആം വർഷം വിജയദശനപുരം (പല്ലാവൂരു) നിന്ന് മംഗളൂർ

ഗ്രാന്റ്. വിജയതാമ്രപസ്ഥാനം, പാലക്കാട, ദശനപുരം, മേന്മാത്തൂര് ഇവ നെല്ലൂരിലാകാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ശരിക്ക് ആരും കണ്ടുപിടിച്ചിട്ടില്ല. എന്റെ ക്ഷേത്രചരിത്രപഠനവേളയിലാണ്, പാലക്കാട് , പല്ലാവൂർ, പല്ലശ്ശന , മാത്തൂർ മുതലായവ പല്ലവശൈലിയിലുള്ള നിർമ്മിതികളോടുകൂടിയവയാണെന്നും ഇവയെ നമുക്ക് അനലൈസ് ചെയ്യണമെന്നും എനിക്ക് തോന്നിയത്. കേരളചരിത്രത്തിലെ പല്ലവശൈലിക്ഷേത്രങ്ങളും പല്ലവരുടെ ഭരണവും അപ്രകാരം പഠനവിധേയമാക്കി. ദർശിയാണ് ദശനപുരം എന്ന് പറയുന്നുവെങ്കിലും അതിനേക്കാളും പല്ലാവൂരാവാനാണ് സാദ്ധ്യത. കുമാരവിഷ്ണു ചോളരിൽനിന്ന് കാഞ്ചീപുരം തിരിച്ചുപിടിക്കുന്നതുവരെ പല്ലവർ വെങ്കി, പാലക്കാട് ഇവയാണ് താമസസ്ഥാനമാക്കിയിരുന്നത്. ആന്ധ്രയിൽ മാത്രമല്ല, പാലക്കാട് കൊല്ലങ്കോട്ടും വെങ്കിപുരം എന്ന പേരുണ്ട്. തെലുഗു, തമിഴു, കർണ്ണാടക, കേരളതീരത്തെല്ലാം പല്ലവരുടെ കാടവരാജാക്കന്മാരുണ്ട്. ഇവരെ കുറിച്ച് നേരത്തേ വിശദമായി എഴുതിയിരുന്നത് കാണുക.

കരികാലചോളൻ പിടിച്ചടക്കിയ കാഞ്ചി കുമാരവിഷ്ണു തിരിച്ചുപിടിച്ചിരുന്നു. ത്രിനയനപല്ലവനും കരികാലനും , കദംബമയൂരവർമ്മനും പല്ലവരും തമ്മിലുള്ള വടംവലി ചരിത്രപ്രസി

ദ്ധമാണ്. വേളൂർപാളയം പ്ലേറ്റിൽ സമുദ്രം പോലുള്ള ചോളസൈന്യത്തിന് ബഡവാഗ്നി പോലെ എന്നാണ് ബുദ്ധവർമ്മനെ പറയുന്നത്. (ചോളസൈന്യാർണ്ണവ ബഡവാഗ്നി). പല്ലവകാലത്ത് ചോളന്മാർ കാഞ്ചി പിടിച്ചടക്കിയിരുന്നുവോ എന്നുപോലും സംശയമാണെന്ന് പല ചരിത്രകാരന്മാരും കരുതുന്നുണ്ട്. ലോകവിഭാഗം (ജൈനഗ്രന്ഥം)സിംഹവർമ്മകാലം എഡി 436 ആയി തീരുമാനിക്കുന്നു. (ശകം 380) അത് 22ആം ഭരണവർഷമാണ്. അതിനാൽ എഡി 436ലാവണം കിരീടധാരണം. ശകം 380ലാണ് സർവ്വനന്ദി ഈ ഗ്രന്ഥം പകർത്തി മുഴുമിപ്പിച്ചത്. അതിനാൽ ഗ്രന്ഥകർത്താവ് സിംഹസൂരി അതിനും മുമ്പ് ജീവിച്ചിരുന്നിരിക്കണം. 22ആം ശ്ലോകം ബനാറസ്സിലെ മഹാമഹോപാദ്ധ്യായ സുധാകരദ്വിവേദി പരിശോധിച്ചു. കാലം ശരിയാണെന്ന് സ്ഥാപിച്ചു . സർവ്വനന്ദി ഗ്രന്ഥം പകർത്തിയ പാതാലികാഗ്രാമം തെക്കേ ആർക്കോട്ടിലെ പാതാളീപുരമാണ്. പെരിയപുരാണപ്രകാരം അവിടെ 7ആം നൂറ്റാണ്ടുവരെ ജൈനവിഹാരമുണ്ട്. പാണരാഷ്ട്രം പെരുംപാണപ്പടി (കദംബ മയൂരശർമ്മന്ന് കപ്പം കൊടുക്കുന്ന ബൃഹദ്ബാണവംശം) ബാണരുടെ ഭരണകേന്ദ്രമാണ്. ഗംഗരാജാവ് മാധവവർമ്മ 2 വിന്റെ പെനുഗൊണ്ട പ്ലേററ് സിംഹവർമ്മ 2 വിനെ പരാമർശിക്കുന്നു. എഡി 475 ആണ് ഡോ ഫ്ലീറ്റ് അതിന് കാലമായി നിശ്ചയിച്ചത്. അതിന് തൊട്ടുമുമ്പാണ്

ഗംഗസിംഹാസനത്തിൽ അദ്ദേഹം ഇരുത്തിയ അയ്യാവർമ്മകാലം. ഇതും ലോകവിഭാഗവും വെച്ച് സിംഹവർമ്മന്റെ ആദ്യവർഷം എഡി 436, നാലാം വർഷം എഡി 440. ആ വർഷം ചൈത്രത്തിൽ സൂര്യഗ്രഹണം ഉണ്ടായിട്ടില്ല എന്ന് ശാസ്ത്രികൾ. എന്നാൽ ഓംഗോഡു പ്ലേറ്റിൽ (വരി 31) ഗ്രഹണനിമിത്തം എന്നുണ്ട്. അതാകട്ടെ വാശാഖപഞ്ചമിക്കാമ്, അമാവാസിക്കല്ല. സൂര്യഗ്രഹണം അമാവാസിക്കാണല്ലോ ഉണ്ടാവുക. അതിൽ സൂര്യഗ്രഹണമോ ചന്ദ്രഗ്രഹണമോ, എന്നുപോലും പറയുന്നില്ലതാനും. അങ്ങനെ ഒരു താമ്രപത്രം രേഖപ്പെടുത്തുകയില്ല. സ വിജയരാജ്യസംവത്സരേ ചതുർത്ഥേ വൈശാഖശുക്ലപക്ഷ പഞ്ചമ്യാം ദത്തം എന്ന വാക്യം വളരെ പ്രശ്നമുണ്ടാക്കുന്ന വാക്യമാണ്.

സിംഹവർമ്മൻ 2 വിന്റെ പിൻഗാമികൾ:- സിംഹവർമ്മൻ 2(എഡി 436-460), വിഷ്ണുഗോപവർമ്മൻ, സിംഹവർമ്മൻ 3, സിംഹവിഷ്ണു (എഡി 575-600). വിഷ്ണുഗോപനു ശേഷം വന്ന നന്ദിവർമ്മൻ ശക്തനായ നാഗത്തെ നൃത്തം വെപ്പിച്ചു എന്ന് ലിഖിതം. സിംഹവിഷ്ണു മഹേന്ദ്രവർമ്മനുശേഷം 2 നൂറ്റാണ്ടുകാലം എഡി 600- 850 വരെ മഹാപല്ലവന്മാരുടെ കാലമായി അറിയപ്പെടുന്നു.

സാലങ്കായനരും കദംബരും-

വാകാടക,കദംബ, സാലങ്കായന, ഗംഗ, വിഷ്ണു കുണ്ഡിൻ രാജാക്കന്മാരെല്ലാം പല്ലവരുടെ സമ കാലീനരാണ്. കദംബ, സാലങ്കായന, വിഷ്ണു കുണ്ഡിൻ രാജാക്കന്മാരെ നമുക്ക് നോക്കാം. മയൂരശർമ്മനുശേഷമുള്ള കദംബരുടെ വംശാ വലി ഉണ്ട്., മയൂരശർമ്മൻ കേരളം ഭരിക്കാൻ ക്ഷണിച്ചുവരുത്തപ്പെട്ട കദംബരാജാവാണ്. ദക്ഷിണാപഥത്തിൽ കദംബരുടെ വംശം പുഷ്ടി പ്രാപിക്കാനുള്ള കാരണം തലഗുണ്ട സ്തംഭലി ഖിതം (കാകുത്സവർമ്മന്റെ) തരുന്നുണ്ട്. മാന വ്യാസഗോത്രത്തിലെ ബ്രാഹ്മണനായ മയൂര ശർമ്മൻ ,സ്ഥാണുകുണ്ടൂരിൽനിന്ന് കാഞ്ചിയിലെ ഘടികയിലേക്ക് വേദപഠനത്തിനു പോയിരുന്നു. അവിടെ വെച്ച് അശ്വാരൂഢനായ പല്ലവൻ ബ്രാ ഹ്മണർ ക്ഷത്രിയരെപ്പോലെ രാജ്യഭരണത്തിനു സാധിക്കുന്നവരല്ല എന്ന് പരിഹസിച്ചു പറഞ്ഞ ത് അദ്ദേഹത്തെ നോവിച്ചു. അദ്ദേഹം സാഹസി കരായ ചെറുപ്പക്കാരുടെ സൈന്യത്തെ കൂട്ടി, ആർക്കും പ്രവേശിക്കാനാകാത്ത ശ്രീപർവ്വത ത്തിലെ പല്ലവരാജാക്കന്മൊരെ പരാജയപ്പെടു ത്തി. പിന്നീട് ബൃഹദ്ബാണരുടെ സഹായത്തോ ടെ വനവാസി തലസ്ഥാനമാക്കി കദംബരാജ്യം രൂപീകരിച്ചു. കദംബരുടെ പ്രാകൃതമലവള്ളി ലിഖിതം രാജനാമം പറയുന്നില്ല. എങ്കിലും അത് ആദ്യരാജാവായ മയൂരശർമ്മന്റേതാവണം. എഡി 350, ഏതാണ്ട് സമുദ്രഗുപ്താക്രമണ കാലമാണ് മയൂരശർമ്മന്റെ കാലം. അതിനാൽ,

കാഞ്ചി വിഷ്ണുഗോപ, വീരകൂർച്ച ഇവരാവ ണം സമകാലീനരായ പല്ലവരാജാക്കന്മാർ. കംക വർമ്മനും ഭഗീരഥനും മയൂരശർമ്മനെ തുടർന്ന് രാജാക്കന്മാരായി.(6ആം നൂറ്റാണ്ട്) രഘു, കാകു ത്സവർമ്മൻ, ശാന്തിവർമ്മൻ, അദ്ദേഹത്തിന്റെ 2 മക്കളായ മൃഗേശവർമ്മനും മാന്ധാതൃവർമ്മ നും 6ആം നൂറ്റാണ്ടിലെ കദംബരാജാക്കന്മാരാണ്. ഇവർ വീരവര്മ്മ, സ്കന്ധവർമ്മ 2, സിംഹവ ർമ്മൻ, സ്കന്ധവർമ്മൻ 3 ഇവരുടെ സമകാലീന രാവണം. വാകാടകപൃഥ്വീസേനന്റെ ദക്ഷിണാപ ഥവിജയം അജന്ത ലിഖിതപ്രകാരം, കുന്തളകദം ബരാജാക്കന്മാരെ പരാജയപ്പെടുത്തി. ഇത് എ ഡി 360-360ലാണ്. കംഗവര്മ്മനാണ് അന്നത്തെ കദംബരാജാവ്. പ്രഭാവതിഗുപ്തയുടെ പൌത്ര നായ നരേന്ദ്രസേന കുന്തളരാജകുമാരി അജ്ജിത ഭട്ടാരികയുമായി നടന്നത് കാകുത്സവർമ്മകാ ലത്താണ്. ഇത് കാകുത്സവർമ്മൻ തലഗുണ്ട ലിഖിതത്തിൽ പറയുന്നുണ്ട്. കാകുത്സവർമ്മൻ സിംഹവർമ്മ 2 വിന്റെ സമകാലീനനാണ്. ഇക്കാ ലത്ത് പടിഞ്ഞാറൻ ഗംഗ അയ്യാവർമ്മന്റേയും മാധവവർമ്മന്റേയും കിരീടധാരണം നടന്നിട്ടു ണ്ട്. കാകുത്സവർമ്മനുശേഷം ഭരിച്ച ശാന്തിവ ർമ്മനെ കുറിച്ച് അധികമൊന്നും അറിയില്ല. അദ്ദേഹത്തിന്റെ മക്കൾ മൃഗേശ, മാന്ധാതൃവ ർമ്മന്മാർ എഡി 450-500 വരെ ഒന്നിച്ച് രാജ്യം ഭരിച്ചു. ഇക്കാലത്ത് കദംബവംശത്തിന്റെ ഇളയ ശാഖ, ശാന്തിവർമ്മന്റെ മൂത്ത ജ്യേഷ്ഠനും

കാകുത്സന്റെ മകനുമായ യുവമഹാരാജാ ദേവ വർമ്മൻ ത്രിപർവ്വതം ഭരിച്ചു, അദ്ദേഹത്തിന്റെ മകൻ കൃഷ്ണവർമ്മൻ 1 കേരളചരിത്രത്തിലും നല്ല ഒരു പങ്ക് വഹിച്ചിട്ടുണ്ട്.(അത് നേരത്തെ പറഞ്ഞതാണ്). മാന്ധാതൃവർമ്മനുശേഷം കദം ബസിംഹാസനം രവിവർമ്മേനു ലഭിച്ചു. ഹൽസി പ്ലേറ്റ് അദ്ദേഹം സ്വന്തഭുജബലം കൊണ്ടാണ് സിംഹസനം നേടിയതെന്ന് പറയുന്നതിനാൽ സിംഹസനത്തെച്ചൊല്ലി യുദ്ധമുണ്ടായിട്ടുണ്ടാ വണം. കൃഷ്ണവര്മ്മന്റെ മകനും തന്റെ കസിൻ സഹോദരനുമായ വിഷ്ണുവർമ്മനെ വധിച്ചും, കാഞ്ചിയിലെ ചണ്ഡദണ്ഡനെ നശിപ്പിച്ചുമാണ് രവിവർമ്മൻ രാജ്യം നേടിയത്. രവിവർമ്മന്റെ 5ആം വർഷവും 35ആം വർഷവും ദാനം ചെയ്ത രേഖകളുണ്ട്. അദ്ദേഹത്തിനുശേഷം വൈജയന്തിയിൽ എഡി 550 വരെ ഹരിവർമ്മൻ രാജാവായി. ഇക്കാലത്ത് പുലികേശി 1 കദം ബഭരണം അവസാനിപ്പിച്ചു.

കൃഷ്ണരാജാ(കൃഷ്ണവർമ്മൻ), മകൻ അജ യവർമ്മൻ, ഭോഗിവർമ്മൻ, വിഷ്ണുവർമ്മൻ എന്നിവർ ക്രമത്തിൽ ഭരിച്ചിട്ടുണ്ട്. 8ആം നൂറ്റാ ണ്ടിലെ വേലൂർ പാളയം പ്ലേറ്റ് അക്കാലത്തും കദംബർ പ്രബലരാണെന്ന് കാണിക്കുന്നു. പല്ല വരാജാ ദന്തിവർമ്മൻ അതിനാലാണ് അഗ്ഗല നിമ്മതിയെ വിവാഹം ചെയ്യുന്നത്. കദംബ

വംശത്തിലെ ലലാടരത്നമായ രാജാവിന്റെ പുത്രി എന്നാണ് അഗ്ഗലനിമ്മതിയെ പറയുന്നത്.

സാലങ്കായനർ(എഡി 350-500) പല്ലവരുടെ സംസ്കൃതലിഖിതക്കാലത്ത് ഉള്ള സമകാലീനരാണ്. സാലങ്കായനനെന്നത് ഒരു വൈദികഋഷിനാമമാണ്. ഇവരുടെ 5 ഗ്രാന്റുകളാണ് ലഭിച്ചിട്ടുള്ളത്. എല്ലൂർ പ്രാകൃതം പ്ലേറ്റ് മഹാരാജാ വിജയദേവവർമ്മന്റെ 13ആം വർഷമാണ്. മഹേശ്വരനും ചിത്രരഥസ്വാമിഭക്തനും ആയ ഈ രാജാവ് അശ്വമേധയജ്ഞം നടത്തിയവനും ആണ്. എല്ലൂരിലെ ജനങ്ങൾക്ക് ദാനം ചെയ്യുന്നത് വെങ്കിപുരത്തു നിന്നാണ്. സംസ്കൃതത്തിലുള്ള മറ്റൊരു ലിഖിതം വിജയദേവവർമ്മൻ ചന്ദ്രവർമ്മപുത്രനാണെന്ന് പറയുന്നു . 8ആം ഭരണവർഷം വെങ്കിനിനാനാണ് ലിഖിതം. വടക്കൻ സിർക്കാറിൽ മാത്രം നാലിലധികം വെങ്കി ഉണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. പെദ്ദവെങ്കിയാണ് വെങ്കിപുരം എന്നാണ് ഭൂരിപക്ഷാഭിപ്രായം. കെ. വി ലക്ഷ്മണറാവു 2 ലിഖിതം കൂടി കണ്ടെടുത്തു. അദ്ദേഹം വെങ്കി ഹസ്തിവർമ്മനെ പല്ലവനായല്ല, സാലങ്കായനനായാണ് കൂട്ടുന്നത്. അദ്ദേഹം തരുന്ന വംശാവലിഃ

എഡി 350 വെങ്കി ഹസ്തിവർമ്മൻ.

എഡി 375 വിജയദേവവർമ്മൻ

എഡി 400 വിജയനന്ദിവർമ്മൻ

എഡി 425 ബുദ്ധവർമ്മൻ

എഡി 450 ചന്ദ്രവർമ്മൻ

എഡി 475 വിജയനന്ദിവർമ്മൻ

എഡി 500 വിജയക്കന്തവർമ്മൻ.

കന്തേരു പ്ലേറ്റ് ചിത്രരഥസ്വാമിയുടെ പദാനുധ്യായിയായ വിജയക്കന്തവർമ്മന്റേതാണ്. സാലങ്കായനനായ ഇദ്ദേഹം കുദ്രഹാരവിഷയത്തിലെ ചിന്നപുരഗ്രാമം തന്റെ 5ആം ഭരണവർഷം വൈശാഖപൌർണ്ണമിക്ക് ശിവരായന് കൊടുത്തു. മഹാരാജാ ശ്രീ നന്ദിവർമ്മൻ കുരുവാഡഗ്രാമത്തിലെ ഭൂമി സ്വാമിചന്ദ്രന് കൊടുത്തതാണ് മറ്റൊരു ലിഖിതം. സാലങ്കായനർ ഭഗവത് ചിത്രരഥസ്വാമിപദാനുധ്യായികളാണ്. ചില ശാസനങ്ങളിൽ സൂര്യചിത്രമുള്ളതുകൊണ്ട് ഇവരുടെ കുലദൈവമായ ചിത്രരഥസ്വാമി സൂര്യനാണെന്ന് വിചാരിക്കുന്നു. പല്ലവവംശവും സാലങ്കായനവംശവും ഒരേ തരം നാമങ്ങളാണ് കാണിക്കുന്നത്. സ്കന്ധവർമ്മ, ബുദ്ധവർമ്മ, നന്ദിവർമ്മ എന്നെല്ലാം 2 വംശത്തിലും കാണാം. പല്ലവരുടെ ഇരിക്കുന്ന ഋഷഭചിഹ്നം സാലങ്കായനരുടെ ചില ശാസനങ്ങളിലും ഉണ്ട്. പല്ലവരും സാലങ്കായനരും തമ്മിൽ ഒരിക്കലും യുദ്ധം ഉണ്ടായിട്ടില്ല. സ്വതന്ത്രമായി, സമാധാനമായി ഒരേ കാലത്ത് ഭരിച്ചിരുന്നു. ഭരദ്വാജഗോത്രത്തിലെ ഒരു വിഭാഗമാണ് സാലങ്കായനഋഷിയുടെ ഗോത്രം

എന്നതിനാൽ ഇവർ തമ്മിൽ വളരെ പുരാതന മായ ഒരു ബന്ധം നിലനിന്നിരിക്കാം. എഡി 340-480 വരെ സാലങ്കായനർ പ്രബലരാണ്. പിന്നീട് വാകാടക, വിഷ്ണുകുണ്ഡിൻ കാലത്താണ് ഇവ രുടെ പതനം തുടങ്ങുന്നത്. എഡി 450-500 വരെ വിഷ്ണുകുണ്ഡിൻ കാലമാണ്.

കൃഷ്ണജില്ലയിലെ വിഷ്ണുക്കൊണ്ടയാവണം ഇവരുടെ ഉത്ഭവസ്ഥാനം എന്ന് നാമം കാണിക്കു ന്നു. വാകാടകരാജകുമാരിയെ വിവാഹം കഴി ച്ചാണ് ആദ്യത്തെ വിഷ്ണുകുണ്ഡിൻ രാജാവ് മാധവവർമ്മൻ രാജാവാകുന്നത് (ചിക്കുല പ്ലേ റ്റ്) ആരുടെ മകളാണ് ഈ രാജകുമാരി എന്ന് പറയുന്നില്ല. ഇവരുടെ 4 ലിഖിതമാണ് ഉള്ളത്. മാധവവർമ്മനുശേഷം മകൻ വിക്രമേന്ദ്രവ ർമ്മൻ 1, പിന്നീട് ഇന്ദ്രഭട്ടാരകവർമ്മൻ, വിക്ര മേന്ദ്രവർമ്മൻ 2, വിക്രമേന്ദ്ര, ഗോവിന്ദവർമ്മ, മാധവവർമ്മൻ 2 എന്നാമ് വംശാവലി. ആദ്യ ത്തെ 2 പേരെ കുറിച്ച് അധികം വിവരമില്ല. രാമതീർത്ഥം പ്ലേറ്റ് ഇന്ദ്രഭട്ടാരകവർമ്മൻ 37 വർഷം ഭരിച്ചതായി കാണിക്കുന്നു. പ്ലാക്കിരാ ഷ്ട്രത്തിൽ പെരുവാടകഗ്രാമം ഒരു ബ്രാഹ്മണന് അദ്ദേഹം ദാനം ചെയ്ത സംസ്കൃതരേഖയാ ണിത്. മാധവവർമ്മൻ 11 അശ്വമേധവും നൂറിലധികം മറ്റു യാഗങ്ങളും ചെയ്തതായും ഈ ലിഖിതം പറയുന്നു. രണ്ടു വംശത്തിനും ഭൂഷണമാണ് വിക്രമേന്ദ്രനെന്നും (വാകാടക, വിഷ്ണുകുണ്ഡിൻ)ഇന്ദ്രവർമ്മൻ നൂറായിരം

യുദ്ധങ്ങളിലായി നിരവധി നാൽക്കൊമ്പനാനകളോട് ഏറ്റുമുട്ടിയിട്ടുണ്ടെന്നും, പറയുന്നു. അവസാനരാജാവായ മാധവ 2, ഗോദാവരി കടന്ന് സാമ്രാജ്യം വികസിപ്പിക്കാനായി പോയി. പുലകേശിയുടെ പ്രബലമായ സൈന്യം വിഷ്ണുക്കുണ്ഡിൻ സാമ്രാജ്യം പിടിച്ചടക്കാൻ ഇത് കാരണമായി. വിക്രമേന്ദ്ര 1 ന്റെ മകളും സിംഹവിഷ്മുവർമ്മനും വിവാഹം കഴിച്ച് ഉണ്ടായ മകൻ മഹേന്ദ്രവിക്രമവർമ്മനാണ് പല്ലവമഹേന്ദ്രനൃവർമ്മൻ 1 എന്നാണ് വിചാരിക്കുന്നത്. അദ്ദേഹത്തിന്റെ നിരവധി പാറഗുഹലിഖിതങ്ങളുണ്ട്, തൃശ്ശിനാപ്പള്ളി ഗുഹാക്ഷേത്രലിഖിതത്തിൽ രാജനാമം മഹേന്ദ്രവിക്രമ എന്നാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇപ്രകാരം ഒരു വിവാഹബന്ധം സിംഹവിഷ്ണുവിന് ഉണ്ടായിരുന്നതിന് തെളിവില്ല.

സിംഹവിഷ്ണുവിനു ശേഷം എഡി 575-900

സിംഹവിഷ്ണുപോതരയ, അവനിസിംഹ എന്നെല്ലാം അറിയുന്ന സിംഹവിഷ്ണുവിന്റെ കാലം മുതൽ പല്ലവശക്തിയുടെ പുതുയുഗം ആരംഭിച്ചു. ശൈവവൈഷ്ണവആൾവാർമാരും നായനാന്മാരും അവരുടെ സാഹിത്യവും ദക്ഷിണേന്ത്യയെ സമ്പന്നമാക്കിയ കാലം ഇതാണ്. മരത്തിനും ഇഷ്ടികക്കും പകരം കല്ലുകൊണ്ട് ക്ഷേത്രം പണിയാനും ഇക്കാലത്ത് തുടങ്ങി. പിന്നീടു വന്ന 500 വർഷത്തിലധികം കാലം

ദക്ഷിണേന്ത്യ കൽക്ഷേത്രങ്ങളാൽ അലങ്കരിക്ക പ്പെട്ടു. ശിവനും വിഷ്ണുവിനും ബ്രഹ്മാവിനും ദേവിക്കും ഇത്തരം കരിങ്കല്ലുക്ഷേത്രങ്ങളുയ ർന്നു. കിരാതാർജ്ജുനീയവും കാവ്യാദർശവും എഴുതിയ ഭാരവിയും ദണ്ഡിയും പല്ലവരാജസഭ യെ സംസ്കൃതസാഹിത്യസമ്പുഷ്ടമാക്കി. ഇക്കാ ലത്ത് കല്ലിലെ ലിഖിതങ്ങൾ വളരെ പോപ്പുല റായി. പ്രത്യേകിച്ചും പല്ലവന്മാരുടെ പ്രഭാവം ഉള്ള സ്ഥലങ്ങളിൽ. കേരളത്തിൽ ഇത്തരം ക്ഷേത്ര ങ്ങളും ശിലാലിഖിതങ്ങളും ഉണ്ട്. നൂറോളം ശിലാലിഖിതങ്ങളിൽ സിംഹവിഷ്ണുവംശത്തി ലെ രാജാക്കന്മാരുടെ പേരും ഭരണവർഷവുമു ണ്ട്. സ്വർണ്ണവും ഭൂമിയും ക്ഷേത്രനടത്തിപ്പിനാ യി ദാനം ചെയ്യുന്ന ധാരാളം രേഖകളുണ്ട്. വിദ്യാഭ്യാസം സൌജന്യമായി എത്തിക്കാനായി ഗുരുക്കന്മാർക്ക് കരം ഒഴിവായി പല ആനുകൂ ല്യങ്ങളും കൊടുത്ത രേഖകളുണ്ട്. ഓരോ ദാന വും എപ്രകാരം സാമൂഹ്യ, വിദ്യാഭ്യാസപ്രവ ർത്തനത്തിനും ക്ഷേത്രപരിപാലനത്തിനും ഉപ യോഗിക്കണമെന്ന് വ്യക്തമായി രേഖപ്പെടുത്തി വെച്ച രേഖകളുണ്ട്.പല്ലവരും ചാലൂക്യരും ആദ്യകാലപാണ്ഡ്യരും രാഷ്ട്രകൂടരും ഗംഗരും കദംബരും ബാണരും മുത്തരയരും ഇതേ ശൈലി യിലാണ് ലിഖിതങ്ങൾ പുറപ്പെടുവിക്കുന്നത്. പിൽക്കാലചോളലിഖിതങ്ങളുടെ മുന്നോടിയാ യി ഈ ചരിത്രരേഖകളെ കാണണം. പല്ലവരും മറ്റു പ്രദേശങ്ങളിലെ രാജാക്കന്മാരും

(മാളവ,കളഭ്ര,ചോള,കേരള, സിംഹള,തുളു, കൊങ്കണ)തമ്ിലുണ്ടായ സമ്പർക്കങ്ങളും ഈ രേഖകളിൽനിന്നാണ് മനസ്സിലാവുന്നത്. ഏറ്റവും പഴയ രേഖകൾ തെക്കൻ ആർക്കോട്ട് ജില്ലയിലെ ഗുഹാക്ഷേത്രങ്ങൾ, തൃശ്ശിനാപ്പള്ളി, ചിങ്കൽപേട്ട് ജില്ലയിലെ ക്ഷേത്രങ്ങൾ ഇവയാണ്. ഇവ പല്ലവമഹേന്ദ്രവർമ്മ 1 ന്റെ കാലത്താണ്. കാഞ്ചീപുരം, മഹാബലിപുരം, കൈലാസനാഥ ക്ഷേത്രം മുതലായ ക്ഷേത്രങ്ങളിലും നിരവധി ഗ്രാമങ്ങളിലുമായി ക്ഷേത്രശിലാലിഖിതങ്ങളു ണ്ട്. ഇപ്പോഴും മുഴുവനും വായിച്ചിട്ടില്ല.


സാഹിത്യം-

അപ്പരും സുന്ദരും സംബന്ധരും രചിച്ച തേവാ രവും, വൈഷ്ണവനാലായിരം ദിവ്യപ്രബന്ധ വും ,സംസ്കൃതത്തിലുള്ള മത്തവിലാസപ്ര ഹസനവും കിരാതാജ്ജുനീയവും ഇക്കാലത്തി ന്റെ സംഭാവനകളാണ്. നന്ദികലംബകം ഇ്കാലത്തുണ്ടായി. മത്തവിലാസപ്രഹസനം കാഞ്ചീപുരത്തെ കാപാലികരുടെ കള്ളുകുടിച്ച പ്രഹസനമാണ്. മഹേന്ദ്രവിക്രമനെന്ന പല്ല വരാജാവാണ് ഇതിന്റെ രചയിതാവ് എന്നതു മാത്രമാണ് ഇതിന്റെ ചരിത്രമൂല്യം. ഇതിന്റെ പ്രതി കേരളത്തിൽനിന്ന് കിട്ടിയിട്ടുണ്ട്. ദണ്ഡിയുടെ അവന്തിസുന്ദരികഥ ചാലൂക്യ വിഷ്ണുവർദ്ധന, പടിഞ്ഞാറൻ ഗംഗ ദുർവിനീത, ഇവരെ സിംഹവിഷ്ണുവിന്റെ

സമകാലീനരായി ചിത്രീകരിക്കുന്നു. ഭാരവിയും ദണ്ഡിയും പല്ലവസഭയിലാണ് ജീവിച്ചത് എന്നു പറയുന്നത് ദക്ഷിണേന്ത്യയിലെ സംസ്കൃതസാഹിത്യപഠനത്തിന്റെ അക്കാലത്തെ ഗരിമ കാണിക്കുന്നു. സംസ്കൃതലിഖിതങ്ങളും ഇത് ശരിവെക്കുന്നുണ്ട്.

പിൽക്കാലപല്ലവതമിഴു സാഹിത്യത്തിൽ പെരുംതേവനാരുടെ ഭാരതവെംപാ ഉണ്ട്. (9ആം നൂറ്റാണ്ട്). ആദ്യം 12000 ശ്ലോകം ഉണ്ടായിരുന്നു. പിന്നീട് എപ്പോഴോ അത് 800 ആയി ചുരുങ്ങി. നന്ദിവർമ്മ 3 ന്റെ സദസ്യനായിരുന്നു പെരുംതേവനാർ. തെല്ലാരു യുദ്ധം ചെയ്തത് ഈ രാജാവാണ്. ഭാരതവെംബായുടെ ഉദ്യോഗപർവ്വാരംഭത്തിൽ കവി തെല്ലാരു യുദ്ദത്തിലെ വിജയത്തെ പറയുന്നു. നന്ദിക്കളംബകം 110 ശ്ലോകമുള്ളതാണ്യ നന്ദിവർമ്മൻ 3 യുടെ യുദ്ധങ്ങളാണ് വിഷയം. ഇതും സംസ്കൃതമാണ്. വൈഷ്ണവശൈവസൃതികളൊഴികെ പല്ലവകാലത്തെ പ്രധാനസാഹിത്യകൃതികളെല്ലാം സംസ്കൃതമാണ്.

ചൈനീസ് സഞ്ചാരി എഡി 640ൽ കാഞ്ചി സന്ദർശിച്ചു. മഹാവംശവും പല്ലവചരിത്രത്തിലേക്ക് വെളിച്ചം വീശിയിട്ടുണ്ട്. കാസക്കുടി, കുറം, വേലൂർ പാളയം പ്ലേറ്റുകളിൽനിന്ന് ലഭിക്കുന്ന സിംഹവിഷ്ണുവംശാവലിഃ-



സിംഹവിഷ്ണു
രാജ്ഞിമാരോടു കൂടി

പല്ലവകുലധരണീമണ്ഡലകുലപർവ്വതസ്യ
സർവ്വനയവിജിതസമസ്തസാമാന്തമണ്ഡലസ്യ
ആഖണ്ഡലസമപരാക്രമശ്രിയഃ
ശ്രീമഹിമാനുരുപദാനവിഭൂതി പരിഭൂത
രാജരാജസ്യ ശ്രീസിംഹവിഷ്ണുവർമ്മണാഃ
പുത്രഃ ശത്രു ഷഡ്വർഗ്ഗവിഗ്രഹപരഃ പരഹിത
പരതന്ത്രതയാ മഹാഭൂത സധർമ്മാ മഹാരാജോഃ
ശ്രീമഹേന്ദ്ര വിക്രമവർമ്മോ നാമ.
(മത്തവിലാസപ്രഹസനം) കാവേരിതീരം മുഴു
വനും സിംഹവിഷ്ണുവിന് പിതാവിൽനി ന്ന്
ലഭിച്ചതാണ്. ചോളരുമായി യുദ്ധം ചെയ്തി ട്ടല്ല.
ബുദ്ധവർമ്മൻ എന്ന നാമം ഒഴികെ മറ്റെല്ലാം
വൈഷ്ണവ, ശൈവ, സ്കന്ധനാമങ്ങളാണ്. മാള
വവുമായി വന്ന ബന്ധം, മാൾവയല്ല, മലയരയ
ന്മാരുടെ നാടായ മലനാടാണെന്ന് ചരിത്രകാര
ന്മാർ പറയുന്നുണ്ട്. മലനാടുമായി പല്ലവർക്ക്
അഭേദ്യമായ ബന്ധം ഉണ്ട്. തിരുവൊറ്റിയൂരിലെ
മണലി പണ്ട് സിംഹവിഷ്ണുചതുർവ്വേദി മംഗ
ലം എന്നാണ് അറിയപ്പെട്ടിരുന്നത്. കുംഭകോണം
താലൂക്കിലെ കഞ്ചനൂരും സിംഹവിഷ്ണുചതു
ർവ്വേദിമംഗലം ആയിരുന്നു. 122

മഹാബലിപുരം ആദിവരാഹക്ഷേത്രത്തിൽ 2
ബാസ് റിലീഫുകളുണ്ട്. (വരാഹഗുഹ) 1913
ലാണ് ഇവ കണ്ടെത്തിയത്. (കൃഷ്ണശാസ്ത്രി)
ഇവ സിംഹവിഷ്ണുപോതരയ, മഹേന്ദ്രവർമ്മ
ൻ 1 ഇവരുടേതാണ്.അവരുടെ രാജ്ഞിമാരോടു

കൂടിയാണ് ചിത്രം.വരാഹഗുഹയിലെ വടക്കേ കോഷ്ഠത്തിലുള്ളത് ശ്രീ സിമ്മവിണ്ണുപോടാധി രാജനെന്ന് പല്ലവഗ്രന്ഥലിപിയിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. കിരീടം ധരിച്ച്, കർണ്ണാഭരണങ്ങ ളണിഞ്ഞ്, ഇരുവശം രാജ്ഞിമാരോടുകൂടി, (ഇരുവരും കിരീടം ധരിച്ചിട്ടുണ്ട്)ഇരിക്കുന്നു. തെക്കേ വശത്ത് ഈ ശില്പ്പത്തിന് വിപരീതദിശ യിലുള്ളതിന് ശ്രീമഹേന്ദ്രപോടാധിരാജാ എന്നാ ണ് ലിഖിതം. കിരീടവും ആഭരണങ്ങളും ധരിച്ച് നിൽക്കുന്ന രൂപമാണ്. പകുതി ഉയർത്തിയ കൈ അടുത്തുനിൽക്കുന്ന രാജ്ഞിയെ ക്ഷേത്രത്തിലേ ക്ക് നയിക്കുന്നു. അവളുടെ വലംകൈ പിടിച്ച് നയിക്കുന്ന പോലെ തോന്നും. ഇതിന് അർത്ഥം സിംഹവിഷ്ണുവിന്റെ കാലത്താണ് ആദിവരാ ഹക്ഷേത്രം അടക്കമുള്ള മഹാബലിപുരക്ഷേത്ര ങ്ങളുടെ നിർമ്മാണകാലം. പല്ലവഗുഹാക്ഷേത്ര നിർമ്മിതിയും സിംഹവിഷ്ണുകാലത്താണ്.

മഹേന്ദ്രവർമ്മൻ 1 (എഡി 600-650 അഥവാ 610-630 വരെ) മഹേന്ദ്രവി ക്രമ, മത്തവിലാസ, ഗുണ ഭര എന്ന് പേരുകളോടെ സിംഹവിഷ്ണുവിന് ശേഷം രാജാവായി. അദ്ദേഹം ഗുഹാക്ഷേത്രനി ർമ്മിതിക്ക് വലിയ പ്രോത്സാഹനം നൽകി. അപ്പരെന്ന തമിഴ്കവിയും ഭാരവി എന്ന സം സ്കൃതകവിയും അദ്ദേഹത്തിന്റെ സഭയിലാണ് ആദരിക്കപ്പെട്ടത്. ശിൽപ്പ കല, സാഹിത്യം, കൂ ത്ത്, സംഗീതം,നാടകം, ചിത്രകല ഇവയെല്ലാം അവയുടെ സുവർണ്ണകാലം ആഘോഷിച്ചത്

മഹേന്ദ്രവർമ്മ 1 ന്റെ കാലത്താണ്.അക്കാലത്ത് താരതമ്യേനെ യുദ്ധം കുറവും സാംസ്കാരികപ്ര വർത്തനം കൂടുതലുമാ യിരുന്നു. എങ്കിലും പല്ലവചാലൂക്യ. പല്ലവപാണ്ഡ്യയുദ്ധങ്ങളുടെ ആരംഭകാലവും അതാണ്. ഈ യുദ്ധങ്ങൾ പിന്നീട് ഒന്നര നൂറ്റാണ്ടിലധികം നീണ്ടുനിന്നു. മാമണ്ടൂർ ഗുഹയിലും മഹേന്ദ്രവർമ്മന്റെ ശിൽപ്പം ഉണ്ട്.



മഹേന്ദ്രവർമ്മ 1 , മകൻ നരസിംഹർമ്മൻ എന്നി വരുടെ ശക്തനായ സമകാലികൻ പുലകേശി 2 ആണ്. അദ്ദേഹം 7ആം നൂറ്റാണ്ടിന്റെ ആദ്യത്തിൽ വെങ്കി പിടിച്ചു. അക്കാലം വരെ പല്ലവരുടെ അധീനത്തിലായിരുന്നു വെങ്കി. പല്ലവചാലൂക്യ യുദ്ധങ്ങളുടെ ആരംഭം അതിലാണ്. പുലകേശി യുടെ സഹോദരൻ കുബ്ജവിഷ്ണുവർദ്ധനനെ വെങ്കി ഭരിക്കാൻ നിയോഗിച്ചു. ഇവരാണ് പിന്നീട് വെങ്കിയിലെ കിഴക്കൻ ചാലൂക്യവംശ സ്ഥാപകർ. പുലകേശി തോൽപ്പിക്കയും തന്റെ മകളെ വിവാഹം കഴിച്ചുകൊടുത്ത് ഭട്ടാരകപദ വി നൽകുകയും ചെയ്ത സ്ഥാനേശ്വരത്തെ ഹർഷവർദ്ധനന്റെ സഹോദരനാണ്, പുലകേശി യുടെ സഹോദരനല്ല വിഷ്ണുവർദ്ധനനെന്നും അഭിപ്രായമുണ്ട്. (പുഷ്യഭൂതിവംശം) കാസക്കു ടി പ്ലേറ്റിൽ പുല്ലലൂരിൽ വെച്ച് ആദ്യം മഹേന്ദ്രവ ർമ്മൻ 1 ജയിച്ചതായി രേഖപ്പെടുത്തുന്നു. പിന്നീ ടാണ് പരാജയം ഉണ്ടായത്. തൃശ്ശിനാപ്പള്ളി പാറ ലിഖിതത്തിൽ മഹേന്ദ്രവർമ്മൻ ക്രൂരമായ യുദ്ധ ങ്ങളിൽനിന്ന് വിട്ട് മഹേശ്വരലിംഗാരാധന സ്വീക രിച്ചതായി കാണിക്കുന്നു. തിരുനാവുക്കരശ് അഥവാ അപ്പരെ ജൈനന്മാർ ഉപദ്രവിക്കുന്നത് കണ്ടാണ് അദ്ദേഹം ശിവഭക്തനായതെന്നും പറ യപ്പെടുന്നു.ചിങ്കൽപേട്ടിലെ വല്ലം, വടക്കേ ആ ർക്കോട്ടിലെ മഹേന്ദ്രവാടി, തെക്കേ ആർക്കോ ട്ടിലെ ദളവാനൂർ, സിയമംഗലം, പല്ലാവരം എന്നിവിടങ്ങളിലെല്ലാം അദ്ദേഹം ഗുഹാക്ഷേത്രം

പണിതു. ഇദ്ദേഹത്തിന്റെ ബിരുദനാമങ്ങൾ നിരവധിയാണ്. ഗുണഭര, പുരുഷോത്തമ, സത്യസന്ധ, നരേന്ദ്ര, ചെത്തകാരി, അലുപ്ത കാമ, സങ്കീർണ്ണജാതി, വിചിത്രചിത്ത, കലഹ പ്രിയ, ലളിതാങ്കുര, ശത്രുമല്ല ഇവ ചിലതാണ്. ചെത്തകാരി ചൈത്യകാരി എന്നതിന്റെ അപ ഭ്രംശമാണ്. തമിഴകമെങ്ങും ഗുഹാക്ഷേത്ര ങ്ങളുണ്ടാക്കിയതിനാലാണ് ഈ പേരു വന്നത്. തെലുഗുബിരുദങ്ങൾഃ- നിൽവിലോനയംബു, പശരംബു, വെന്തുലവിട്ടു, ഇവയാണ്. ശിവഭ ക്തനെങ്കിലും മഹേന്ദ്രവാടിയിലെ മഹേന്ദ്രത ടാകക്കരയിലെ വിഷ്ണുക്ഷേത്രം അദ്ദേഹം ഉണ്ടാക്കിയതാണ്. മഹേന്ദ്രപുരത്തെ മഹേന്ദ്ര വിഷ്ണുഗൃഹമെന്ന് പാറമേൽ പല്ലവഗ്രന്ഥ ലിപി ലിഖിതവുമുണ്ട്. അക്കാലത്ത് വിഷ്ണു. ശിവനെന്ന് വ്യത്യാസം ഉണ്ടായിരുന്നില്ല . മണ്ഡഗ പ്പാട്ടു ലിഖിതം വിചിത്രചിത്തൻ ബ്രഹ്മാ, ഈശ്വ ര, വിഷ്ണു മൂവർക്കും ക്ഷേത്രം പണിതതായി പറയുന്നുണ്ട്. കേരളത്തിലെ രാജാക്കന്മാരെല്ലാം ശിവ, വിഷ്ണുക്ഷേത്രങ്ങളാണ് പണിതിരുന്നത്. (പ്രീപല്ലവകാലത്തും)

പല്ലവശൈലി വാസ്തു മഹേന്ദ്രകാലമാവുമ്പോ ഴേക്കും വളരെ പോപ്പുലറായി. പല്ലവർക്കു മുമ്പ് ഇഷ്ടിക, മണ്ണ്,മരം ഇവയാണ് ക്ഷേത്രനി ർമ്മിതിക്ക് ഉപയോഗിച്ചിരുന്നത്. കല്ലുകൊണ്ടു ള്ള ക്ഷേത്രനിർമ്മിതിയും പല്ലവരുടെ മുമ്പ് ഉണ്ട്.

പക്ഷേ പല്ലവശൈലി ഒരു പ്രത്യേകതരമാണ്. തൂണുകളുടെ പ്രത്യേകത സവിശേഷമാണ്. തമിഴകത്തെ തൊണ്ടമണ്ഡലത്തിലെ ഗുഹാക്ഷേത്രങ്ങളിലെല്ലാം ഉരുണ്ട ലിംഗം, പ്രത്യേകകരണത്തിലുള്ള ദ്വാരപാലകർ, രണ്ട് കമാനമുള്ള തിരുവാട്ചി എന്ന പ്രഭാതോരണം, പ്രത്യേകതരം ക്യൂബിക്കൽ തൂണുകൾ ഇവ ഉണ്ട്. സോമസ്കന്ധശിൽപ്പം ഇല്ല. കൂടാതെ മണ്ഡപം ഉൾപ്പെടെ ഇവയെല്ലാം ഭൂമിക്കടിയിലാണ്. (സബ് ടെറേനിയൻ) തൂണുകളെക്കുറിച്ച് 1918-19ലെ ആർക്കിയോളജിക്കൽ റിപ്പോർട്ട് പറയുന്നു:- 2അടി ചതുരം, 7 അടി ഉയരം. മുകളിലും താഴെയും ക്യൂബിക്കൽ. മദ്ധ്യഭാഗത്തെ കോണുകൾ മിനുസമാക്കി അഷ്ടകോണാക്കിയിരിക്കുന്നു. ചിലപ്പോൾ ക്യൂബിക്കൽ ഭാഗങ്ങളിൽ അലങ്കാരപ്പണി കാണും.അത് താമരപ്പൂവിന്റെ ആകൃതിയിലാവാം, അമരാവതി സ്തൂപത്തിലുള്ളപോലെ. തൂണിന്റെ മുകൾഭാഗം മുകളിലെ വാസ്തുവിനെ താങ്ങാനുള്ള പോലെ വികസിപ്പിച്ച് എടുത്തിരിക്കും. പലപ്പോഴും താഴെ പല്ലവചിഹ്നമായ സിംഹം കാണും. ഇത്തരം തൂണുകൾ കേരളക്ഷേത്രങ്ങളിൽ ധാരാളം കാണാം. പല്ലവശൈലിയിലാണ്

കേരളത്തിലെ ആദ്യകാലക്ഷേത്രനിർമ്മിതി.





പല്ലവരുടെ ചിത്രകലഃ-സിത്തന്നവാസലിലെ ഗു
ഹാക്ഷേത്രം മാമണ്ടൂരിലെ മഹേന്ദ്രവർമ്മന്റെ
ഗുഹാക്ഷേത്രത്തിനു സദൃശമാണ്.ഒരു കാലത്ത്
ഇതിൽ മുഴുവനും ചിത്രങ്ങളുണ്ടായിരുന്നു. ഇ
പ്പോൾ മേലേ ഉത്തരത്തിലും തൂണുകളുടെ മുക
ൾഭാഗത്തും മാത്രമേ ഉള്ളു. തടാകവും നിറയെ
താമരപ്പൂക്കളും മത്സ്യം, അരയന്നം, എരുമ,
ആന ഇവയും താമരപ്പൂ പിടിച്ച് 3 മനുഷ്യരും
ഉള്ള ഫ്രെസ്കോ കാണാം. അവരുടെ കരണം,
നിറം, മാധുര്യം ഇവ അന്നത്തെ ചിത്രകലയുടെ
രൂപം വിളിച്ചുപറയുന്നു. വളരെ മനോഹര
മാണ്. താമരകളുടെ തണ്ട് പരസ്പരം കെട്ടു
പിണഞ്ഞ് ഭംഗിയോടെ വരച്ചിരിക്കുന്നു. വരാ
ന്തയിലെ 2 തൂണിൽ നർത്തകിമാരുടെ ചിത്ര
മുണ്ട്. മഹേന്ദ്രവർമ്മന്റെ പുസ്തകമായ ദക്ഷി
ണചിത്ര സംഗീതം, ചിത്രകല ഇവയെ കുറിച്ചു
ള്ളതാണ്.



പുതുക്കോട്ട സംഗീതലിഖിതം. കുടുമിയാന്മലയിലെ സംഗീതലിഖിതവും ഇക്കാലത്താണ്. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി സ്വരങ്ങൾ ചിട്ടപ്പെടുത്തിയ രുദ്രാചാര്യന്റെ ശിഷ്യനായ ഒരു രാജാവാണ് ഇവ പാറമേൽ കൊത്തിവെപ്പിച്ചത്. മാമണ്ടൂർലിഖിതവും അതിലെ സ്വരം, വർണ്ണം, വാത്മീകി ഇവരെക്കുറിച്ച പരാമർശവും വെച്ച്, കുടുമിയാന്മലൈ ലിഖിതത്തിനും മത്തവിലാസപ്രഹസനത്തിനുമുള്ള ബന്ധം പഠിച്ച് , മഹേന്ദ്രവർമ്മ 1 ന്റെ തൃശ്ശിനാപ്പള്ളി ലിഖിതത്തിന്റെ വെളിച്ചത്തിൽ പണ്ഡിതന്മാർ മഹേന്ദ്രവർമ്മനാണ് സംഗീതജ്ഞനായ രാജാവെന്നും അദ്ദേഹമാണ് കുടുമിയാന്മല ലിഖിതം കൊത്തിവെപ്പിച്ചതെന്നും വിചാരിക്കുന്നു.

മാമണ്ടൂർ ലിഖിതത്തിൽ മഹേന്ദ്രവർമ്മന്റെ കൃതിയായ മത്തവിലാസപ്രഹസനത്തിന്റെ പേരുണ്ട്. തിരുവിതാംകൂർ മാനുസ്ക്രിപ്റ്റ് ഡിപ്പാർട്ട്മെന്റ് ഈ ഗ്രന്ഥം കണ്ടെടുക്കുന്നതു വരെ മാമണ്ടൂർ ലിഖിതം പറയുന്നത് മിത്താണെന്നാണ് പണ്ഡിതലോകം വിചാരിച്ചത്. മത്തവിലാസപ്രഹസനത്തിനു മുമ്പ് ബോധായനന്റെ ഭഗവദജ്ജുകീയം പ്രഹസനം നിലവിലുണ്ടായിരുന്നു. ഈ പേരും മാമണ്ടൂർ ലിഖിതത്തിലുണ്ട്. അക്കാലത്തെ ജനജീവിതത്തെ പറ്റി മത്തവിലാസപ്രഹസനം അറിവു തരുന്നുണ്ട്. ഒരു കാപാലികന്റെ ഭിക്ഷാപാത്രമായ കപാലം

നായ കടിട്ടുകൊണ്ടുപോയി. ശാക്യഭിക്ഷുവാമ് കട്ടതെന്ന് വിചാരിച്ച് കാപാലികനും സഖിയും അദ്ദേഹവുമായി കലഹിക്കയും തർക്കം പരിഹരിക്കാൻ പാശുപതനായ ഒരാളെ സമീപിക്കയും ചെയ്തു. നായ കട്ട പാത്രം ഒരു ഭ്രാന്തനിൽനിന്ന് തിരിയെ കിട്ടുന്നതോടെ കലഹവും തീർന്നു. ഇതിവൃത്തം ഇതാണ്. കൃതിയുടെ അവസാനഭാഗത്ത് മഹേന്ദ്രവർമ്മന്റെ പേരായ ശത്രുമല്ലനെന്നത് വരുന്നുണ്ട്. മംഗലശ്ലോകത്തിന്റെ നാലാം പാദത്തിൽ അവനിഭഞ്ജനനെന്ന പേരും വരുന്നു. സ്ഥാപനത്തിൽ നടിയുടെ വാക്കുകളിൽ ഗുണഭര, മത്തവിലാസ എന്നീ പേരുകളും വരുന്നു.

ശാക്യമുനിബുദ്ധന്റെ ഫിലോസഫിയെക്കുറിച്ച് നാട്ടിലെ ജനങ്ങൾക്കുള്ള അഭിപ്രായം ഈ കൃതിയിലുണ്ട്. ബ്രാഹ്മണന്റെ കപാലം (ഭിക്ഷാപാത്രം) കാപാലികന്മാരുടെ അവിഭാജ്യവസ്തുവാണ്. അത് നഷ്ടപ്പെടാൻ പാടില്ല. കാപാലികന്മാരുടെ വളരെ മോശമായ ചില ആചാരങ്ങളെ വിമർശിക്കുന്നുണ്ട്. മേലാകെ ഭസ്മം പൂശി വൃത്തികെട്ടവരായി നടക്കണം. കപാലത്തിൽനിന്ന് മദ്യം കുടിക്കണം.

പ്രജ്ഞാദാനദയാനുഭാവധൃതയഃ കാന്തിഃ
കലാകൌശലം സത്യം ശൌര്യസമായതാ വിനയ
ഇത്യേവംപ്രകാരാഗുണാഃ അപ്രാപ്യ സ്ഥിതയഃ
സമേത്യ ശരണം യാതാ യമേകം കലൌ

കൽപ്പാന്തേ ജഗദാദിമാദിപുരുഷം സർഗ്ഗപ്രഭേദാ ഇവ.

കാപാലികന്മാർ കപാലം കൂടാതെ പശുക്കൊമ്പും കൊണ്ടുനടന്നിരുന്നു. അത് കാഹളം (കൊമ്പു)വിളിക്കാനും മദ്യം കുടിക്കാനും ഉപയോഗിക്കും. ഈ കഥയിലെ ഭാതൃസോമനെന്ന കാപാലികൻ പറയുന്നത് ശാക്യഭിക്ഷുക്കൾ മാംസഭുക്കുകളാണെന്നും, പല വിഹാരങ്ങളിൽ മാനേജരായി ഇരുന്ന് കൊഴുപ്പ് തിന്ന് തടിച്ചു കൊഴുത്തവരാണെന്നും ആണ്. അവരുടെ ധർമ്മം അനുവദിക്കാത്ത എല്ലാ ഭോഗവും അവർ അനുഭവിക്കും. എല്ലാം ഒളിപ്പിച്ചുവെക്കയും ചെയ്യും. ബുദ്ധനെന്ന ഗുരു വേദാന്തഗുരുക്കന്മാരിൽ നിന്നും ബ്രാഹ്മണരുടെ മഹാഭാരതത്തിൽനിന്നും കട്ടതല്ലാതെ വേറെ യാതൊന്നും നേടിയിട്ടില്ല.കാഞ്ചീപുരത്ത് കാപാലികരും പാശുപതരും ബൌദ്ധരും ഭൌദ്ധഭിക്ഷുക്കളും അന്നേ ഉണ്ടെന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. കാശ്മീരശൈവിസം ഉണ്ടാവുന്നതിന് മുമ്പാണിതെന്ന് ഓർക്കണം. ഹുയാങ് സാങ് കാഞ്ചീപുരത്ത് ധാരാളം വിഹാരങ്ങളുണ്ടെന്ന് പറയുന്നു. ആ വിഹാരങ്ങളിൽ സകലഭോഗവും അനുഭവിച്ച് തടിച്ച് കൊഴുത്ത് ഭിക്ഷുക്കൾ കഴിയുകയാണെന്ന് മത്തവിലാസപ്രഹസനവും പറയുന്നു. നാലായിരപ്രബന്ധത്തിലും ഏതാണ്ട്

ഇതേ അഭിപ്രായമാണ് ബൌദ്ധജൈനഭിക്ഷുക്ക ളെക്കുറിച്ച്.

നരസിംഹവർമ്മൻ 1 മഹാമല്ലൻ (എഡി 630-660) മഹേന്ദ്രവർമ്മ 1 നു ശേഷം കിരീടം ധരിച്ച നരസിംഹവർമ്മനെ വാതാപിക്കൊണ്ട നരസിം ഹവർമ്മനെന്ന് പറയുന്നു. വാതാപി കീഴടക്കി യതും, സിലോൺ ആക്രമിച്ചതും , മാമല്ലപുര ത്തെ നിർമ്മാണപ്രവർത്തനങ്ങളും , ചൈനീസ് തീർത്ഥയാത്രികന്റെ കാഞ്ചിസന്ദർശനവും അദ്ദേ ഹത്തിന്റെ കാലത്താണ്.

പരിയാലത്തും മണിമംഗലത്തും ശൂരമാരയിലും നരസിംഹവർമ്മൻ പുലകേശിയെ പരാജയപ്പെട ടുത്തി. (പരമേശ്വരവർമ്മന്റെ കുറം പ്ലേറ്റ്) കാഞ്ചി നിന്ന് 20 മൈൽ ദൂരത്താണ് മണിമംഗലം. അവിടെ വരെ പുലകേശിയുടെ സൈന്യം എത്തി യിരുന്നു. കാഞ്ചിനിന്ന് സൈന്യത്തെ തുരത്തിയ പല്ലവൻ, ചാലൂക്യരാജ്യത്തേക്ക് പട നയിച്ചു. പരംജ്യോതി എന്ന ചിരുതൊണ്ടനെയാണ് ഈ ദൌത്യം ഏൽപ്പിച്ചത്. അദ്ദേഹം വാതാപി പിടി ച്ചടക്കിയാണ് മടങ്ങിയതെന്ന് പെരിയപുരാണം പറയുന്നു. വേലൂർപാളയം ലിഖിതം ഇതിനെപ്പ റ്റി പറയുന്നത്:- മഹേന്ദ്രനിൽ നിന്ന് ഉപേന്ദ്രനെ പ്പോലെ (വിഷ്ണു) ഉണ്ടായ നരസിംഹവർമ്മൻ വാതാപിയുടെ കേന്ദ്രത്തിലുണ്ടായിരുന്ന വിജയ സ്തംഭം കാഞ്ചിയിലേക്ക് കൊണ്ടുവന്നു. വാതാ പിയിലും ഇത് പറയുന്ന ലിഖിതം (നരസിംഹ

വർമ്മന്റെ) കാണുന്നുണ്ട്. ക്ഷിതിഭൃതാം അഗ്രേസ രപല്ലവ, നരസിംഹവിഷ്ണു,മഹാമല്ല എന്നീ പേരുകളും ആ ലിഖിതത്തിലുണ്ട്. വാതാപി പിടിച്ചടക്കിയതിന് തെളിവാണ് ഈ വിജയ സ്തംഭം. മഹാവംശത്തിലാണ് സിലോണിലേക്കു ള്ള അദ്ദേഹത്തിന്റെ ആക്രമണം രേഖപ്പെടുത്തി യിരിക്കുന്നത്. സിലോണിലെ യുവരാജാവ് മാനവമ്മ കാഞ്ചീപുരത്തേക്ക് വന്ന് നരസിംഹ വർമ്മന്റെ സേവകനായി. പിന്നീട് സിലോൺ തിരിച്ചുപിടിക്കാമെന്ന മോഹത്തോടെ. ധൈര്യം വിശ്വാസം ഇവകളാൽ അദ്ദേഹം രാജാവിന്റെ പ്രീതി നേടി. ചാലൂക്യവല്ലഭനുമായുള്ള യുദ്ധ ത്തിൽ മാനവർമ്മൻ പല്ലവനെ സഹായിച്ചു. ഒരിക്കൽ ചാലൂക്യർ ആക്രമിച്ചപ്പോൾ മാന വർമ്മന്റെ സ്വഭാവം പരീക്ഷിക്കാനായി അദ്ദേ ഹത്തെ തലസ്ഥാനത്ത് നിർത്തി രാജാവ് തനിച്ച് യുദ്ധക്കളത്തിലേക്ക് പോയി. മാനവർമ്മൻ തന്റെ ജീവനെ പോലും വകവെക്കാതെ രാജാ വിന്റെ മരണത്തിലും വിജയത്തിലും താനും പിന്തുടരുമെന്ന പ്രതിജ്ഞയോടെ യുദ്ധക്കള ളത്തിലേക്ക് പോയി. അതിനാൽ നരസിംഹവ ർമ്മൻ മാനവർമ്മനെ വലിയ സൈന്യത്തിന്റെ അകമ്പടിയോടെ സുരക്ഷിതനായി സിലോണിലേ ക്ക് തിരിച്ചയക്കുകയും രാജ്യം കൊടുക്കുകയും ചെയ്തു. എന്നാൽ ആ സൈന്യം സിലോണിൽ നിന്ന് മാനവർമ്മനെ ഉപേക്ഷിച്ച് പോയി. മാനവർമ്മൻ വീണ്ടും നരസിംഹവർമ്മന്റെ

ആശ്രയം തേടി, തിരിച്ചുവന്നു. നരസിംഹവ ർമ്മൻ നേരത്തേക്കാളും വലിയ സൈന്യത്തെ താൻ തന്നെ നയിച്ച് സിലോൺ വരെ കൊണ്ടുചെ ന്നാക്കി. ഈ യാത്ര മഹാബലിപുരം തുറമുഖ ത്തുനിന്നാണ് പോയത്. എഡി 642ൽ കാഞ്ചിയി ൽ താമസിച്ച ഹുയാങ് സാങും സിലോണിലേക്ക് ഈ തുറമുഖത്തുനിന്ന് കപ്പലുകളുണ്ടെന്ന് രേഖ പ്പെടുത്തിയിട്ടുണ്ട്. മഹാബലിപുരത്ത് തിരക്കേ റിയ തുറമുഖമുണ്ടെന്നും, അവിടെ ധനം സംഭരി ച്ച് കുനിഞ്ഞ വലിയ കപ്പലുകൾ കൊമ്പനാന കളും നവരത്നങ്ങളും ചുമന്ന് നങ്കൂരമിട്ട് കിട ക്കാറുണ്ടെന്നും തിരുമങ്കൈ ആഴ്വാരും പറയു ന്നു. കാസക്കുടി ലിഖിതം ഈ നാവികനീക്കത്തെ രാമന്റെ ലങ്കാവിജയത്തോടാണ് ഉപമിക്കുന്നത്. . നരസിംഹവർമ്മന്റെ മരണം വരെ ആരും മാന വർമ്മനെ സിലോണിലെ സിംഹാസനത്തി ൽനിന്ന് നീക്കാൻ ധൈര്യപ്പെട്ടില്ല.

മഹേന്ദ്രവർമ്മനെപ്പോലെ തൃശ്ശിനാപ്പള്ളി, പുതു ക്കോട്ട ഗുഹാക്ഷേത്രങ്ങൾ നരസിംഹവർമ്മനും ഉണ്ടാക്കി. ഇവക്ക് മുമ്പത്തെ ഗുഹാക്ഷേത്രങ്ങ ളിൽ നിന്നുള്ള വ്യത്യാസം എ. എച്ച് .ലോങ്ങ്ഹ ഴ്സ്റ്റ് പറയുന്നു: ഫേക്കേഡുകൾ കൂടുതൽ അല ങ്കാരങ്ങളുള്ളതും തൂണുകൾ വ്യത്യസ്തവും മാണ്. അകം മഹേന്ദ്രശൈലയാണ്. ചെറിയ ചതുരഗർഭഗൃഹങ്ങൾ ഗുഹയിടെ പിന്നിലെ കല്ലിൽ നിന്ന് ഉരുവാക്കുന്നു. അലങ്കാരപ്പണി ഇല്ല. ക്ഷേത്രത്തിനു മുന്നിലെ തൂണുകളോടു

കൂടിയ മണ്ഡപം (ഹാൾ) ചുമരിന്റെ വശങ്ങളിൽ വലിയ പാനലുകൾ കൊത്തി, ശിൽപ്പങ്ങളോടു കൂടിയാണ്. വളരെ സുന്ദരമായി ശ്രദ്ധാപൂർവ്വ മാണ് ശിൽപ്പങ്ങളുണ്ടാക്കിയിരിക്കുന്നത്. ചില ക്ഷേത്രങ്ങളിൽ അകത്തും അലങ്കാരപ്പണി ഉണ്ട്. ഇക്കാലത്തെല്ലാം പല്ലവരും ജാവ, ചമ്പാ, ബാലി മുതലായ പ്രദേശങ്ങളുമായി വ്യാപാരബന്ധ മുണ്ട്. സിംഹവിഷ്ണുവിന്റെ അനുജന്റെ ശാഖ അവിടെ ഭരിക്കുന്നുമുണ്ട്. എന്നാലും പല്ലവലി ഖിതങ്ങളിൽ പ്രശസ്തികളിലൊന്നിലും ഇത് പറയാത്തത് അത്ഭുതകരമാണ്.

മാമല്ലശൈലിയിലെ തൂണുകൾ ചതുരത്തിൽ കനം കൂടിയവയും ഭംഗി കൂടിയവയുമാണ്. സിംഹം താഴെ ഇരുന്ന് തൂണിനെ തലയിൽ താങ്ങുന്ന ശൈലി അപ്പോഴും ഉണ്ട്. മദ്ധ്യഭാഗം അഷ്ടകോണാകൃതിതന്നെയാണ്. മുകളിൽ ഉരു ണ്ട്, അതിനുമുകളിൽ പരന്ന അബാക്കസ്സോടു കൂടിയാണ്. ഇതിനും തട്ടിനും ഇടയിലായി താങ്ങാനുള്ള സംവിധാനമുണ്ട്, നേരത്തെ മരപ്പ ണിക്കാർ ചെയ്തിരുന്ന ശൈലിയാണ്.

എഡി 655ൽ നരസിംഹവർമ്മൻ 1 മരിച്ചു. മഹേന്ദ്രവർമ്മൻ 2 രാജാവായി. കുറം പ്ലേറ്റു പ്രകാരം അദ്ദേഹം വർണ്ണാശ്രമധർമ്മം കർശ നമായി പാലിച്ചു. പുറത്തുനിന്നോ അകത്തു നിന്നോ അക്രമമില്ലാതെ ശാന്തമായ ഭരണകാല

മായിരുന്നു അദ്ദേഹത്തിന്റേത്. പരമേശ്വരവ ർമ്മൻ 1 (എഡി 600-680 അഥവാ 630-660)) കാലത്ത് വീണ്ടും പല്ല വചാലൂക്യയുദ്ധങ്ങളു ണ്ടായി. ഗഡ്വാൽ ലിഖിത പ്രകാരം ചാലൂക്യ വിക്രമാദിത്യ 1 കാഞ്ചി പിടിച്ചു, ഈശ്വരപോ ത്തരയനെ പരാജയപ്പെടുത്തി മാമല്ലവംശത്തെ നശിപ്പിച്ചു. വിക്രമാദിത്യൻ കാവേരിയുടെ തെക്കേ കരയിലെ ഉരഗപുരത്താണ് തമ്പടിച്ചി രുന്നത്. (ഉറയൂർ തൃശ്ശിനാപ്പള്ളിക്കടുത്ത്)വൈ ശാഖപൌർണ്ണമി ശകം 596, എഡി 674 ഏപ്രിൽ 25നാണ് ഈ ഗ്രാന്റ്. ഉദയേന്ദ്രം പ്ലേറ്റ് പല്ലവ ചാലൂക്യയുദ്ധം തൃശ്ശിനാപ്പള്ളി ജില്ല, ലാൽഗുഡി താലൂക്ക് പെരുവലനല്ലൂരിലാണ് നടന്നതെന്ന് പറയുന്നു. ഇത് ഉരഗപുരിനിന്ന് ഏതാനും മൈൽ മാത്രം അകലെയാണ്. പരമേശ്വരവർമ്മ ന്റെ അരിവാരണം എന്ന ആന , അതിശ യമെന്ന കുതിര ഇവരെപ്പറ്റി കുറം പ്ലേറ്റിലുണ്ട്. ശിവഭ ക്തനായ പരമേശ്വരവർമ്മൻ നിരവധി ശിവ ക്ഷേത്രം പണിതു. മാമല്ലപുരം ഗണേശക്ഷേ ത്രം അത്യന്തകാമമെന്ന് അറിയുന്നു. ഇത് പരമേ ശ്വരവർമ്മ 1 ന്റെ നാമമാണ്. രണരസിക വിക്ര മാദിത്യ 1 (എഡി 655-680)നെ നശിപ്പിച്ച ഉഗ്രദ ണ്ഡപുത്രനാണ് രാജസിംഹൻ. (കാഞ്ചീപുരം ലിഖിതം) അത്യന്തകാമ ഉഗ്രദണ്ഡപരമേശ്വരന്റെ പുത്രൻ, രാജസിംഹപുത്രൻ പരമേശവര 2 വിനേയും അത്യന്തകാമനെന്ന് വിളിക്കുന്നുണ്ട്.

ഊത്തുക്കാട്ടുകോട്ടത്തിലെ നീർവേലൂരിലെ മാന്യവന്ത്രരാഷ്ട്രത്തിലാണ് കുറം.

നരസിംഹവർമ്മൻ 2 രാജസിംഹൻ)എഡി 680-700) സമാധാനപരമായ കാലമാണ് ഇദ്ദേഹത്തിന്റേത് രാജസിംഹേശ്വരമെന്ന കൈലാസനാഥക്ഷേത്രം , കാഞ്ചി ഐരാവതേശ്വരക്ഷേത്രം, മഹാബലിപുരത്തിനടുത്ത് കടലോരക്ഷേത്രം , പനമലൈ ക്ഷേത്രം ഇവ അദ്ദേഹം പണിതു. അദ്ദേഹത്തിന്റെ ലിഖിതം ഇവയിലുണ്ട്. മഹേന്ദ്രവർമ്മ 1 ന്റെ കാലം മുതലേ ബിരുദനാമം ക്ഷേത്രത്തിനു കൊടുക്കുന്ന രീതി തുടങ്ങിയിട്ടുണ്ട്. കൈലാസനാഥക്ഷേത്രത്തിൽ രാജസിംഹന്റെ 250 ബിരുദനാമം രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലത്:- ഋഷഭലാഞ്ഛന, ശ്രീശങ്കരഭക്ത,ശ്രീവാദ്യ വിദ്യാധര, ശ്രീആഗമപ്രിയ, ശ്രീപ്രതിമല്ല, ശിവചൂഢാമണി, ഇവയാണ്. രാജസിംഹന്റെ മകന്റെ ബിരുദങ്ങളും കൈലാസനാഥക്ഷേത്രത്തിലുണ്ട്. (മഹേന്ദ്രവർമ്മ 3, ഭാര്യ രംഗപതാക എന്നിവരാണ്. ക്ഷേത്രം ഭാഗികമായി പണിതത്.) രംഗപതാക രാജസിംഹന്റെ രാജ്ഞിയും മഹേന്ദ്രവർമ്മ 3 ന്റെ അമ്മയുമാണ്. രംഗപതാകയുടെ ലിഖിതം അവർ തന്നെ രചിച്ച 3 സംസ്കൃതശ്ലോകമാണ്. ചെറിയ ശിവക്ഷേത്രം രംഗപതാക എന്ന കാലകലയാണ് പണിതത്. അവരുടെ ചിഹ്നം ഋഷഭമാണ്.

രാജസിംഹൻ നിർമ്മിച്ച ക്ഷേത്രങ്ങളിൽ വെച്ച് അതിപ്രധാനം കൈലാസനാഥക്ഷേത്രമാണ്. പെരിയപുരാണത്തിൽപൂസലാർ നായനാർ ഇതിനെപ്പറ്റി പറയുന്നത്:- ഈ ശിവക്ഷേത്രം നിർമ്മിച്ചത് ഒരു കാടവരാജാവാണ്. പ്രതിഷ്ഠാ ദിനം തന്റെ ഭക്തനായ പൂസിലാർ എത്തുംവരെ നീട്ടിവെക്കണമെന്ന് രാജാവിന് അശരീരി കേട്ടു. രാജസിംഹൻ അശരീരി കേട്ടത് കൈലാസനാഥ ക്ഷേത്രത്തിലെ ഒരു ലിഖിതത്തിലും പറയുന്നു. വേലൂർപാളയം പ്ലേറ്റിലും ഈ ക്ഷേത്രനിർമ്മിതി യെ പറ്റി പറയുന്നു:-പരമേശ്വരന്റെ പൌത്രനായ നരസിംഹവർമ്മൻ 2 മഹേന്ദ്രതുല്യനാണ്. ബ്രാ ഹ്മണരുടെ ഒരു ഘടിക നടത്താനായി കൈലാസ സദൃശമായി ചന്ദ്രചൂഢഗൃഹം അദ്ദേഹം കല്ലു കൊണ്ട് നിർമ്മിച്ചു. വേലൂർപാളയം പ്ലേറ്റ് രാജസിംഹൻ ഒരു ഘടിക പുനരുദ്ധരിച്ചതായി പറയുന്നു. കസാക്കുടി പ്ലേറ്റ് ഘടികയുടെ പ്രവ ർത്തനം , അതിലെ ബ്രാഹ്മണരുടെ വിദ്യാഭ്യാസം ഇവ വിശദമാക്കുന്നു.

ഇക്കാലത്തുതന്നെ തീരദേശത്ത് പനമലൈ എന്ന ക്ഷേത്രവും (7 പഗോഡകളിൽ), കാഞ്ചാപുരത്ത് ഐരാവതേശ്വരക്ഷേത്രവും പണിതു. സംസ്കൃ തശ്ലോകം 6 എണ്ണം പല്ലവലിപിയിൽ മഹാബലി പുരം ക്ഷേത്രത്തിലെ ബലിപീഠത്തിലുണ്ട്. അത്യ ന്തകാമ, അപരാജിത, ശിവചൂഢാമണി എന്നീ ബിരുദങ്ങളും അതിലുണ്ട്. ഇവ രാജസിംഹന്റെ

ബിരുദങ്ങളാണ്. മറ്റൊരു ശ്ലോകം രാജസിംഹ, രണഞ്ജയ,ശ്രീഭര, ചിത്രകാർമ്മുക ബിരുദങ്ങളും പറയുന്നു. പരമേശ്വരവർമ്മൻ 1 ന്റെ മകൻ രാജസിംഹ 1 ആണിതെന്ന് മനസ്സിലാക്കാം. മഹാബലിപുരം തീരത്തെ 2 ക്ഷേത്രം ക്ഷത്രിയ സിംഹ പല്ലവേശ്വരവും രാജസിംഹപല്ലവേശ്വരവും അദ്ദേഹം പണിതു. ദണ്ഡിയുടെ കാവ്യാദർശം രാജസിഹനെ പറയുന്നു: തേഷാം വംശേപ്രസൂതാത് രണരസികപുരോന്മർദ്ദനാത് ഉഗ്രദണ്ഡാത് സുബ്രഹ്മണ്യകുമാരോ ഗുഹ ഇവ പരമാദീശ്വരാദത്തജന്മാ ശക്തിക്ഷുണ്ണാരിവർഗ്ഗോവിദിതബഹുനയാത് ശൈവസിദ്ധാന്ത മാർഗ്ഗോ ശ്രീമാനത്യന്തകാമാ ക്ഷത സകലമലോധൂർദ്ധരാ പല്ലവാനാം.

പ്രൊ എം രങ്കാചാര്യർ കാവ്യാദർശത്തിലെ ഒരു അദ്ധ്യായം കാഞ്ചീപുരത്തെ യുവരാജാവിന് (രാജസിംഹന്റെ മകൻ) സീഹിത്യനിയമം പഠിപ്പിക്കാനെഴുതി എന്ന് പറയുന്നു. അതല്ല, രാജസിംഹനെ പഠിപ്പിക്കാനാണെന്നും അഭിപ്രായമുണ്ട്. കാഞ്ചിയും പല്ലവരും ദണ്ഡിക്ക് സുപരിചിതരാണ്. അവന്തിസുന്ദരികഥ ദണ്ഡി വളരെക്കാലം കാഞ്ചി സഭയിൽ ജീവിച്ചതിന്ന് തെളിവാണ്. തിരുവനന്തപുരത്ത് പ്രസിദ്ധീകരിച്ച നാടകങ്ങൾ (ഭാസന്റേതെന്ന് പറയുന്നവ) രാജസിംഹകാലത്താണ് രചിച്ചത്. സ്വപ്നവാസവദത്തം മുതലായവ രാജസിംഹന്റെ സഭയിൽ അഭിനയിക്കാ

നായി ചെറുതാക്കിയവയാണ്. ഈ നാടകങ്ങ ൾക്ക് മത്തവിലാസപ്രഹസനത്തോടുള്ള സാദൃശ്യം ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. (മഹേന്ദ്ര വർമ്മ 1). പാണ്ഡ്യന്മാരല്ല പല്ലവരാണ് ഈ നാട കങ്ങളെ പ്രോത്സാഹിപ്പിച്ചത് .

പരമേശ്വരവർമ്മൻ 2 എഡി 700-710.

ഇദ്ദേഹത്തിന്റെ ഭരണം അധികകാലം നീണ്ടു നിന്നില്ല. വിരട്ടാണേശ്വരക്ഷേത്രലിഖിതം ഇദ്ദേഹത്തിന്റെ 3ആം ഭരണവർഷമാണ്. കാസ ക്കുടി പ്ലേറ്റ് ഇദ്ദേഹം കലികാലദോഷങ്ങളെ ജയിച്ചത് ബൃഹസ്പതിധിഷണ കൊണ്ടാണെ ന്നും അതിനാൽ ലോകരക്ഷ ചെയ്തു എന്നും പറയുന്നു.വേലൂർപാളയം പ്ലേറ്റ് കലിയെ അദ്ദേഹം പാഠം പഠിപ്പിച്ചതായും മനുനീതി പാലിച്ച് ഭരിചതായും പറയുന്നു.

ഹിരണ്യവർമ്മനും പിൻഗാമി പല്ലവമല്ല ഹിരണ്യവർമ്മനും

നന്ദിവർമ്മ പല്ലവമല്ലന്റെ കാസക്കുടി പ്ലേറ്റ് പരമേശ്വരവർമ്മ 2 നുശേഷം ഭീമവർമ്മശാ ഖയിലെ നന്ദിവർമ്മന് പല്ലവസിംഹാസനം ലഭിച്ചത് പറയുന്നു. നന്ദിവർമ്മ 2 ന്റെ 64ആം വർഷത്തെ കൊറ്റങ്കുടി പ്ലേറ്റ് വംശത്തിൽ വീര കൂർച്ചനുശേഷം ഭരിച്ച ഒരു ഹിരണ്യവർമ്മനെ പറയുന്നു. ഇത് വേലൂർപാളയം പ്ലേറ്റ് പറയു ന്നില്ല. തണ്ടംതോട്ടം പ്ലേറ്റ് അദ്ദേഹം ജനിച്ചത് ലോകനന്മക്കാണെന്നും ശത്രുക്കളെ കാട്ടിലേക്ക്

ഓടിച്ചുവെന്നും , സംരക്ഷണം ചെദിച്ചുവന്നവരെയെല്ലാം സംരക്ഷിച്ചു എന്നും പറയുന്നു. വംശാവലിയിൽ , ഭീമവർമ്മശാഖയിൽ ഗോവിന്ദവർമ്മനുശേഷമാണ് ഹിരണ്യവർമ്മസ്ഥാനം. സിംഹവിഷ്ണുവിന്റെ മൂത്ത മകനായ സിംഹവർമ്മശാഖയിലാണ് പരമേശ്വരി 2 വരെ രാജാക്കന്മാർ. രണ്ടാമത്തെ മകനായ ഭീമവർമ്മശാഖഃ- ഭീമവർമ്മൻ, ബുദ്ധവർമ്മൻ, ആദിത്യവർമ്മൻ, ഗോവിന്ദവർമ്മൻ, ഹിരണ്യവർമ്മൻ 1, നന്ദിവർമ്മൻ 2.

കാഞ്ചി വൈകുണ്ഠപ്പെരുമാൾ കോവിലിലെ ശിൽപ്പങ്ങൾഃ- ആദ്യകാലശിൽപ്പങ്ങൾ പലതും നശിച്ചു. ഇഷ്ടികയും കുമ്മായവും വെച്ച് പുനരുദ്ധരിക്കാനുള്ള ശ്രമം ഉണ്ടായി. മുകളിലെ വരിയിലെ 13 കമ്പാർട്ട്മെന്റുകളിലെ ശിൽപ്പങ്ങളെ വിശദീകരിക്കാൻ തെക്കെ വരാന്തയിലെ ചെറിയ ഒരു ഭാഗം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തേത് , ബ്രഹ്മാവിൽ നിന്ന് ഉണ്ടായ പല്ലവവംശത്തിലെ പരമേശ്വരവർമ്മന്റെ മരണമാണ്. മന്ത്രിമാർ, ഘടികയാർ, മൂലപ്രകൃതി, ഹിരണ്യവർമ്മന് മഹാരാജാ എന്നിവരെ കാണിക്കുന്നു. അവസാനം ....ഇടം എന്ന് കാണാം. രണ്ടാമത്തേതും അവസാനിക്കുന്നത് എന്റു ചൊന്ന ഇടം എന്നാണ്. നാലാമത്തേതിൽ ശ്രീമല്ല, റാണമല്ല, സംഗ്രാമമല്ല, പല്ലവമല്ല എന്ന് ഹിരണ്യവർമ്മന്റെ 4 മക്കളുടെ പേരുണ്ട്.

അവസാനിക്കുന്നത്, പരമേശ്വരൻ നാൻ പോവേ ൻ എന്റു തൊളുതുനിന്റെ ഇടം എന്നാണ്. (ഞാൻ പോകുന്നു എന്നു പറഞ്ഞ് പരമേശ്വരൻ തൊഴു തുനിന്ന സ്ഥലം) പിന്നെ ഹിരണ്യവർമ്മമഹാ രാജാ, ധരണികൊണ്ടപോസർ, നഗരത്താർ , കാഞ്ചീപുരനഗരവാസികൾ, മൂലപ്ര്യതി, കാടക മുത്തരയർ ഇവരെ പരാമർശിക്കുന്നു. നന്ദി വർമ്മനാമത്തോടെ യുവരാജാവ് പല്ലവമല്ലനെ അഭിഷേകം ചെയ്തതും പറയുന്നു. കാസക്കുടി പ്ലേറ്റും ഈ ശിൽപ്പങ്ങളും പരമേശ്വരനിൽനിന്ന് നന്ദിവർമ്മനിലേക്കുള്ള ഭരണമാറ്റം നിയമാനു സൃതമായിരുന്നു എന്ന് കാണിക്കുന്നു. ഈ ഭരണമാറ്റത്തിലും പിന്നീടുണ്ടായ അവകാശ ത്തർക്കത്തിലും ഉദയചന്ദ്രനെന്ന വിശ്വസ്ത സേനാപതിയുടെ പങ്ക് ഉദയേന്ദ്രം പ്ലേറ്റിലുണ്ട്. ഹിരണ്യവർമ്മനെ തെരഞ്ഞെടുത്തത് ധാര ണിക്കോട്ട (ധാന്യകടകം) ഭരിച്ചിരുന്ന വലിയ തിരയന്റെ ശാഖ, നഗരവാസികളും സഭയും, മൂലപ്രകൃതി അഥവാപ്രജകളും, കാടകമു ത്തരയനും എല്ലാം ചേർന്നാണ്. ഇവരെല്ലാം പല്ലവഭരണത്തിലെ അനിഷേദ്ധ്യരായ ഭാഗ ഭാക്കുകളാണ്. ഹിരണ്യവർമ്മൻ ആ പദം നിഷേധിക്കയും ഇളയ മകനായ പരമേശ്വരി പല്ലവമല്ലന് കൊടുക്കുകയും ചെയ്തു. പേരു മാറ്റി നന്ദിവർമ്മനെന്ന് നാമകരണം ചെയ്താണ് അഭിഷേകം. പ്രജകളും നഗരത്താരും ചേർന്നാ ണ് തെരഞ്ഞെടുപ്പ്. ഭരണസാരഥികളെല്ലാം

സമ്മതിച്ചുമാണ്. വൈകുണ്ഠപ്പെരുമാൾ ക്ഷേ ത്രം പരമേശ്വരവിണ്ണഗരം ആണ്. സിംഹാസന മാറ്റം കഴിഞ്ഞ ഉടനെ ഈ ശിൽപ്പങ്ങളും കൊത്തിയിരിക്കണം. പരമേശ്വരൻ വിഷ്ണുപാ ദം പൂകിയശേഷം പരമേശ്വരപല്ലവമല്ലൻ നന്ദിവർമ്മനെന്ന പുതിയ പേരിൽ സ്ഥാനമേറ്റ സ്ഥലം (ഇടം) ആണെന്ന് കാണിക്കുന്ന ശിൽപ്പങ്ങ ളാണ്.

ആദ്യപാനലിലെ വിഷ്ണു, ബ്രഹ്മാ, അംഗിരസ്സ്, ബൃഹസ്പതി, ഭരദ്വാജ, ദ്രോണ, അശ്വത്ഥാമാവ്, പല്ലവജനനം എന്നിവ പല്ലവവംശാരംഭം മുത ലുള്ള ചരിത്രാലേഖനമാണ്.കാസക്കുടി പ്ലേറ്റ് പ്രകാരം വെറും 12 വയസ്സുള്ളപ്പോഴാണ് നന്ദി വർമ്മനെ ഹിരണ്യവർമ്മൻ ഭാരതത്തിലേക്ക് അയക്കുന്നത്. ആദ്യം അദ്ദേഹത്തിന് തന്റെ മക നെ അറിയാത്ത സ്ഥലത്തേക്ക് അയക്കാൻ വൈ മുഖ്യം ഉണ്ടായിരുന്നു. ധാരണിക്കോട്ട പോസരാണ് അദ്ദേഹത്തിന്റെ ഭയം മാറ്റി മകനെ അയക്കാൻ പ്രോത്സാഹിപ്പിച്ചത്. നന്ദിവർമ്മൻ കാഞ്ചീപുരത്തേക്കുള്ള യാത്രയിൽ നിരവധി മലകളും നദികളും കാടുകളും കണ്ടു. അദ്ദേഹം വരുന്നതറിഞ്ഞ് ഒരു പല്ലവടിഅരയർ വലിയ സൈന്യവുമായി വന്ന് എതിരേറ്റ് ആനപ്പുറത്തു കയറ്റി നഗരത്തിലേക്ക് കൊണ്ടുപോയി. അവി ടെ സാമന്തരും വണികപ്രമുഖരും മൂലപ്രകൃതി കളും കാടകമുത്തരയരും ചേർന്ന് സ്വീകരിച്ച്

രാജ്യാഭിഷേകം ചെയ്തു. അഭിഷേകസമയത്ത് അദ്ദേഹത്തിനു ലഭിച്ച ബിരുദങ്ങളിൽ വിടേൽവിടുകു, സമുദ്രഘോഷ, ഖട്വാംഗധ്വജ, വൃഷഭലാഞ്ഛന, ഇവ അമാത്യസാമന്തരും ഘടികയരും ഉഭയഗണങ്ങളും കൊടുത്തു. (തണ്ടത്തോട്ടം പ്ലേറ്റ്) ഹിരണ്യവർമ്മൻ ധർമ്മിഷ്ഠനും രാഷ്ട്രതന്ത്രജ്ഞനും യുദ്ധക്കളത്തിൽ ധൈര്യം കാണിച്ചവനും ആണ്. അദ്ദേഹം രാജാവായിരുന്നത് കാഞ്ചിയിലല്ല, എന്നുമാത്രം. വേലൂര്പാളയം , ബാഹൂർ പ്ലേറ്റുകളിൽ അദ്ദേഹത്തിന്റെ നാമമില്ല. വേലൂർപാളയം പ്ലേറ്റിന് 52 വർഷം ശേഷമാണ് തണ്ടത്തോട്ടം പ്ലേറ്റ്. 12ആം വയസ്സുമുതൽ ഭരിച്ച നന്ദിവർമ്മന്റെ 65 ആം ഭരണവർഷം വരെയുള്ള ലിഖിതങ്ങൾ ലഭിച്ചിട്ടുണ്ട്. നന്ദിവർമ്മ 2 പല്ലവമല്ലകാലം എഡി 710- 775. ഏറ്റവും ദീർഘമായ പല്ലവരാജഭരണം ഇദ്ദേഹത്തിന്റേതാണ്. പിന്നീടു വന്ന ദന്തിവർമ്മനും 61ആം ഭരണവർഷം വരെയുള്ള ലിഖിതങ്ങളുണ്ട്, ഈ 2 രാജാക്കന്മാരും കൂടി 116 വർഷം ഭരിച്ചു. നന്ദിവർമ്മൻ 77 വർഷം ജീവിച്ചിരുന്നു.

കാസക്കുടി പ്ലേറ്റ് (22ആം വർഷം) ഉദയേന്ദ്രം പ്ലേറ്റ്(21ആം വർഷം) തണ്ടത്തോട്ടം പ്ലേറ്റ്(58ആം വർഷം) കൊറ്റങ്കുടി പ്ലേറ്റ് (61ആം വർഷം) ഇവ നന്ദിവർമ്മകാലത്തെ കുറിച്ച് വിവരങ്ങൾ തരുന്നു. ഉദയേന്ദ്രം പ്ലേറ്റ് സൈനികശക്തിയേയും കാസക്കുടി , കൊറ്റങ്കുടി പ്ലേറ്റുകൾ വ്യക്തിപര

മായ നേട്ടങ്ങളേയും അക്കാലത്തെ സംസ്കൃതി യേയും കുറിച്ച് അറിവു തരുന്നു. വിക്രമാദിതയ 2 ന്റെ കൈലാസനാഥക്ഷേത്രലിഖിതം, കീർത്തി വർമ്മന്റെ വക്കലേരി പ്ലേറ്റ്, കേന്ദൂർ പ്ലേറ്റ്, വേൾവിക്കുടിയിലും സിന്നമാനൂരിലും ഉള്ള പാണ്ഡ്യരേഖകൾ ഇവയും ഇതിന് സഹായി ക്കുന്നു.

മഹേന്ദ്രവർമ്മ 1 മഹാമല്ലകാലത്ത് ആരംഭിച്ച പല്ലവചാലൂക്യയുദ്ധം ഇക്കാലത്ത് വീണ്ടും തുട ങ്ങി. വിക്രമാദിത്യ 1 ന്റെ കേന്തൂർ പ്ലേറ്റ്, പല്ലവ രുടെ തുണ്ടാകരാഷ്ട്രത്തിലേക്ക് പ്രവേശിച്ച് അവ രുടെ നഗരം പിടിച്ചത് വിശദമായി പറയുന്നു ണ്ട്. തന്റെ പ്രകൃതിഅമിത്രന്മാരുടെ തുണ്ടാകവി ഷയത്തിലെത്തി, നന്ദിപോതവർമ്മനെ ഓടിച്ച് കടുമുഖവാദിത്രം, സമുദ്രഘോഷം, ഖട്വാംഗധ്വ ജം, മുതലായ അപൂർവ്വസംഗീതോപകരണങ്ങ ളും നിരവധി മത്തഗജങ്ങളും , ഒരു കുന്ന് വജ്ര വും , വിക്രമാദിത്യൻ എടുത്തുകൊണ്ടുപോയി. നഗരം നശിപ്പിച്ചില്ല. ദക്ഷിണേന്ത്യയെന്ന സുന്ദരി യുടെ കാഞ്ചി എന്ന ആഭരണം എന്നാണ് കാഞ്ചീ പുരത്തെ വിശേഷിപ്പിക്കുന്നത്. ബ്രഹ്മണരേയും ദരിദ്രരേയും തന്റെ ദാനത്താൽ അദ്ദേഹം പ്രീത രാക്കി. രാജരാജേശ്വരക്ഷേത്രത്തിനും നരസിഹ പോതവർമ്മൻനിർമ്മിച്ച ക്ഷേത്രങ്ങൾക്കും സ്വ ർണ്ണക്കൂമ്പാരം തന്നെ ദാനം ചെയ്തു. പാണ്ഡ്യ, ചോള, കേരള,കളഭ്രരാജാക്കനാമാരാൽ പീഢി

ക്കപ്പെട്ട ആ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ഇത് സഹായിച്ചു. പല്ലവരാജാവ് നരസിംഹവർമ്മൻ വാതാപിയെ ചെയ്തപോലെ , വിക്രമാദിത്യസത്യാശ്രയ കാഞ്ചിയെ നശിപ്പിച്ചില്ല, പുനരുദ്ധരിച്ചു. എഡി 733-746നിടയിലാണ് വിക്രമാദിത്യൻ കാഞ്ചിയിൽ പ്രവേശിച്ച് അവിടെ താമസിച്ചത്. നന്ദിവർമ്മപല്ലവമല്ലൻ വേഗം തന്നെ തന്റെ നഗരം തിരിച്ചുപിടിച്ചു.

ചിത്രമായനുള്ള രാജ്യം മറ്റൊരു ശാഖയിലുള്ള നന്ദിവർമ്മൻ ഭരിക്കുന്നത് ഇഷ്ടപ്പെടായിരുന്ന ദ്രമിളന്മാരുടെ ഒരു സംഘം പാമ്ഡ്യന്മാരുടെ കീഴിൽ നന്ദിവർമ്മനോട് വിപ്ലവത്തിനൊരുങ്ങി. വിള്ളിവലയിലെ സേനാധിപൻ ഉദയേന്ദ്രൻ രാജാവിന്റെ വിശ്വസ്തസഹായിയായി ഇതിനെ പ്രതിരോധിച്ചു. മണ്ണൈ, നെടുവയൽ, നെന്മലി, മുതലായ സ്ഥലങ്ങളിൽ വെച്ച് ഏറ്റുമുട്ടലുകളുണ്ടായി. വേൾവിക്കുടി, സിന്നമാനൂർ പ്ലേറ്റുകൾ അരികേസരി പരാങ്കുശമാരവർമ്മൻ നെടുവയലിലും തിരുമങ്കൈ, കുഴുമൂർ, ശങ്കരമങ്കൈ മുതലായ സ്ഥലങ്ങളിലും ജയിച്ചതായി പറയുന്നു. (കുഴുമൂർ കേരളത്തിലെ കുഴൂരാണ്). തിരുമങ്കൈ ആഴ്വാരുടെ പരമേശ്വരവിണ്ണഗരം സ്തുതികളിലും ഇത് വിവരിക്കുന്നു. ഇക്കാലത്ത് നന്ദിവർമ്മൻ ചെറിയ കുട്ടിയാണ്. (ഭരണം ഏറ്റെടുത്ത കാലം) ഇരൈയനാർ അകപ്പൊരുൾ കോട്ടാരു, നാരൈയാരു, വിളിഞ്ഞം ഇവയിലും

സംഘർഷം ഉണ്ടായതായി പറയുന്നു. ഇത് ലിഖി തങ്ങളിലില്ല.

നന്ദിപുരം- ഉദയേന്ദ്രം പ്ലേറ്റിൽ ദ്രമിളശത്രുക്കൾ നന്ദിവർമ്മനെ നന്ദിപുരത്ത് തടവിലാക്കിയതും (നന്ദിപുരവിണ്ണഗരം) അവിടെനിന്ന് മോചിപ്പിച്ച തും പറയുന്നുണ്ട്. ചിത്രമായനുവേണ്ടി യോജിച്ച ദ്രമിളരാജാക്കന്മാരാണ് നന്ദിപുരത്ത് നന്ദിവർമ്മനെ പിടിച്ച് കെട്ടിയത്. മോചനത്തിന് , മഉദയചന്ദ്രൻ സ്തുത്യർഹമായ സേവനം ചെ യ്തു. അദ്ദേഹം വേഗവതീനദിയുടെ നാഥനാണ്. (വൈഗൈ)ലോകഭൂഷണമായ വില്വലനഗരത്തി ലാണ് ജനനം. പല്ലവരുടെ നിരന്തരസേവനത്തിൽ ഏർപ്പെട്ടിരുന്ന പൂച്ചാൻവംശമാണ്. വില്വലന ഗരം ചിങ്കൽപേട്ടിലാണ്. നന്ദിവർമ്മനെ ചിറയി ലടച്ചത് കേട്ട് സഹിക്കാതെ അദ്ദേഹം ചിത്രമായ നടക്കം നിരവധി വിപ്ലവകാരികളെ വധിച്ചു. നിംബവനം, ചൂതവനം, ശങ്കരഗ്രാമം, നെല്ലൂർ, നെൽവേലി, ശൂരവളുന്തൂർ മുതലായ സ്ഥലങ്ങ ളിലെ യുദ്ധത്തിൽ എല്ലാ ശത്രുക്കളേയും ഉന്മൂല നാശം വരുത്തി. നെൽവേലിയിലെ സാധാരണ ക്കാർക്കൊന്നും പ്രവേശിക്കാനാവാത്ത ശബരരാ ജാവ് ഉദയനന്റെ കോട്ടയിലെ മയിൽപ്പീലിക്കണ്ണാ ടിക്കൊടി എടുത്തു. വടക്ക് അശ്വമേധാശ്വത്തിനു പിന്നാലെ ഓടുന്ന നിഷാദരാജാവ് പൃഥ്വീവ്യാ ഘ്രനെ, വിഷ്ണുരാജവിഷയത്തിൽ നിന്ന് തുര ത്തി, അമൂല്യങ്ങളായ മുത്തുമാലകൾ, സ്വർണ്ണ

ക്കൂമ്പാരം, ആനകൾ ഇവ എടുക്കുകയും ,കാളീ ഭഗവതി കാക്കുന്ന കാളീദുർഗ്ഗം നശിപ്പിക്കയും, മണ്ണൈക്കുടിഗ്രാമത്തിലെ പാണ്ഡ്യസൈന്യത്തെ തോൽപ്പിക്കയും ചെയ്തു. കോചടൈയൻ പല്ലവ രെ തോൽപ്പിച്ചതായി വേൾവിക്കുടി ശാസനത്തി ൽ പറയുന്ന മന്നിക്കുറിച്ചിയാണ് മന്നിക്കുടി. (തഞ്ചാവൂരിലം അരന്താങ്കി ജില്ല) നിംബവനം ചൂതവനം ശങ്കരഗ്രാമം വേപ്പങ്കാടും, തിരുവൂശ ത്താനവും(കോവലൂർ) ശങ്കരനാർക്കുടികക്കാടു മാണ്. ചൂതവനം മാങ്കാട് ആകാനുള്ള സാദ്ധ്യത കാണുന്നുണ്ട്. നന്ദിവർമ്മപല്ലവമല്ലന്റെ അശ്വമേ ധക്കുതിരയെ പിടിച്ചുകെട്ടിയ നിഷാദരാജാവ് പൃഥ്വീവ്യാഘ്രനാണ്.

രാഷ്ട്രകൂടരുടെ കാഞ്ചി ആക്രമണം-

രാഷ്ട്രകൂടരാജാവ് വൈരമേഘദന്തിദുർഗ്ഗൻ കടബ പ്ലേറ്റിൽ താൻ കാഞ്ചി കീഴടക്കിയതായി പറയുന്നു. തിരുമങ്കൈ ആഴ്വാരുടെ കാഞ്ചീപു രം അഷ്ടഭുജസ്വാമി പാടലിലും ഇത് പറയുന്നു ണ്ട്. മന്നവൻ തൊണ്ടയർകോൻ വണങ്കും മിന്മുടി വൈരമേകൻ എന്നാരംഭിക്കുന്ന വരിക ളിലെ വൈരമേഘൻ ദന്തിദുർഗ്ഗനാണ്. എല്ലോറ ലിഖിതത്തിലും ഗോവിന്ദ 3 ന്റെ ബെഗുമ്ര പ്ലേറ്റി ലും ദന്തിദുർഗ്ഗൻ ആദ്യം ഏറ്റവും തെക്കുള്ള രാജ്യം കീഴടക്കി, മദ്ധ്യദേശവും കീഴടക്കിയ ശേഷം കാഞ്ചി കീഴടക്കി എന്ന് പറയുന്നു. നന്ദി വർമ്മ പല്ലവമല്ലന്റെ ഭാര്യ രേവയും മകൻ

ദന്തിവർമ്മനുമാണ് (വേലൂർ പാളയം പ്ലേറ്റ്) രേവ രാഷ്ട്രകൂടരാജകുമാരിയാണ്. ദന്തിവർമ്മന് ദന്തിദുർഗ്ഗനെ അനുസ്മരി പ്പിക്കുന്ന നാമം ലഭി ച്ചത് ഈ ബന്ധം കാരണമാ ണ്. (അമ്മവഴി മുത്ത ശ്ശന്റെ പേര്) എന്നിട്ടും ഗോവിന്ദ 3 കാഞ്ചി ആക്ര മിച്ച് കപ്പം വാങ്ങിയിട്ടുണ്ട്. കാഞ്ചി ദന്തിഗനി ൽനിന്നാണ് കപ്പം വാങ്ങിയത്.

പാണ്ഡ്യ, രാഷ്ട്രകൂട, കിഴക്കൻ പടിഞ്ഞാറൻ ചാലൂക്യരേയും ഗംഗന്മാരേയും നന്ദിവർമ്മൻ എതിർത്തിട്ടുണ്ട്. തണ്ടന്തോട്ടം ലിഖിതം 6ആം ശ്ലോകം ഗംഗരിൽനിന്ന് ഉഗ്രോദയമെന്ന വിശിഷ്ട രത്നം പതിച്ച കണ്ഠാഭരണം നന്ദിവർമ്മൻ എടു ത്തതായി പറയുന്നു. ഇത് ശിവമാരനോ ശ്രീപു രുഷനോ ആവാം. നന്ദിവർമ്മന്റെ 21, 22 ഭരണവ ർഷങ്ങളിൽ ഇത് ഇല്ലാത്തത് , അദ്ദേഹത്തിന്റെ ഭരണത്തിന്റെ രണ്ടാം ഘട്ടമാണ് ഇതു സംഭവിച്ച തെന്ന് കാണിക്കുന്നു. നന്ദിവർമ്മൻ വൈഷ്ണവ നാണ്. കാഞ്ചി അഷ്ടഭുജസ്വാമിഭക്തനാണ്. മുകു ന്ദപാദത്തിലല്ലാതെ വേറെവിടേയും കുനിയാത്ത വനെന്ന് അദ്ദേഹത്തിന്റെ താമ്രപത്രങ്ങൾ വിശേ ഷിപ്പിക്കുന്നു. കാസക്കുടി ഗ്രാന്റിലെ ത്രിവിക്രന്റെ പ്രശസ്തിയിൽ- ഈ ശ്രീധരൻ യുദ്ധത്തിൽ വിജ യനും കലകളിൽ കർണ്ണിസുതനും ധനുർവ്വിദ്യ യിൽ രാമനും മതംഗശാസ്ത്രത്തിലും സംഗീത ത്തിലും വത്സരാജാവും , സ്ത്രീവിഷയത്തിൽ കാമദേവനും കാവ്യത്തിൽ വാത്മീകിയും,

ന്യായത്തിലും പ്രശ്നപരിഹാരത്തിലും ബൃഹസ്പതിയും, ധർമ്മത്തിൽ യുധിഷ്ഠിരനുമാണെന്ന് പറയുന്നു. ചക്രധാരിയോടും ഇന്ദ്രനോടുമാണ് അദ്ദേഹം ഉപമിക്കപ്പെടുന്നത്. കൌസ്തുഭം ധരിച്ച അച്യുതനെ വഹിക്കുന്ന നാഗരാജാവായ അനന്തനെപ്പോലെ, ഉഗ്രോദയരത്നം പതിച്ച കണ്ഠാഭരണം നന്ദിവർമ്മൻ മാറത്ത് ധരിച്ചു. നാലുവേദവും 6 വേദാംഗവും പഠിച്ചു. തണ്ടന്തോട്ടം ലിഖിതത്തിലെ 244 ബ്രാഹ്മണർ (ദാനം വാങ്ങിയവർ) 100 പേർ ചതുർവ്വേദികളും 18 പേർ ഷഢംഗവിത്തുകളും, ഏറെപ്പേർ ക്രമവിത്തരും ഭട്ടന്മാരും ത്രിവേദികളുമാണ്. സംസ്കൃതഭാഷാപണ്ഡിതരാണ്. ബ്രാഹ്മണപണ്ഡിതനായ ജ്യേഷ്ഠപാദസോമയാജിക്ക് അദ്ദേഹം ഗ്രാമദാനം ചെയ്തു.

നന്ദിവർമ്മകാലത്തെ ബ്രാഹ്മണരുടെ വിദ്യാഭ്യാസം എപ്രകാരമാണെന്ന് പറയുന്നു:-
അദ്ദേഹത്തിന്റെ 21ആം വർഷത്തെ ഭരണകാലത്ത് രാജാധിരാജാ പരമേശ്വരി മഹാരാജാ നന്ദിവർമ്മൻ പരമേശ്വരപോതരാജ്യത്ത് ബ്രഹ്മദേയമായി ഇന്ദ്രന് ബൃഹസ്പതിയെന്നപോലെയുള്ള ബ്രഹ്മശ്രീ മന്ത്രി നന്ദി ജ്യേഷ്ഠപാദസോമയാജിക്ക് (സാഗരം പോലെ വേദം പഠിച്ചവനും രസഭാവസമന്വിതം സാമഗാനം ആലപിക്കുന്നവനുമായ) വേദ,വ്യാകരണ,ജ്യോതിഷ, ധർമ്മ,ന്യായ ,നിരുക്ത, ഛന്ദസ്സിലെല്ലാം പണ്ഡിതനായ ശ്രുതി

സ്മൃതികളിലെ ലഹരി നുകർന്ന, കർമ്മകാണ്ഡ വും ജ്ഞാനകാണ്ഡവും ഒരുപോലെ വഴങ്ങുന്ന , ലോകധർമ്മിയും നാട്യധർമ്മിയും പഠിച്ച, കാവ്യനാടകകഥാ, ഇതിഹാസപുരാണപടു വായ, എല്ലാ ശാഖയിലും ജ്ഞാനിയായ എല്ലാ ആചാരങ്ങളും പരിപാലിക്കുന്ന സദാചാരിയാ യ , വീടിനെ ദീപം എന്ന പോലെ ലോകത്തെ ദീപ്തമാക്കുന്ന , എത്രയെല്ലാം ആദരിക്കപ്പെട്ടി ട്ടും എപ്പോഴും വിനയവാനായ ഭൂമിയിലെ ഇരുട്ടെല്ലാം അകറ്റിയ, ദ്വിജരിൽ സർവ്വശ്രേഷ്ഠ നായ ഛാന്ദോഗ്യസൂത്രം ഭാരദ്വാജഗോത്രം വാജ പേയി, തുണ്ടകരാഷ്ട്രത്തിലെ ബ്രാഹ്മണരുടെ പുണിയവാസി, എന്ന വിശേഷണം അക്കാല ത്തെ ബ്രാഹ്മണരുടെ വിദ്യാഭ്യാസവും സ്വഭാവ ശുദ്ധിയും കാണിക്കുന്നു. സകലഗുണാതിശയങ്ങ ളോടെ സൂര്യതുല്യം ശോഭിക്കുന്നവനാണ് ബ്രാ ഹ്മണശ്രേഷ്ഠനായ ജ്യേഷ്ഠപാദസോമയാജി. ഉണ്ടിവനകോഷ്ഠത്തിലെ കൊടുകൊള്ളി ഗ്രാമം ഏകധീരമംഗലമെന്ന് പുനർന്നാമകരണം ചെയ്ത് ബ്രഹ്മദേയമായാണ് കൊടുക്കുന്നത്.

പരമേശ്വരി, ഉത്തരകാരണിക, ത്രിവിക്രമ ഇവ രാണ് പ്രശസ്തി എഴുതുന്നത്. (ഉദയേന്ദ്രം , തണ്ട ത്തോട്ടം, കാസക്കുടി) ചതുഷ്കവി നാലുകവി പ്പെരുമാള് തിരുമങ്കൈ ആഴ്‌വാർ നാലുവിധക വിതയിലും ചതുരനാണ്. അദ്ദേഹം ആഴ്‌വാരാ കും മുമ്പ് ചോളമണ്ഡലത്തിലെ ആളിനാടിന്റെ

മുഖ്യനായിരുന്നു. പെരിയ തിരുമൊഴി, തിരു ക്കുറുന്ദാനകം, തിരുനെടുംദണ്ഡകം, ശിരിയ തിരുമടൽ, പെരിയ തിരുമടൽ, തിരുവേലുക്കു റ്റിരുക്കൈ ഇവ അദ്ദേഹത്തിന്റേതാണ്. കുറ്റം കേശവപ്പെരുമാൾക്ഷേത്രം, കാഞ്ചീപുരം മുക്തേശ്വരക്ഷേത്രം, തിരുവടി വിരട്ടാണേശ്വാര ക്ഷേത്രം, പുതുക്കോട്ട കുന്റാണ്ടാർകോവിൽ ഇവ നന്ദിവർമ്മന്റേതാണ്. കാഞ്ചി പരമേശ്വരി വിണ്ണഗരം നന്ദിവർമ്മന്റെ പൂർവ്വനാമമായ പരമേശ്വരനെന്ന പേരോടെ തിരുമങ്കൈ ആൾവാ ർ നിർമ്മിച്ചതും ഇദ്ദേഹത്തിന്റെ കാലത്താണ്. എഡി 775ൽ നന്ദിവർമ്മന്റെയും രാഷ്ട്രകൂടരാജ കുമാരി രേവയുടേയും മകൻ ദന്തിവർമ്മൻ രാജാവായി. തൃശ്ശിനാപ്പള്ളിയിലും തിരുപ്പതി യിലും വരെ നന്ദിവർമ്മന്റെയും ദന്തിവർമ്മ ന്റെയും ലിഖിതങ്ങളുണ്ട്.

പല്ലവമല്ലനു ശേഷം-

എഡി 775ൽ 65ആം ഭരണവർഷത്തിലാണ് മബാബലിപുരം ആദിവരാഹക്ഷേത്രത്തിലെ നന്ദിവർമ്മലിഖിതം. പിന്നെ ഒരു 25 വര്ഷം കൂടി ചോളന്മാർ നശിപ്പിക്കും വരെ പല്ലവ ശക്തി നിലനിന്നു. ദന്തിവർമ്മൻ, നന്ദിവർമ്മൻ 2, നൃപതുംഗവർമ്മൻ, കമ്പവർമ്മൻ, ഈശ്വര വർമ്മൻ, നരസിംഹവർമ്മൻ, വൈരമേഘ വർമ്മൻ, ചന്ദ്രാദിത്യനെന്നിവർ എഡി 800-900

വരെ ഭരിച്ചു. ദന്തിവർമ്മൻ 50 വർഷം ഭരിച്ചു. ആദിത്യചോളൻ തന്റെ 21ആം വർഷത്തിനുമുമ്പ് തൊണ്ടമണ്ഡലം സ്വന്തമാക്കിയിട്ടുണ്ട്. പരാന്തക ൻ എഡി 907ലാണ് ചോളസിംഹാസനത്തിലിരി ക്കുന്നത്. ബ്രഹ്മദേശം, തിരുക്കഴുംകുന്റം ലിഖിത ങ്ങൾ രാജകേസരിവർമ്മന്റെ 27ആം വർഷത്തി ലാണ്. (ആദിത്യ1)ആദിത്യ 1 ന്റെ ഭരണാരംഭം എഡി 880. എഡി 900ത്തിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം പല്ലവരുടെ കാളഹസ്തി വരെ ഉ ണ്ടെന്ന് അവിടെനിന്ന് കിട്ടിയ ലിഖിതം കാണി ക്കുന്നു. നന്ദിവർമ്മനു ശേഷമുള്ള എല്ലാ പല്ലവ രാജാക്കന്മാരും കൂടി 118 വർഷമേ ഭരിച്ചിട്ടു ള്ളു. എഡി 893 തിരുവാലങ്ങാട്ട് ലിഖിതപ്ര കാരം അപരാജിതവർമ്മപല്ലവനെ പരാജയപ്പെ ടുത്തി ആദിത്യചോളൻ തൊണ്ടെമണ്ഡലം കൈ ക്കലാക്കിയ വർഷമാണ്. പല്ലവരുടെ അവസാ നവർഷങ്ങളിൽ പല അംഗങ്ങളും ചെറിയ ഭൂഭാ ഗങ്ങളിൽ ഭരിക്കുന്ന ഒരു കൂട്ടുവ്യവസ്ഥ മാത്രമാ ണ് ഉണ്ടായിരുന്നത്.ദന്തിവർമ്മന്റെ 2 , 51 ഭരണ വർഷങ്ങളിലെ ലിഖിതം കിട്ടിയിട്ടുണ്ട് തൃശ്ശിനാ പ്പള്ളി (തെക്ക്) തിരുച്ചാനൂർ (വടക്ക്)ആണ് ഈ ലിഖിതങ്ങൾ. അമ്മ രേവ രേവാനദിയെപ്പോലെ എന്ന് പ്രകീർത്തിക്കപ്പെടുന്നു. ദന്തിവർമ്മനെ ചെന്താമരക്കണ്ണനായ വിഷ്ണുസമനായും പറ യുന്നു. കദംബരാജകുമാരി കദംബവംശാഭരണം അഗ്ഗലനിമ്മതിയാണ് ദന്തിവർമ്മന്റെ പട്ടമഹി ഷി.

ദന്തിവർമ്മൻ . 775-826 (51 വർഷം)

തെല്ലാരുവിലെ നന്ദിവർമ്മൻ 826-849 (23 വർഷം) നന്ദിവർമ്മൻ 3

നൃപതുംഗവർമ്മൻ 849-875 (26 വർഷം)

അപരാജിതവർമ്മൻ 875- 893 (18 വർഷം)

ആകെ 118 വർഷം.

എഡി 804 ൽ ഗോവിന്ദ 3 കാഞ്ചി ആക്രമിച്ച് ദന്തിഗനിൽനിന്ന് കപ്പം വാങ്ങി. മദ്രാസ് ത്രിപ്ലിക്കേനിലെ പാർത്ഥസാരഥിക്ഷേത്രത്തിലെ ഗർഭഗൃഹത്തിനു മുന്നിലെ ലിഖിതത്തിൽ ഭരദ്വാജഗോത്രത്തിലെ ദന്തിവർമ്മനെ പല്ലവവംശ ഭൂഷണമായി പറയുന്നു. ഇത് അദ്ദേഹത്തിന്റെ 12ആം ഭരണവർഷമാണ്. ആദ്യത്തെ ആഴ്വാരുടെ കാലത്ത് തന്നെ പുകൾപാടപ്പെട്ട ഈ ക്ഷേത്രം അപ്പോഴും നിലനിന്നിരുന്നു. (ഇപ്പോഴും നിലനിൽക്കുന്നു.) പല്ലവരാജാവാണ് ഈ ക്ഷേത്രം പണിതത്. 16ആം വർഷം മുതൽ 51ആം വർഷം വരെയുള്ള ദന്തിവർമ്മന്റെ ലിഖിതങ്ങൾ കാവേരീതീരത്തല്ല. പാണ്ഡ്യൻ മാരൻ ചടയന്റെ ലിഖിതങ്ങളാണ് കാണുന്നത്. അക്കാലത്ത് പാണ്ഡ്യർ പല്ലവരെ കീഴടക്കാനാണ് സാദ്ധ്യത. വരഗുണമഹാരാജാ ദന്തിവർമ്മകാലത്ത് പല്ലവരാജ്യത്തെ ആക്രമിച്ചിട്ടുണ്ട്. അംബാസമുദ്രലിഖിതം (16ആം വർഷം) പെണ്ണാറിന്റെ തീരത്ത് അരൈശൂരിൽ ശിബിരത്തിലിരിക്കുമ്പോളാണ്..

വടക്ക് ഗുഡിമല്ലം ലിഖിതം, ദന്തിവർമ്മന്റെ സാമന്തനായിരുന്നു ബാണരാജാവ് വിജയാദിത്യ മാവലിബാണരായർ എന്ന് കാണിക്കുന്നു. ഇത് ദന്തിവർമ്മന്റെ 49ആം വർഷത്തിലെ ലിഖിതമാണ്.

നന്ദിവർമ്മൻ 3 (എഡി 826-849)

തെല്ലാരെരിന്ത നന്ദിവർമ്മൻ 3 തെല്ലാരുവിലെ ശത്രുക്കളെ ദഹിപ്പിച്ചവനാണ്. വേലൂർപാളയം പ്ലേറ്റ് (6ആം ഭരണവർഷം) ഈ യുദ്ധവിജയദിവസമാണ്. അക്കാലത്തെ തമിഴ് ഗ്രന്ഥം നന്ദിക്കളമ്പകം ഇതു സംബന്ധിച്ചതാണ്. ദന്തിവർമ്മന്റെ അവസാനകാലത്തുതന്നെ വരഗുണപാണ്ഡ്യനും സൈന്യവും പല്ലവരുടെ തൊണ്ടമണ്ഡലത്തിന്റെ വടക്ക് പെണ്ണാർതീരത്തെ അരസൂരു വരെ എത്തിയിരുന്നു. നന്ദിവര്മ്മൻ രാജാവാകുമ്പോ ൾ ഇവർ തെല്ലാരു വരെ എത്തിയിട്ടുണ്ട്. വടക്കെ ആർക്കോട്ടിലെ വാണ്ടിവാഷിനടുത്താണ് ഈ ഗ്രാമം. തെല്ലാരെരിന്ത നനദിപോതരയനെന്ന് നാമം ഈ യുദ്ധമാണ് അദ്ദേഹത്തിനു കൊടുത്തത്. പളയാറു, വെള്ളാറു, നല്ലാറു, കുരുഗോടു എന്നിവിടങ്ങളിലും അദ്ദേഹം വിജയിച്ചു. പല്ലവസൈന്യം വൈഗാനദിക്കര വരെ മുന്നേറി. പല്ലവർകോനെന്ന് നന്ദിക്കളമ്പകം നന്ദിവർമ്മനെ വിളിക്കുന്നു. ശ്ലോകം 39 ച്ദ്രകുലപ്രകാശൻ എന്ന് ചന്ദ്രവംശജനെന്നും പറയുന്നുണ്ട്. കാഞ്ചി, മല്ലൈ(മാമല്ലപുരം), മയിലൈ (മയിലാപുരം)

ഇവ പ്രധാനപല്ലവനഗരങ്ങളായി ഇക്കാലത്ത് തുടർന്നു.മല്ലൈവേന്തൻ, മയിലൈകാവലൻ എന്നും രാജാവിനെ വിളിച്ചിരുന്നു. കാവേരിവലനാടൻ എന്നാണ് മറ്റൊരു നാമം. കാവേരിവലനാടും കൊങ്ങുദേശവും ചേരദേശവും പടിഞ്ഞാറും വടക്കുമുള്ള ദേശങ്ങളും ഇദ്ദേഹം ഭരിച്ചിരുന്നു.വടക്ക് ഭാഗത്ത് ബാണരാജാ വിക്രമാദിത്യന്റെ ലിഖിതങ്ങൾ കാണുന്നത് വിക്രമാദിത്യൻ പല്ലവരാജ്യം കീഴടക്കി എന്നത് വെറും ആത്മപ്രശംസയായിരുന്നില്ലെന്നതിന് തെളിവാണ്. അവനിനാരായണൻ, വിടേൽവിഡുഗു, ഉഗ്രകോപൻ, കുവലയമാർത്താണ്ഡൻ, മനോദയൻ, മാരതുംഗൻ മുതലായ പേരുകളും ഇദ്ദേഹം വഹിച്ചിരുന്നു.തമിഴുകവികളെ രാജാവ് പ്രോത്സാഹിപ്പിച്ചിരുന്നു. ഭാരതവെംബാ രചിച്ച പെരുംതേവനാർ ഇക്കാലത്താണ് ജീവിച്ചത്. ബാഹൂർപ്ലേറ്റിലെ ശ്ലോകം 14 രാഷ്ട്രകൂടരാജകുമാരി ശംഖാ അദ്ദേഹത്തിന്റെ രാജ്ഞിയായിരുന്നു എന്ന് പറയുന്നുണ്ട്. അവർ പ്രജകളോട് അമ്മയെപ്പോലെ കരുണ കാട്ടിയിരുന്നു. ലക്ഷ്മിയുടെ അവതാരമെന്ന് അവരെ വിളിക്കുന്നു.വേലൂർപാളയം പ്ലേറ്റ് ശ്ലോകം 21 അദ്ദേഹത്തിന്റെ ഭരണകാലത്തെ കുറിച്ച് പറയുന്നു:- അദ്ദേഹത്തിന്റെ ഭരണകാലത്തെ പ്രജകളെപ്പോലെ , വസന്തത്തിലെ ഉദ്യാനമോ, സദ്ഗുണങ്ങളുള്ള ഉന്നതകുലജാതരോ, സദാചാരമുള്ള സ്ത്രീകളോ, ജ്ഞാനമുള്ള വിനയമോ, സൂര്യനുള്ള താമരപ്പൊയ്കയോ,

മഴക്കാലാവസാനത്തിൽ ചന്ദ്രൻ തെളിഞ്ഞ ആകാശമോ പോലും പ്രകാശിച്ചിട്ടില്ല. അത്രക്കും തേജസ്സാണ് അക്കാലത്തെ പ്രജകൾക്ക്. അദ്ദേഹം ശിവഭക്തനുമായിരുന്നു.

നൃപതുംഗവർമ്മൻ എഡി 849-875

നൃപതുംഗവിക്രമതുംഗൻ അഥവാ നൃപതുംഗ പോതരയൻ പിതാവിനെ തുടർന്ന് രാജാവായി. അമ്മയുടെ ഭാഗത്തുനിന്ന് അമോഘവർഷനാണ് ഇദ്ദേഹത്തിന്റെ മുത്തശ്ശൻ. ഇദ്ദേഹവും പാണ്ഡ്യരുമായി നിരന്തരം യുദ്ധം ചെയ്തു. ബാഹൂർ പ്ലേറ്റ് അരിചിത് നദിയുടെ തീരത്ത് (അരിശിൽ) അദ്ദേഹത്തിനുണ്ടായ വിജയങ്ങളെ പറയുന്നു. കുഭകോണത്തിടുത്തുകൂടിയാണ് അരശിലാർ ഒഴുകുന്നത്. വരഗുണപുത്രനായ ശ്രീമാരപരചക്രകോലാഹലനാണ് അന്നത്തെ പാണ്ഡ്യരാജാവ്. സിന്നമാനൂർ പ്ലേറ്റ് പ്രകാരം അദ്ദേഹമാണ് ഗംഗ, പല്ലവ, ചോള, കലിംഗ, മാഗധരെ കുടമുക്കിൽവെച്ച് (കുംഭകോണം) ഓടിച്ചത്. നൃപതുംഗന്റെ സാമ്രാജ്യം തെക്കു പുതുക്കോട്ട മുതൽ വടക്ക് ഗുഡിമല്ലം വരെ വ്യാപിച്ചിരുന്നു. ഗുഡിമല്ലത്തെ ബാണമുഖ്യ വിദ്യാധരന്റെ ലിഖിതം, ബാണമുഖ്യർ നൃപതുംഗന്റെ മേൽക്കോയ്മ അംഗീകരിച്ചിരുന്നതായി കാണിക്കുന്നു. മുത്തരയമുഖ്യൻ സാത്തൻ പളിയിലിയുടെ നർത്തമലൈ ലിഖിതം തെക്ക് നൃപതുംഗന്റെ സാമന്തനായിരുന്നു എന്നും പുതുക്കോട്ട വരെ

നൃപതുംഗസാമ്രാജ്യം വ്യാപിച്ചിരുന്നു എന്നും കാണിക്കുന്നു. ബാഹൂർ പ്ലേറ്റ് നൃപതുംഗനെ രാമനു തുല്യമെന്ന് കീർത്തിക്കുന്നു. ഇത് ഒരു പക്ഷേ സിലോണിലേക്കും അദ്ദേഹം സൈനിക നീക്കം നടത്തിയിരിക്കാമെന്നതിന് സൂചനയാണ്.

രാജാവിന്റെ 8ആം വർഷത്തെ ബാഹൂർ പ്ലേറ്റ് അന്നത്തെ വിദ്യാഭ്യാസഗ്രാൻരിനെ പറയുന്നു. 3 ഗ്രാമം- ചേറ്റുപ്പാക്കം, ഇരൈപുനൈച്ചേരി, വിളാങ്കട്ടാംഗടുവനൂർ- പോണ്ടിച്ചേരിക്കടുത്ത അരുവാനാടിൽ ബാഹൂർ ഗ്രാമത്തിലെ വിദ്യാ ഭ്യാസർവ്വകലാശാല നടത്താൻ ദാനം ചെയ്തു. കുരുവംശത്തിലെ അംഗമായ പൂശാലികുടുംബ ത്തിലെ വ്യക്തിയാണ് ഈ ദാനം ചൊടുത്തത്. ഇദ്ദേഹം നൃപതുംഗവർമ്മന്റെ മന്ത്രി തുംഗവ ർമ്മനാണ്. ബാഹൂറിലെ വിദ്യാലയം 14 ഗണ മുള്ളതാണ്. ഗ്രാമത്തിലെ പണ്ഡിതരുടെ നിയന്ത്ര ണത്തിലാണ്. 14 ഗണം എന്നത് 4 വേദം, 6 വേദാംഗം, മീമാംസ, ന്യായം, പുരാണം, ധർമ്മ ശാസ്ത്രം ഇവയാണ്. നൃപതുംഗൻ തന്റെ നൃത്തമഹാദേവിയുടെ മകളെ കലിംഗത്തിലെ രാജാവിന് വിവാഹം കഴിച്ചു കൊടുത്തതായി ശരഭപുരിലിഖിതങ്ങളെ കുറിച്ച പഠനത്തിൽ ഞാൻ നേരത്തെ എഴുതിയിരുന്നത് ഓർക്കുക. ഈ പുസ്തകത്തിന്റെ ആദ്യം കലിംഗത്തെ കുറിച്ചാണ് പറഞ്ഞത്. അവസാനം പറയുന്ന പല്ലവരും കലിംഗരും തമ്മിലുള്ള വിവാഹ

ബന്ധം ഈ 2 രാജവംശവുമായുള്ള ബന്ധം കൂടി പറയുന്നു.

അപരാജിതവർമ്മൻ എഡി 875- 883

വെങ്കയ്യയുടെ അഭിപ്രായം നൃപതുംഗൻ തന്നെ യാണ് അപരാജിതവർമ്മനെന്നാണ്. ഗോപിനാഥ റാവു നൃപതുംഗന്റെ അപരനാമമെന്നും പറ ഞ്ഞു. തിരുവൊറ്റിയൂരിലും സത്യവേടുവിലും അപരാജിതന്റെ 3, 18 വർഷങ്ങളിലെ ലിഖിതങ്ങ ളുണ്ട്. അപരാജിതവർമ്മൻ അവസാനത്തെ പല്ലവരാജാവാണ്. അദ്ദേഹത്തിനു ശേഷം പല്ലവ രാജ്യവും, തിരുവൊറ്റിയൂരും ചോളരുടേതായി. കാവേരിപാക്കം, ഉത്തരമല്ലൂർ, ഒലക്കൂർ, ചെങ്ക ൽപേട്ടിന്റെ വിവിധഭാഗങ്ങൾ ഇവിടങ്ങളിലെ കമ്പവർമ്മ, ഈശ്വരവർമ്മ, വൈരമേഘ മുതലാ യ പല്ലവന്മാരുടേതാണ്. ഇവരെല്ലാം ഛിന്നഭിന്ന മായിക്കൊണ്ടിരുന്ന പല്ലവരാജ്യത്തിന്റെ വിവി ധഭാഗങ്ങളിൽ ഭരിച്ചിരുന്ന പല്ലവരുടെ ശാഖക ളിലെ ചെറിയ രാജാക്കന്മാരാവാം. ഗംഗരാജാവ് പൃഥ്വീപതിയുമായി ചേർന്ന് അപരാജിതപല്ലവ ൻ പാണ്ഡ്യരോട് നടത്തിയ യുദ്ധം ചരിത്രസംഭവ മാണ്. ഗംഗരാജാവ് പൃഥ്വീപതി 1 ന്റെ ധീരതയാ ണ് ഉദയേന്ദ്രം പ്ലേറ്റിലെ മുഖ്യപ്രതിപാദ്യം. ശ്രീ പുരമ്പിയത്തെ യുദ്ധത്തിൽ വരഗുണനെ പൃഥ്വീ പതി തോൽപ്പിച്ച് സുഹൃത്തായ അപരാജിതന്റെ അപരാജിതനെന്ന നാമം നിലനിർത്തി. സ്വന്തം ജീവൻ ത്യജിച്ചാണ് അദ്ദേഹം ഇത് ചെയ്തത്.

മൈസൂരിലെ പ്രദേശങ്ങളുടെ അധിപനും കോലാർ തലസ്ഥാനമാക്കിയവനുമായ പൃഥ്വീപതി എങ്ങനെ കുംഭകോണത്തിനടുത്ത് പാണ്ഡ്യനോടു യുദ്ധത്തിനു വന്നു എന്ന് ആദ്യകാലയൂറോപ്യൻ ചരിത്രകാരന്മാർ അത്ഭുതപ്പെട്ടത് അവരുടെ ഭാരതചരിത്രത്തെ കുറിച്ചുള്ള അറിവില്ലായ്മ മാത്രമാണ് കാണിക്കുന്നത്. ഗംഗപല്ലവരാജാവ് നൃപതുംഗവർമ്മന്റെ (ആംബൂർ ലിഖിതങ്ങൾ) സാമന്തനായിരുന്നു പൃഥ്വീപതി. അപരാജിതൻ ഗംഗപല്ലവനാണ്. മാത്രമല്ല, രാഷ്ട്രകൂടരാജകുമാരിയുമായുള്ള വിവാഹബന്ധവും ഗംഗാരാജാവിനെ ഗംഗപല്ലവനോടു ചേർന്ന് പാണ്ഡ്യനെതിരെ നീങ്ങാനുള്ള പ്രചോദനമായി വർത്തിച്ചു. ശ്രീപുരമ്പിയം .യുദ്ധം എഡി 880നോടടുത്താണ്.

തൊണ്ടൈമണ്ഡലം ചോളരുടേതാവുന്നത്:- ആദിത്യചോളന്റെ 21ആം ഭരണവർഷത്തിലാണ് ഇത് സംഭവിക്കുന്നത്. (തിരുക്കളുംകുന്റം ലിഖിതം) പരാന്തകന്റെ ഭരണാവസാനമായ എഡി 888 ലാണ് ആദിത്യന്റെ കിരീടധാരണം എന്ന് അനുമാനിക്കാം. എഡി 907ൽനിന്ന് 21 കിഴിച്ചാണ് ചരിത്രകാരന്മാർ ഈ നിഗമന്തിലെത്തിയത്. വിജയാലയചോളന്റെ മകൻ ആദിത്യചോള 1 അപരാജിതനായ പല്ലവനെ സൈന്യത്തോടുകൂടി പരാജിതനാക്കിയത് തിരുവാലങ്കാട് പ്ലേറ്റ് പറയുന്നു. അപരാജിതന്റെ മരണത്തോടെ പല്ലവരുടെ

തൊണ്ടമണ്ഡലം മുഴുവനും ചോളരുടെ അധീനത്തിലായി. തിരുത്തണി വിരട്ടാണേശ്വരക്ഷേത്രം ലിഖിതം അപരാജിതവർമ്മന്റെ 18ആം വർഷത്തിലാണ്. തമിഴിലുള്ള പദ്യരൂപമായ ലിഖിതം അപരാജിതൻ സ്വയം രചിച്ചവയാണെന്ന് കരുതപ്പെടുന്നു.

കമ്പവർമ്മന്റെ 20 ലിഖിതങ്ങൾ 6ആം ഭരണവർഷം മുതൽ 25ആം വർഷം വരെ ലഭിച്ചിട്ടുണ്ട്.
6ആം വർഷം- ഉത്തരമല്ലൂർ

8ആം വർഷം ഉത്തരമല്ലൂർ

10ആം വർഷം ഉക്കൽ

15ആം വർഷം ഉത്തരമല്ലൂർ

17ആം വർഷം കാവേരിപാക്കം

23ആം വർഷം ഉത്തരമല്ലൂർ

ഇവ പ്രധാനം. കമ്പവർമ്മൻ നൃപതുംഗവർമ്മന്റെ സഹോദരനാണെന്ന് ഹുൾട്ട്സ് അഭിപ്രായപ്പെടുന്നു. നൃപതുംഗവർമ്മൻ മരിച്ചപ്പോൾ ഇദ്ദേഹം വടക്കേ ആർക്കോട്ടിൽ സ്വതന്ത്രഭരണം പ്രഖ്യാപിച്ചു. കാഞ്ചിയിൽ ഭരിച്ചതിന് തെളിവില്ല.

പൊയ്യനൂരിലെ അഗസ്തീശ്വരം ക്ഷേത്രത്തിലെ 2 ശിലാലിഖിതം വൈരമേഘവർമ്മന്റേതാണ്.(ആർക്കോണം ജില്ല).വൈരമേഘനെന്നത് ദന്തിവർമ്മന്റെ ബിരുദമാണെന്നും വേറെ

രാജാവല്ലെന്നും വെങ്കയ്യ. വൈരമേഘതടാകം, വൈരമേഘവായ്ക്കാൽ എന്നും ഈ ലിഖിതത്തിലുണ്ട്. തെക്കേ ആർക്കോട്ടിലെ ഗിഞ്ചിതാലൂക്കിലെ മേലൈച്ചേരി പാറക്ഷേത്രലിഖിതത്തിലാണ് പല്ലവഗ്രന്ഥലിപിയിൽ ചന്ദ്രാദിത്യനാമം ഉള്ളത്. സിംഹപുരത്തെ ചന്ദ്രാദിത്യനാണ് ശ്രീശിഖരിപല്ലവേശ്വരക്ഷേത്രം നിർമ്മിച്ചതെന്നാണ് ലിഖിതം പറയുന്നത്. ഇവിടെ കാട്ടിരൈ വിജയനരസിംഹവർമ്മ, വിജയഈശ്വരവർമ്മ ഇവരുടെ ലിഖിതങ്ങളും ഉണ്ട്. അപരാജിതപല്ലവനോടുകൂടി പ്രധാനപല്ലവശാഖ അവസാനിച്ചു. അവരുടെ ഒരു ശാഖ നോലംബപല്ലവരെന്ന പേരിൽ, ത്രിനയനപല്ലവന്റെ വംശമെന്ന് അവകാശപ്പെട്ടുകൊണ്ട് നോലംബവാടി 32000 ൽ ഭരിച്ചിരുന്നു. മൈസൂരും ബെല്ലാരിയും ഇതിലുൾപ്പെട്ടിരുന്നു. ഇവരുടെ ശാഖ മൈസൂരിൽ 13ആം നൂറ്റാണ്ടുവരെ ഉണ്ടായിരുന്നു. ഹേമാവതി സ്തംഭലിഖിതം നോലംബവംശാവലിയിൽ അവർ ഈശ്വരവംശമാണെന്നും നിരവധി രാജാക്കന്മാരുണ്ടെന്നും പേരു സഹിതം തരുന്നു. മംഗല, സിംഹപോത, ചരുപൊന്നേര, നന്നിഗ, അന്നിഗ, ദിലീപ എന്നാണ് പേരുകൾ.

തെക്കേ ഇന്ത്യയിലെ പല്ലവഭരണകാലം സാമാന്യമായി പറഞ്ഞാൽ എഡി 200- 900 വരെ 8 നൂറ്റാണ്ടിലധികം നിലനിന്നു. ശതവാഹനരെ തുടർന്നുവന്ന ഇവരുടെ കാലത്ത് തമിഴുസാഹിത്യം,

സംഗീതം, ശിൽപ്പചിത്രകലകൾ ഇവയുടെ സുവ ർണ്ണകാലമായിരുന്നു. ഇവരുടെ ചുവടുപിടിച്ചാ ണ് പിൽക്കാലത്ത് ചോളന്മാർ തങ്ങളുടെ ഭരണ വും ശിൽപ്പവാസ്തുകലകളും രൂപീകരിച്ചത്. കേരളത്തിലെ പഴയ ക്ഷേത്രങ്ങളിൽ പല്ലവശൈ ലിയാണ് കാണുന്നത്. ചോളശൈലിയിലുള്ളവ കുറവാണ്. ശിലാലിഖിതങ്ങളും താമ്രപത്രലിഖി തങ്ങളും ഇക്കാലത്ത് ആരംഭിച്ചിട്ടുണ്ട്. ചരിത്ര ബോധം ചോളന്മാർക്ക് ഉണ്ടായത് ശതവാഹന, പല്ലവരാജാക്കന്മാരുടെ തുടർച്ചയായിട്ടാണ്. പല്ല വരുടെ ആദ്യകാലത്തെ ഹിരഹദഗല്ലി പ്ലേറ്റിൽ തന്നെ അവരുടെ ഭരണരീതി കാണാം. രാജാവ് ഭരണത്തിന്റെ ഉന്നതസ്ഥാനത്താണ്. പ്രാദേശികഗവർണ്ണർമാരും ഉദ്യാനം, പൊതുജ ലാശയം, വനം, മുതലായവ അടക്കം ഓരോ വകുപ്പിനും വകുപ്പദ്ധ്യക്ഷന്മാരും അർത്ഥശാ സ്ത്രത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഉണ്ടായി രുന്നു. കാഞ്ചീപുരത്തെ തലസ്ഥാനത്തുനിന്ന് അമരാവതിയിലെ പ്രാദേശികമുഖ്യന് രാജാവ് അയച്ച ശാസനം ഇന്നത്തെ ഭരണസംവിധാന ത്തേക്കാളും ഒട്ടും പിന്നിലായിരുന്നില്ല പഴയ ദക്ഷിണേന്ത്യയിലെ ഭരണസംവിധാനമെന്ന് കാണിക്കുന്നു. മൌര്യ, ഗുപ്തകാലത്ത് ഉത്ത രേന്ത്യയും അർത്ഥശാസ്ത്രം അനുശാസിക്കുന്ന ഈ രീതി തന്നെയാണ് സ്വീകരിച്ചത്. അതായത് ബിസി, എഡി എന്ന് കാലവ്യത്യാസമില്ലാതെ, ഉത്തരേന്ത്യ, ദക്ഷിണേന്ത്യ എന്ന് ഭേദമില്ലാതെ

ഒരു ഏകീകൃതഭരണസംവിധാനം ഇന്ത്യയെ ഏകോപിപ്പിച്ച് നിർത്തിയിരുന്നു. സാംസ്കാരികതലം, വ്യാപാരതലം, ഭരണതലം എന്നിങ്ങനെ എല്ലാ തലത്തിനും ഏകരാഷ്ട്രമായി ദേശാന്തരങ്ങളിലും പ്രസിദ്ധി നേടിയത് വെറും അധരവ്യാപാരമായിരുന്നില്ല.യുവരാജാക്കന്മാരും സൈന്യാധിപരും വിവിധവകുപ്പുകളുടെ അദ്ധ്യക്ഷന്മാരായി പരിശീലനം നേടി. തൊണ്ടമണ്ഡലത്തെ 24 കോട്ടമായി തിരിച്ചിരുന്നു. കാഞ്ചീപുരത്തുനിന്ന് ധർമ്മമഹാരാജാ ശിവക്കന്തവർമ്മൻ ഭരദ്വാദഗോത്രം അഗ്നിഷ്ഠോമ, വാജസനേയ,അശ്വമേധയജ്ഞാദികൾ നടത്തിയ രാജാവ് രാജകുമാരി, രാത്തിക)ജില്ലാതലവൻ), മാടമ്പ (കസ്റ്റംസ്),ദേശാധികൃത, അമാത്യ,അരക്കാധികൃത(സംരക്ഷണവുപ്പ് ഗാർഡ്) ഗ്രാമഭോജക, ദൂതക, സഞ്ചരന്തക (ചാരസംഘത്തലവൻ) ഭടമനുഷ്യർ ഇവർക്കെല്ലാം ശാസനം അയക്കുന്നു. ചിങ്കൽപേട്ട് ജില്ലാ മാമ്പലിൽ മെക്കന്സി 24 കോട്ടം പറയുന്നത്:- പുലൽകോട്ടം, ഇക്കൂത്തുക്കോട്ടം, മനവീര്കോട്ടം, സെങ്കാട്ടുകോട്ടം, പൈയ്യൂർകോട്ടം, എയിൽകോട്ടം, , കാഞ്ചീപുരത്തെ ദാമൽകോട്ടം, ഊത്തുക്കാട്ടുകോട്ടം, കളത്തൂർകോട്ടം, സെംബൂർ കോട്ടം,അംബൂർകോട്ടം, വെൺകുന്റക്കോട്ടം, പാലക്കുന്റക്കോട്ടം, ഇലങ്കാത്തുകോട്ടം, കലിയൂർകോട്ടം, സെങ്കരൈകോട്ടം, പടുവൂർകോട്ടം, കടിക്കൂർകോട്ടം, സെന്തിരുക്കൈ കോട്ടം, കുന്റവത്താനകോട്ടം,


വെങ്കടക്കോട്ടം, വേലൂർകോട്ടം, സേത്തൂർകോട്ടം, പുലിയൂർകോട്ടം. (എനിക്ക് ശ്രദ്ധയിൽപെട്ട രണ്ട് കാര്യം- ശ്രീകൃഷ്ണകാലത്ത് ഗോവർദ്ധനത്തിനു ചുറ്റും ഇപ്രകാരം 24 കോഷ്ഠമായിട്ടാണ് പ്രാദേശികവിഭജനം. രണ്ടാമതായി , കേരളത്തിലെ വെങ്കിപുരമെന്ന പാലക്കാട്ട് ജില്ല പല്ലവരാജ്യത്തിലാണ് പെട്ടിരുന്നതെന്നും അവിടത്തെ വെങ്കിടക്കോട്ട അഥവാ ശ്വേതദുർഗ്ഗം ഇപ്പോഴും ആ പേരിലുണ്ടെന്നതുമാണ്. ഭരണസംവിധാനത്തിന്റെ തുടർച്ചയിലും അത് ഇക്കാലത്തും തെളിവുസഹിതം നിലനിൽക്കുന്നതിലും ഭാരതത്തിന്റെ ചരിത്രബോധമോ ഒരുമയോ കാണാത്തവർ മരം മാത്രം കാണുന്നു, കാടു കാണുന്നില്ല എന്നതാണ്.)

രാഷ്ട്രങ്ങൾ മണ്ഡലങ്ങളും വിഷയങ്ങളും ആയി രാത്തന്മാരും വൈയഷികന്മാരും ഭരിക്കുന്നു. വിഷയം കോട്ടങ്ങളും കോട്ടം ഗ്രാമങ്ങളുമായി വിഭജിക്കുന്നു. ദേശാധികൃതരും വ്യാപിത്തന്മാരും ഗ്രാമികരുമാണ് ചുമതലക്കാർ, അമാത്യരും രഹസ്യാധികൃതരും രാജാവിനെ ഉപദേശിക്കുന്നു. ഗതാഗതമാർഗ്ഗങ്ങളിൽ സത്രവും മണ്ഡപവും മണ്ഡപത്തിൽ വാണിജ്യാവശ്യത്തിനുള്ള ചുമടുകളിൽനിന്ന് നികുതി പിരിക്കുന്ന മണ്ഡപികളും ഉണ്ടായിരുന്നു. ഇത് നേപ്പാൾ മുതൽ തെക്കേ അറ്റത്ത് കന്യാകുമാരി ജില്ല വരെ ഉണ്ടായിരുന്നത് ഭാരതം ഏകരാഷ്ട്രമായി

ഏകമായ ഭരണസംവിധാനം പിൻതുടർന്നിരുന്നതിന്നു തെളിവാണ്. തീർത്ഥികന്മാരെന്നാണ് ജലാശയങ്ങളും തീർത്ഥങ്ങളും സംരക്ഷിക്കുന്നവരുടെ ഔദ്യോഗികനാമം. കാടിന്റെ ചുമതല ഗുമികരിലായിരുന്നു. വനം വകുപ്പ് എന്ന് പറയാം. നൈക എന്നത് സംസ്കൃതത്തിലെ നായകനാണ്. സേനാപതിക്ക് തൊട്ടുതാഴെയുള്ള സൈനികോദ്യോഗസ്ഥനാണ് നായകൻ. വളരെ വിപുലമായ ഭരണസംവിധാനമാണെന്ന് ഇതെല്ലാം തെളിയിക്കുന്നു. കൌടില്യന്റെ അർഥശാസ്ത്രം, കാമന്ദകന്റെ നീതിശാസ്ത്രം, ശുക്രനീതി ഇവ പഠിക്കയും പഠിപ്പിക്കയും ചെയ്തിരുന്നത് ഭരണം സുഗമമാക്കിയിരുന്നു.

ചോളകാലത്തുള്ള സ്വയംഭരണപര്യാപ്തമായ ഗ്രാമസഭകൾ നമുക്ക് പരിചിതമാണ്. ഇവ പല്ലവകാലത്തും ഉണ്ടെന്നത് പലർക്കും അറിവുണ്ടാവില്ല. സഭകളും സമിതികളും ഗ്രാമത്തിലെ ധനസ്ഥിതി, കൃഷി, നീതി, ഭരണക്രമം, വിദ്യാഭ്യാസം ഇവയെല്ലാം നിരീക്ഷിച്ച് പ്രശ്നപരിഹാരം ചെയ്തിരുന്നു. അതിർത്തികളെല്ലാം ഓരോ ഗ്രാമത്തിന്റെ അധികാര, പ്രവർത്തനസീമകളെ കൃത്യമായി വിശ്ചയിച്ചിരുന്നു. പല്ലവരുടെ ഭൂമിസർവ്വേ ഇതിന്ന് ഉദാഹരണമാണ്. ഉറുവപ്പള്ളി പ്ലേറ്റിൽ ഇത്തരം ഭൂമിസർവ്വേക്ക് ഉദാഹരണം കാണാം. ബാഹൂർ പ്ലേറ്റിലും ഉദാഹരണമുണ്ട്. ബാഹൂർ പ്ലേറ്റിലെ ഗ്രാമാതിർത്തികളെ

ഡോ ഹുൾട്ട്സ് ഒരു ചിത്രമായി വരച്ചു, (എപ്പി ഗ്രാഫിക്ക ഇൻഡിക്ക വാള്യം 18 പേജ് 8-9) അതി നെ ഇപ്രകാരം നമുക്ക് കാണാം.



പോണ്ടിച്ചേരിക്ക് തെക്കാണ് ഈ പ്രദേശം. ഗ്രാമക്ഷേത്രത്തിനും ബ്രാഹ്മണർക്കുമുള്ള ദാനം കരമില്ലാതെയാണ്. അവർ വിദ്യാഭ്യാസം സൌ ജന്യഭക്ഷണം മുതലായവ ക്ഷേത്രനിത്യനിദാനം ഉൾപ്പെടെ അതിൽനിന്ന് എടുക്കുന്നതിനാലാമ് നികുതി ഒഴിവാക്കുന്നത്. അല്ലാതെ ജാതി, മത ഭേദം അനുസരിച്ചല്ല. ഹിരദകഹള്ളി പ്ലേറ്റിൽ ചില്ലേരക്കൊടുങ്കഗ്രാമം മധുരവും പുളിയുമുള്ള പാൽവിഭവങ്ങൾ , പഞ്ചസാര ഇവ കൊണ്ടു പോകുന്നതിനുള്ള നികുതിയിൽനിന്ന് ഒഴിവാ ക്കിയിരിക്കുന്നത് കാണാം. കാളപൂട്ടാനും , പുല്ലും വിറകും എടുക്കാനും അവർ കരം കൊടുക്കേണ്ടതില്ല. 18 വിധം കരവും അവർക്ക്

ഒഴിവാക്കി കൊടുത്തിട്ടുണ്ട്. എന്താണ് അഷ്ടാദശ പരിഹാരം അഥവാ 18 തരം നികുതി. മയിഡ വോലു ഗ്രാന്റ് ശിവക്കന്തവർമ്മന്റെ ശാസനമാണ് .വിരിപറ ഗ്രാമത്തിലെ ജനം ഉപ്പ് ഖനനം ഒഴികെ എല്ലാം ചെയ്യാനനുവാദമുള്ളവരായിരുന്നു. ഉപ്പ് ഖനനം ഗവർമ്മെന്റ് കുത്തകയാണ്. (ശതവാഹന കാലത്തും ഇങ്ങനെയാണ്) ഭടന്മാർ കയറി ദാനഭൂമിയെ ബുദ്ധിമുട്ടിക്കരുത് എന്നും ശാസനം കൊടുത്തിരുന്നു. പല നികുതിയും ജനങ്ങളുടെ സ്വതന്ത്രമായ ഇച്ഛയാലാണ് കൊടുത്തിരുന്നത്. ഉദാഹരണത്തിൻ തോട്ടക്കാർ പഴവും പൂവും, കൃഷിക്കാർ നെല്ലും ധാന്യവും, കായ്കറികളും, ക്ഷേത്രത്തിനും വഴിപോക്കർക്കും വിദ്യാർത്ഥി കൾക്കും അദ്ധ്യാപകർക്കും സൌജന്യമായി വഴിപെടലായി നൽകുന്നത്. ഇത് ജനത്തെ ബുദ്ധിമുട്ടിച്ചിരുന്നില്ല. തന്നാൽ കഴിവത് രാജ്യ ത്തെ സേവിക്കാനായി നൽകുക എന്ന ബോധമാ ണ് നികുതിക്ക് പിന്നിൽ പ്രവർത്തിച്ചത്. തെക്കേ ഇന്ത്യയിലെ സുവർണ്ണകാലമെന്ന് പല്ലവകാല ത്തെ വിളിച്ചത് ഇതിനാലാണ്. കളിമൺപാത്ര നിർമ്മാതാക്കൾ, എണ്ണമില്ലുകാർ, തട്ടാന്മാർ, മദ്യവാറ്റുകാർ വിവിധവസ്തുക്കളെ കമ്പോള ത്തിൽ വിൽക്കുന്നവർ ഇവരെല്ലാം പ്രൊഫഷ ണൽ ടാക്സ് അടച്ചിരുന്നു. പലപ്പോഴും അത് പണമാവണമെന്നില്ല. വസ്തുക്കളാവും. നെയ്ത്തുതറി, ഓരോന്നിനും നികുതി ഉണ്ട്. അടക്ക നികുതിഇനത്തിലാണ് പെടുക. ഇളം

പുച്ചി, പുത്തലി എന്ന് 2 നികുതി കാണാനുണ്ട്. പുച്ചി നികുതിപ്പരാണ്. ഇളവർ അഥവാ ഈഴവർ മദ്യം ഉണ്ടാക്കുന്നതിന് കൊടുക്കുന്ന പ്രൊഫഷൻടാക്സ് ആണത്. തിരുമുഖക്കാണം ദൂതന്മാർ രാജാവിനെ മുഖം കാണിക്കുമ്പോൾ കൊടുക്കുന്ന സമ്മാനമാണ്. ഉളവിയക്കൂലി കിണറു കുഴിക്കുന്നതിന് ജോലിക്കാർക്ക് കൊടുക്കുന്ന ശമ്പളമാണ്. പുത്തലി പാവനിർമ്മാണവുമായി ബന്ധപ്പെട്ടതാവണം. കന്നിത്തുക്കണം, അരികേലി, നെടുംപറൈ, ഊരെത്തു ഇവ എന്താണെന്ന് മനസ്സിലായിട്ടില്ല. നന്ദിവർമ്മ പല്ലവമല്ലന്റെ 52ആം വർഷത്തെ തണ്ടത്തോട്ടം പ്ലേറ്റിലെ തമിഴുഭാഗം പറയുന്നു:- എണ്ണമില്ലിനോ നെയ്ത്തുതറിക്കോ, നികുതി ഇല്ല, വിവാഹം, കളിമണ്ണു പണിക്കാരുടെ തീരേത്തു, തട്ടുകായം, മദ്യവാറ്റുകാരുടെയും ഇടയന്മാരുടേയും നികുതി, കച്ചവടസ്ഥലങ്ങളുടെ നികുതി,മാദ്ധ്യസ്ഥക്കൂലി, തിരുമുഖക്കാണം, ഉപ്പുണ്ടാക്കുന്നതിനുള്ള രാജഭോഗം, പശു,കാള, ചന്തയിൽ ഒരു കൊട്ട ധാന്യത്തിനുള്ള വട്ടിനാഴിക്കരം, ബുധനാഴി , അടക്ക വിൽക്കാനുള്ള നികുതി ഇവ രാജഭോഗമാണ്. ദമനകം നട്ടുവളർത്താം. ചുട്ട ഇഷ്ടിക കൊണ്ട് മാളികയോ വലിയ കെട്ടിടമോ പണിയാം. ജലസംഭരണികളും കിണറുകളും കുഴിക്കാം. തെങ്ങിൻതോട്ടം ഉണ്ടാക്കാനും വലിയ എണ്ണമില്ല് ഉപയോഗിക്കാനും അനുവാദമുണ്ട്.

പല്ലവരുടെ ഗ്രാമസഭകൾഃ- ആദമ്പാക്കം, അവ നിനാരായണചതുർവ്വേദിമംഗലം(കാവേരിപാക്കം), മണലി, തിരുവൊറ്റിയൂർ, കുറം, പെരുമുനൈയൂർ, തിരുവിപ്രമ്പേടു. അൻപിൽ, വെൺകുന്റം, ഉത്തരമല്ലൂർ, പെരുങ്കുളി, തിരുക്കോയിലൂർ, ഉക്കൽ എന്നിവിടങ്ങളിൽ പല്ലവകാലത്ത് ഗ്രാമസഭകളുണ്ടായിരുന്നു. ഇവർ ജലസംഭരണികൾ നിർമ്മിക്കയും അറ്റകുറ്റപ്പണി കാലാകാലം ചെയ്യുകയും ചെയ്തിരുന്നു. കേരളത്തിലും വന്ദേരിയിലെ പ്രധാനപുഞ്ചക്കൃഷിക്കുള്ള ജലസേചനപദ്ധതിയായ ബണ്ടുകളെ ഇപ്രകാരം ഗ്രാമസഭ സംരക്ഷിച്ചിരുന്നു. സാമൂതിരികൊച്ചി സംഘർഷകാലത്തുപോലും ഇപ്രകാരം സഹകരിച്ച് കൃഷി നടത്തിയത് ലോഗന്റെ മാന്വലിലുണ്ട്. ചിങ്കൽപേട്ട് ജില്ലയിലെ മാത്രം പല്ലവലിഖിതപഠനം വിവിധഗ്രാമസഭകളുടെ പ്രവർത്തനം പഠിക്കാൻ ഉപയോഗപ്പെട്ടു. ബ്രഹ്മദേയഗ്രാമത്തിലെല്ലാം സഭ ഉണ്ട്. അംഗങ്ങൾ കൂടുതലും ബ്രാഹ്മണരാണ്. ഉത്തരമല്ലൂർ ലിഖിതം സഭയുടെ പ്രാധാന്യം പറയുന്നു. മാരൻ ചടൈയന്റെ 31ആം വർഷത്തെ ഒരു ലിഖിതം സഭയിലെ അംഗത്വത്തിനു വെച്ച നിബന്ധന മറ്റു സ്ഥലങ്ങളിലൊന്നും കണ്ടിട്ടില്ല.

1 ഗ്രാമദാനത്തിൽ പങ്കു കിട്ടിയവരുടെ മക്കളിൽ മന്ത്രബ്രാഹ്മണത്തിൽ പാണ്ഡിത്യം ഉള്ളവനും

ധർമ്മം അറിയുന്നവനും സദാചാരിയും മാത്ര
മേ പിന്നീടും ഗ്രാമസഭയിലെ അംഗത്വത്തിന്
അർഹനാവുന്നുള്ളു. മക്കളായതു കൊണ്ടു
മാത്രം ഗ്രാമസഭയിലെ അംഗത്വം കിട്ടുകയില്ല.

2. സ്ത്രീധനമായോ അല്ലെങ്കിൽ വാങ്ങിയോ പങ്ക്
കിട്ടിയ പക്ഷം പൂർണ്ണഅംഗത്വം വേണമെങ്കിലും
ഈ നിയമം പാലിച്ചിരിക്കണം, ഭാഗികമായി
കിട്ടിയതിനോ വാങ്ങിയതിനോ ഈ ആനുകൂല്യ
മില്ല.

3. വേദമോ അതിലെ ഏതെങ്കിലും പരിശിഷ്ടമോ
അറിയുന്നവരെ മാത്രമേ സഭാംഗത്വത്തിന് തെര
ഞ്ഞെടുക്കാവു എന്ന് പങ്ക് വാങ്ങുന്നവർ അറി
ഞ്ഞിരിക്കണം. പുത്രീഭർത്താവിന് സ്ത്രീധനമാ
യി പങ്ക് കൊടുക്കുന്നവരും ഈ നിയമം അറി
യണം

4. ഗ്രാമസംബന്ധമായ കാര്യങ്ങളിൽ തീരുമാനം
എടുക്കണമെങ്കിൽ പൂർണ്ണമായ പങ്ക് ഉണ്ടാവ
ണം. അപ്രകാരമുള്ളവരെ മാത്രമേ സഭയിലേക്ക്
തെരഞ്ഞെടുക്കാവൂ. ഗ്രാമഭരണം സുതാര്യമാ
ക്കാനാണ് എല്ലാം അറിയുന്നവരും ധർമ്മിഷ്ഠ
രും സദാചാരികളും ആകണമെന്ന നിയമം
വെച്ചത്.

5. ഇപ്രകാരം അംഗത്വം നേടി സഭയിലെത്തി
യവർ സഭാപ്രവർത്തനങ്ങളെ തടയാനോ ഏതു

ക്ഷേമപ്രവർത്തനം വരുമ്പോളും അതിനെ നിരാകരിക്കാനോ പാടില്ല.

6 ഇപ്രകാരം ചെയ്യുന്നവരും അവരെ പിന്തുണക്കുന്നവരും ഓരോ തടസ്സത്തിനും അഞ്ച് കാശു വീതം പിഴ അടക്കണം.

ഗ്രാമജീവിതവുമായി ബന്ധപ്പെട്ടാണ് സഭാപ്രവർത്തനം. ്ലവലിഖിതങ്ങളിൽ നിന്നാണ് സഭ ക്ഷേത്രസംവിധാനത്തിലൂടെ ഗ്രാമഭരണം എപ്രകാരം ധാർമ്മികമായി നടത്തി എന്ന് നാം മനസ്സിലാക്കുന്നത്. ഗ്രാമത്തിലെ ജലസംഭരണികൾ, കുളം, തടാകം, കിണർ, ഇവയെല്ലാം സഭ കൃത്യമായി അറ്റകുറ്റപ്പണി നടത്തിയും പുതിയവ നിർമ്മിച്ചും വന്നിരുന്നു. ജലസേചനം, മഴവെള്ള സംഭരണം ഇവ കൃത്യമായി നടത്തുന്നതിനാൽ കൃഷി നടത്താനും വെള്ളപ്പൊക്കം തടയാനും കഴിഞ്ഞിരുന്നു. കാഞ്ചീപുരത്തിനടുത്ത് കുറം എന്ന സ്ഥലത്ത് പരമേശ്വരതടാകം ആർക്കോണത്തിനടുത്ത് മഹേന്ദ്രവാടിയിലെ മഹേന്ദ്രതടാകം, തിരൈയനേരി, ഉത്തരമല്ലൂരിലെ വൈരമേഘ തടാകം, മധുരാന്തകം താലൂക്കിലെ ചിത്രമേഘ തടാകം, വെള്ളേരി , മാമണ്ടൂർ തടാകം ഇവ ഇപ്രകാരം പണ്ട് പണിതവയാണ്. വളരെ കാലം ജലസേചനത്തിന് ഇവതന്നെയാണ് ഉപയോഗിച്ചുപോന്നത്. ചോളകാലത്തും ഇത്തരം പ്രവർത്തനം തുടർന്നു. ഒരു പക്ഷേ ആദ്യസംഘകാലത്ത് കരികാലചോളനും ത്രിനയനപല്ലവനും

തമ്മിലുള്ള കാവേരി കല്ലണ പ്രശ്നം ഇത്തരം ഒരു നിർമ്മാണപ്രവർത്തനത്തിന്റെ ആദ്യഉദാഹരണമാകാം. പല്ലവന് അന്ന് ചോളന്റെ നിർമ്മാണപ്രവർത്തനം തടയുകയാണ് ചെയ്തത്. കേരളത്തിലെ തടാകം, കുളം, ഏരി മുതലായ ജലസേചനപദ്ധതികളും കായലുകളിലെ ബണ്ടുകളും എല്ലാം ഇപ്രകാരം ഗ്രാമസഭകളിലെ വിദഗ്ധരുടെ തീരുമാനപ്രകാരം നിര്മ്മിക്കയും കാലാകാലം പുനരുദ്ധരിക്കയും ചെയ്തിരുന്നു. ഇപ്പോളും അവയിൽ പലതും, പ്രത്യേകിച്ചും അമ്പലക്കുളങ്ങൾ- നിലനിൽക്കുന്നുണ്ട്. ഗ്രാമസഭയിലേക്കും രാജസഭയിലേക്കും അറിവുള്ളവരും പരിചയസമ്പന്നരും സദാചാരികളുമാവണം തെരഞ്ഞ്ര്െടുക്കപ്പെടേണ്ടത് എന്ന നിയമം അത്രയും മുമ്പേ നമുക്ക് ഉണ്ടായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ് അത് ഇല്ലാതായത്. ജലസേചനത്തിനായി ഉണ്ടാക്കിയ വായ്ക്കാലുകൾ പെരുമ്പിടകു വായ്ക്കാല്, വൈരമേഘവായ്ക്കാൽ എന്നെല്ലാമാണ് പല്ലവലിഖിതങ്ങളിൽ പറയുന്നത്. കേരളത്തിൽ വായ്ക്കാലുകളുണ്ട്. ഇവയും പല്ലവകാലത്തോ അതിന്നുമുമ്പോ ഉണ്ടാക്കിയതാവാം. ഗായത്രിപ്പുഴയിൽനിന്നുള്ള വായ്ക്കാലുകൾ വരവൂരിലെ കുലശേഖരപുരം തളിക്കടുത്ത് കാണാം.ഇതിന്നുള്ള തൊഴിലാളികളും അവരുടെ മേൽനോട്ടക്കാരുമായ വ്യക്തികളെ പല്ലവലിഖിതങ്ങൾ പറയുന്നുണ്ട്. ഉത്തരമല്ലൂരിലെ വൈരമേഘതടാകം

ഉത്തരമല്ലൂർ സഭാനടപടികളിൽ ഒന്നിലധികം തവണ പ്രത്യക്ഷമാകുന്നുണ്ട്. ദന്തിവർമ്മൻ, വിജയകമ്പവർമ്മൻ ഇവരുടെ കാലത്ത് ഈ തടാകം അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. കൃഷിയും ജലസേചനവും ഗ്രാമസഭയുടെ പ്രാഥമികപ്രവർത്തനമണ്ഡലമാണ്.

ക്ഷേത്രസ്വത്തും ഭരണവുമാണ് മറ്റൊരു ചുമതല. ക്ഷേത്രനിർമ്മിതിക്കും സംരക്ഷണത്തിനും നിത്യനിദാനത്തിനും ധാരാളം തൊഴിലാളികളുടെ വിദഗ്ദ്ധസേവനം വേണ്ടിയിരുന്നു. ആശാരിമാരും ശിൽപ്പികളും കർഷകരും തോട്ടക്കാരും പുഷ്പമാല കെട്ടുന്നവരും പൂജക്കാരും അതുപോലെ നിരവധി ജോലിക്കാരും ക്ഷേത്രത്തെ ചുറ്റിപ്പറ്റിയാണ് ഉപജീവനം കഴിച്ചിരുന്നത്. ഗ്രാമത്തിലെ സകല ജനവും ക്ഷേത്രവുമായി ബന്ധപ്പെട്ട് ജീവിച്ചു. രാജസിംഹനും പരമേശ്വരവർമ്മനും ഇതിനായി ഒരു പ്രത്യേകക്ഷേത്രസഭ തന്നെ രൂപീകരിച്ചിരുന്നു. ക്ഷേത്രത്തിന്റെ വയലുകളിൽനിന്ന് ലഭിക്കുന്ന ധാന്യം, ഫലങ്ങളെന്നിവയുടെ ഒരു വിഹിതം ക്ഷേത്രത്തിലെ സൌജന്യഭക്ഷണത്തിനും നിവേദ്യത്തിനുമായി ഗ്രാമീണർ സ്വമേധയാ കൊടുത്തിരുന്നു. സ്വശക്തിക്കനുസൃതമായി കൊടുക്കുന്ന ഈ വഴിപെടൽ എന്ന നികുതി ആർക്കും ഉപദ്രവമായില്ല. നെല്ലും പാലും വെണ്ണയും നെയ്യും പുഷ്പവും മറ്റെല്ലാ വസ്തുക്കളും ഇപ്രകാരം ക്ഷേത്രത്തിൽ പ്രജകൾ തന്നെ

എത്തിച്ചിരുന്നു. അവ സൂക്ഷിക്കയും ഉപ യോഗിക്കയും, എന്തെങ്കിലും അവിചാരിതം മായ ക്ഷാമമോ വെള്ളപ്പൊക്കമോ വന്നാൽ നാട്ടിനു മുഴുവനും ലഭിക്കുന്നവിധം പ്രവ ർത്തനം നടത്തുകയും ചെയ്തിരുന്നു. ഇതുപോ ലെ സ്വർണ്ണം നാണ്യം മുതലായവ ശേഖരിച്ച് സൂക്ഷിച്ച് രാജ്യത്തിന് അത്യാവശ്യം വരുമ്പോൾ രാജാവിന് തിരിച്ചടക്കാമെന്ന വ്യവസ്ഥയിൽ ക്ഷേത്രം കടം കൊടുക്കുകയും ചെയ്തിരുന്നു. ക്ഷേത്രം രാജഭണ്ഡാരമായി പ്രവർത്തിച്ചിരുന്നു. എഡി 190ൽ ചിലപ്പതികാരം എഴുതുന്ന കാല ത്തും യാദവന്മാരായ ഇടയന്മാർ ക്ഷേത്രത്തിലേ ക്ക് കൃത്യസമയത്തേക്ക് പാലും നെയ്യും എത്തി ക്കുന്നത് കാണുന്നതിനാൽ ഇത് പല്ലവരുടെ മുമ്പും നിലവിലിരുന്നു എന്ന് മനസ്സിലാക്കണം. കമ്പവർമ്മന്റെ 21ആം വർഷലിഖിതത്തിൽ ജലസംഭരണികളെ സംരക്ഷിക്കുന്ന സഭാംഗങ്ങ ളെ ഏരിവാരിയപെരുമക്കൾ എന്നാണ് പറ യുന്നത്. വാരിയം എന്നത് ക്ഷേത്രത്തിലെ നിത്യ നിദാനജോലികളെ കൃത്യമായി പാലിക്കുന്ന ഉദ്യോഗസ്ഥരുടെ പേരാണ്. കേരളത്തിലും ഇപ്ര കാരമാണ് എന്ന് പറയേണ്ടതില്ല. ദന്തിവർമ്മന്റെ ട്രിപ്ലിക്കേൻ ലിഖിതത്തിൽ (12ആം വർഷം) കുല ങ്കിളാരെന്ന ക്ഷേത്രസംരക്ഷണസഭ കരുമാരച്ചേരി യിലെ വയൽ പണയം വെച്ചതിനാൽ ക്ഷേത്ര ത്തിലെ നിത്യനിദാനം നിലച്ചുപോയി. പുഗ ൾത്തുണൈ വിശ്ലിയരായൻ പണയം വെച്ച ഭൂമി

തിരിച്ചെടുത്ത് ക്ഷേത്രത്തിനു കൊടുത്ത് നിത്യ നിദാനം മുടങ്ങാതെ രക്ഷിച്ചു. വൈശ്യ, ദേവദാസീഗണം, രാജാക്കന്മാർ എന്നിവരാണ് ഇപ്രകാരം അത്യാവശ്യസമയത്ത് ക്ഷേത്രത്തിന് ഉപകാരമായി നിന്നത്.

പല്ലവകാലത്ത് ആഴ്വാരും അടിയാരും തമിഴ് സാഹിത്യം പോഷിപ്പിച്ചു. സംസ്കൃതവും വളരെ അധികം പോഷിക്കപ്പെട്ടു. പ്രശസ്തികളിൽ സംസ്കൃതശ്ലോകങ്ങൾ കാണാം. ക്ലാസിക്കൽ കവികളുടെ ശൈലിയിലാണ് പ്രശസ്തികളെല്ലാം. രണ്ടാം നൂറ്റാണ്ടിനു മുമ്പേ കാഞ്ചി സംസ്കൃതപഠനകേന്ദ്രമെന്ന് പ്രശസ്തി കേട്ടതാണ്. കാഞ്ചീപുരം എന്ന പദത്തിന്റെ ഉൽപ്പത്തി പാണിനി വിവരിക്കുന്നുണ്ട്. പാണിനികാലത്തും കാഞ്ചീപുരം സംസ്കൃതപഠനത്തിന് പ്രശസ്തമാണ്.സംഘകാലത്ത് തിരുവനന്തപുരം പത്മനാഭക്ഷേത്രത്തിലെ അരവണ അടികൾ കാഞ്ചിയിലും പഠിപ്പിച്ചിരുന്നു. ന്യായപ്രവേശം എഴുതിയ ദിന്നാഗൻ കാഞ്ചിയിൽ താമസിച്ചിരുന്നു. ഇത് പല്ലവകാലത്താവാം. കദംബമയൂരശർമ്മൻ വേദപഠനം പൂർത്തിയാക്കാൻ കാഞ്ചിയിലാണ് വന്നത്. അവന്തിസുന്ദരികഥപ്രകാരം ഗംഗാരാജാവ് ദുർവ്വിനീതന്റെ സഭയിൽ ഭാരവി ഉണ്ടെന്ന് കേട്ട സിംഹവിഷ്ണു അദ്ദേഹത്തെ തന്റെ സഭയിലേക്ക് ക്ഷണിക്കയുണ്ടായി. ഭാരവിയുടെ കിരാതാർജ്ജുനീയം ഇക്കാലത്ത്

രചിക്കപ്പെട്ടു. മഹേന്ദ്രവർമ്മപല്ലവന്റെ മത്ത വിലാസപ്രഹസനം സംസ്കൃതഭാഷയിലാണ്. കുടുമിമലയിലെ സംഗീതലിഖിതം, തൃശ്ശിനാപ്പ ള്ളി പാറലിഖിതത്തിലെ സുന്ദരമായ സംസ്കൃത പദ്യം, ദണ്ഡിയുടെ കാഞ്ചിവാസം. മഹാമല്ലപുര ത്തെ മനോഹരശിൽപ്പവിദ്യ, ഇങ്ങനെ നിരവധി യാണ് അദ്ദേഹത്തിന്റെ കാലത്തെ കലകളുടേയും സാഹിത്യത്തിന്റേയും സുവർണ്ണകാലമാക്കിയത്. മാതൃദത്തനെന്ന കവിപണ്ഡിതനും, രാമശർമ്മ നും ദണ്ഡിയുടെ സുഹൃത്തുക്കളാണ്. അവരും കാഞ്ചിയിൽ താമസിച്ചിരുന്നു. മലബാറിൽ നിന്നു കിട്ടിയ മുദ്രാരാക്ഷസത്തിന്റെ പതിപ്പിൽ രാജസിംഹരചിതമെന്ന് കാണുന്നു. ഇമാം സാഗരപര്യന്താം ഹിമവദ്വിന്ധ്യകുണ്ഡലാം പൃഥ്വ്യോമേകാതപത്രംഗാം രാജസിംഹഃ പ്രശസ്തുനഃ എന്നാണ് കാണുന്നത്. തേവാരവും നാലായിരപ്രബന്ധവും തമിഴിനെ സമ്പന്നമാക്കു ന്നതും പല്ലവകാലത്താണ്. പല്ലവരുടെ മുമ്പ് മരം ഇഷ്ടിക ഇവകൊണ്ടുള്ള നിർമ്മിതികളാണ് പ്രിയമായിരുന്നത്. ശിലാഗൃഹനിർമ്മിതി പല്ലവരുടെ സംഭാവനയാണ്. ചോളർ അതിനെ വികസിപ്പിച്ചെടുക്കുകയാണ് ചെയ്തത്. ചാരുദേവിയുടെ ലിഖിതമാണ് ആദ്യമായി ശിലാഗൃഹനിർമ്മിതി പരാമർശിക്കുന്ന പല്ലവലിഖിതം.

നാസിക് പുലുമായി ലിഖിതം, രുദ്രദാമന്റെ ജുനഗഡ് പാറലിഖിതം, പുലുമാവിയുടെ മിയാകദോനി ലിഖിതം, (ആന്ധ്ര ശതകർണ്ണി) ഇവയിലെല്ലാം പല്ലവനാമമുണ്ട്. ജുനഗഡ് ലിഖിതം സുദർശനതടാകം നിർമ്മിച്ചത് കുലൈപപുത്രൻ സുവിശാഖനും പല്ലവനുമാണെന്ന് പറയുന്നു. പല്ലവൻ ആനർത്ത, സുരാഷ്ട്രദേശങ്ങളെ ഭരിക്കാനും ചുമതലപ്പെട്ടവനാണ്. പുലുമാവിയുടെ മിയാകദോനി ലിഖിതം പല്ലവസേനാപതി കന്തനാഗത്തെ പറയുന്നു. ഹിരദകഹല്ലി, മയിദവോലു പ്ലേറ്റുകൾ ശിവക്കന്തവർമ്മന്റെയാണ്. ഇവ പല്ലവരുടെ ആദ്യകാലലിഖിതങ്ങളാണ്. ശതവാഹനരുമായി പല്ലവരുടെ ബന്ധം കാണിക്കുന്നവയാണ്. ചാരുദേവിയുടെ ലിഖിതം പല്ലവവംശാവലിയിലെക്ക് വെളിച്ചം വീശുന്നതും പല്ലവരും ശതവാഹനരെപ്പോലെ സ്ത്രീകൾക്ക് ഭരണം ഉൾപ്പെടെ എല്ലാ അധികാരവും കൊടുത്തിരുന്നവരുമാണെന്ന് കാണിക്കുന്നു. അലഹബാദ് സ്തംഭലിഖിതം സമുദ്രഗുപ്തകാലത്ത് കാഞ്ചി വിഷ്ണുഗോപനെ പറയുന്നു.പാലക്കാട്, വെങ്കി, കാഞ്ചി എന്ന മൂന്നു പല്ലവകേന്ദ്രത്തിലെ രാജാക്കന്മാരും സമുദ്രഗുപ്തനെതിരെ പട നയിച്ചതായി ആ ലിഖിതം കാണിക്കുന്നു.

മഹാവംശം

ഹത്തദത്ത 2 (ഹസ്തദത്ത) മരിച്ച് മാനവമ്മ രാജാവായി. മഹാസമ്മതവംശത്തിലെയാണ്. കസ്സപപുത്രനാണ്. കസ്സപനാണ് തുപരാമനെ നശിപ്പിച്ച രാജാവ്. മലയരായന്റെ മകൾ സംഘയാണ് അദ്ദേഹത്തിന്റെ ഭാര്യ. വടക്കെ മുനമ്പത്ത് പഹസ്യമായി ഈ രാജകുമാരിയെടു കൂടി താമസിക്കുന്നത് ഹത്തദത്തൻ കേട്ടു. അപ്പോൾ ഭയപ്പെട്ട മാനവമ്മ ഭാരതത്തിലെത്തി നരസിംഹനെ കണ്ടു. രാജാവിന്റെ സൌഹൃദം സ്ഥിരമായപ്പോൾ ഭാര്യയേയും ഭാരതത്തിലേക്ക് കൊണ്ടുവന്നു.കാടുവെത്തി മാനവമ്മന് സൌ ഹൃദവും രാജ്യവും കൊടുത്തു. ഭാര്യ സംഘയി ൽ മാനവമ്മന് 4 കുട്ടികളുണ്ടായി. ഒരിക്കൽ രാജാവ് ആനപ്പുറത്ത് സഞ്ചരിക്കവെ ഇളനീ ർകുടിച്ച് തൊണ്ടിൽ ബാക്കിവന്നത് മാനവമ്മന് കുടിക്കാൻ കൊടുത്തു. അന്യന്റെ എച്ചിൽ കുടിക്കുന്നതിന് തന്നെ രാജാവ് പ്രേരിപ്പിച്ചത് അപമാനിക്കലാണെങ്കിലും, അതിലെന്തിരിക്കു ന്നു എന്ന് വിചാരിച്ച് മാനവമ്മൻ അത് കുടിച്ചു. രാജാവ് താൻ ചെയ്ത തെറ്റ് മനസ്സിലാക്കി, സുഹൃത്തിനെ സമാധാനിപ്പിക്കാനായി ആ തൊണ്ട് വാങ്ങി അതിലെ ബാക്കി താനും കുടിച്ചു. അവരുടെ സൌഹൃദം വളരെ ദൃഢമായി. ഭക്ഷണത്തിനും താമസത്തിലും ബഹുമാനത്തിലും തനിക്ക് തുല്യമായ പദവി മാനവമ്മന് നരസിംഹൻ കൊടുത്തു. വല്ലഭനുമായുള്ള യുദ്ധത്തിൽ മാനവമ്മന്

മരണം സംഭവിക്കരുതെന്ന് കരുതി നരസിംഹൻ മ്നവമ്മനെ കൂടെ കൊണ്ടുപോയില്ല. മരണവും ജീവിതവും സുഹൃത്തായ രാജാവിനോടു കൂടി എന്ന് ഉറപ്പിച്ച് മാനവമ്മനും പിന്തുടർന്നു. ഇപ്ര കാരം വിശ്വസ്തത കാട്ടിയ മാനവമ്മനെ നരസിം ഹൻ ലങ്കയിലെ സിംഹാസനത്തിലിരുത്തി. ദത്തോപ തിസ്സ നരസിംഹൻ ലങ്കയെ ആക്ര മിക്കുന്നത് കേട്ടതും ഓടിപ്പോയി. മാനവമ്മൻ വീണ്ടും ഭാരതത്തിലെത്തി നരസിംഹന്റെ സേവ കനായതും നരസിംഹൻ അദ്ദേഹത്തെ കപ്പലിൽ അനുഗമിച്ച് ലങ്കയിലെത്തിച്ച് അവിടെ സ്ഥിരമാ യി കിരീടധാരണം ചെയ്യിച്ചതും നേരത്തേ പറ ഞ്ഞു. മാനവമ്മൻ സിലോണിൽ നിരവധി ചൈ ത്യവിഹാരങ്ങളും കെട്ടിടങ്ങളും പണിയിച്ചു.

അവന്തിസുന്ദരികഥ

സിംഹവിഷ്ണുവംശത്തിലെ രാജാക്കന്മാരും സംസ്കൃതത്തിലെ പ്രമുഖകവികളും തമ്മിലു ള്ള ബന്ധം ഈ ഗ്രന്ഥം പറയുന്നു. ദണ്ഡിയാണ് ഇത് എഴുതിയത്. സാഹിത്യ ചരിത്രത്തിൽ ഇതിനുള്ള പ്രാധാന്യം തന്റെ അവന്തിസുന്ദരീ കഥാസാരത്തിൽ രാമകൃഷ്ണകവി പറയുന്നു ണ്ട്. ഭാരവിയും ദണ്ഡിയും തമ്മിലുള്ള ബന്ധം ഇതിലുണ്ട്. ദണ്ഡിയുടെ മുത്തശ്ശന്റെ അഛൻ ഗോപാലൻ ഭാരവിയുടെ സതീർത്ഥ്യനായിരുന്നു. ദക്ഷിണേന്ത്യയിലെ 3 പ്രധാനരാജാക്കന്മാരായ ബാദാമിയിലെ വിഷ്ണുവർദ്ധന (ജയസിംഹന്റെ

പിതാവ്), ദുർവിനീത (ഗംഗവംശം) ഇവരുമായി ഈ രണ്ടുപേരും നല്ല സൌഹൃദമായിരുന്നു. ദുർവിനീതൻ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. കിരാതാർജ്ജുനീയത്തിന്റെ 15ആം സർഗ്ഗം ദുർവ്വിനീതൻ വ്യാഖ്യാനിച്ചിട്ടുണ്ട്. ബൃഹദ്കഥക്ക് സംസ്കൃതപരിഭാഷ രചിച്ചിട്ടുണ്ട്.

ഉപസംഹാരം

നാം ആരംഭിച്ചത് അശോകൻ നശിപ്പിച്ചുകളഞ്ഞ കലിംഗത്തിന്റെ ചരിത്രം മുതലാണ്. സമുദ്രഗുപ്തകാലത്ത് പല്ലവവംശത്തിലെ വിഷ്ണുഗോപനെ പറയുന്നതും ആന്ധ്രശതകർണ്ണികാലത്ത് പല്ലവവംശം പ്രബലമായതും തുടർന്ന് അവരുടെ വളർച്ച, തളർച്ച, സാംസ്കാരികവും കലാപരവും ആയ പ്രവർത്തനം, അന്നത്തെ ഭരണ സംവിധാനം ഇവയെല്ലാം കണ്ടു. ഈ സംവിധാനമെല്ലാം അർത്ഥശാസ്ത്രകാലം മുതലുണ്ടെന്ന കാര്യവും കണ്ടു. ഇനി നമുക്ക് പല്ലവരുടെ സംസ്കൃതി ചോളരിലേക്ക് പകർന്നുകിട്ടിയതാണ് പഠിക്കേണ്ടത്. ചേരചോളന്മാരുടെ സംസ്കൃതിയും അതിൽ ഗംഗവംശത്തിനുള്ള പങ്കും അടുത്ത സീരീസിൽ പറയാം.
കേരളചരിത്രത്തിലെ പ്രധാനമായ ഏടുകളാണ് നാം ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളം എന്നാൽ ഇപ്പോഴത്തെ കേരളസംസ്ഥാനം മാത്രമല്ല. വിപുലമായ തമിഴകത്തിന്റെ, ദക്ഷിണാപഥത്തിന്റെ അവിഭാജ്യഘടകമായി

ഭാരതത്തോടു ചേർന്നു മാത്രം ചരിത്രം പഠിക്കാനാവുന്ന യൂണിറ്റ് ആണ് എന്നതാണ് അവസാനവാക്യമായി നാം മനസ്സിലാക്കേണ്ടത്.

References:

1. **History of Pallavas of Kanchi R Gopalan M.A. Ed S Krishnaswami Aiyangar. Madras uty Historical series. 3. 1928**
2. **History of Ancient Education in India Nalanda and Valabhi** https://www.academia.edu/63816255/Education_in_ancient_India_Valabhi_and_Nalanda_Universities
3. **Epigraphica Indica volumes 1-10**
4. **Inscriptions of Andhra Dr Suvarna Nalapat Trust** https://archive.org/details/inscriptions-of-andhra
5. **South Indian Inscriptions. Karnataka** https://archive.org/details/inscriptions-south-india
6. **Kerala History part 1. Pallavas Their timespan and Inscriptions. 16.**https://archive.org/details/kerala-history-part-1-pallavas-their-timespan-and-inscriptions-converted
7. **Sapthasaindhavam 18.**https://archive.org/details/dr-suvarna-nalapat-trust-1_20200501_20200501_0224
   Reference: Early inscriptions of Bihar and Orissa. Patna University Readership lectures 1926-27 Ananthaprasad Banerji Sasthri .